

“നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ”
*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20,1887

വാല്യം 89 ലക്കം 10 ഏപ്രിൽ 2017

## ഉള്ളടക്കം


ഇടയലേഖനം - PL-26-248 .......... 07
സർക്കുലർ - 17-172-247 .......... 14
സർക്കുലർ (കെ.സി.ബി.സി.) .......... 16
സൗത്ത് ആഫ്രിക്കൻ മിഷൻ സന്ദർശനം .......... 23
കച്ചേരിക്കാര്യം .......... 30
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് .......... 33
പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലി .......... 35
അനുസ്മരണം - ഫാ. വർഗീസ് വാണിയപ്പുരയ്ക്കൽ ... 37
അനുസ്മരണം - ഫാ. ജേക്കബ് കുളംകുത്തിയിൽ ...... 40
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി .......... 42
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ .......... 43
സന്ദേശനിലയം .......... 45
ചെറുപുഷ്പ മിഷൻലീഗ് .......... 48
കെ.സി.എസ്.എൽ. .......... 51
ഫാമിലി അപ്പോസ്തലേറ്റ്. .......... 52
യുവദീപ്തി - എസ്.എം.വൈ.എം. .......... 57
ആത്മതാകേന്ദ്രം .......... 58
ചാസ് .......... 60
ചാരിറ്റി വേൾഡ് ട്രസ്റ്റ് .......... 66
കരിസ്മാറ്റിക് നവീകരണ വാർത്തകൾ .......... 68
ദലിത് കത്തോലിക്കാ മഹാജനസഭ .......... 70
വിൻസെൻഷ്യൻ വേദി .......... 71
ആവേമരിയ .......... 73
ഫ്രാൻസിസ്കൻ അല്മായസഭ .......... 75
മീഡിയാവില്ലേജ് കമ്മ്യൂണിക്കേഷൻസ് .......... 77
പൗരോഹിത്യ ആദ്ധ്യാത്മികത .......... 79
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 86
Engagements. .......... 89



Annual Subscription: Rs. 120/-



ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org




**ഏവർക്കും**
**ഉയിർപ്പുതിരുനാൾ മംഗളങ്ങൾ!**

17. PL. 26-248

## ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സന്ന്യാസിനീസന്ന്യാസികൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

# പെസഹാ ആഴ്ചയും ആചരണവും

പ്രിയബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

വലിയ നോമ്പാചരണത്തിന്റെ അവസാന കാഘട്ടത്തിലാണല്ലോ നമ്മൾ. അനുതാപത്തിനും അനുരഞ്ജനത്തിനും ജീവിതനവീകരണത്തിനും പ്രത്യേക പ്രാധാന്യം നൽകുന്ന നോമ്പാചരണം ഫലപ്രദമായി നടത്തി ആത്മീയശക്തിയിൽ പുഷ്ടിപ്പെടാൻ കൂടുതൽ തീവ്രമായി പരിശ്രമിക്കേണ്ട ദിനങ്ങളാണ്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം ഇവ വഴി ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധം ദൃഢപ്പെടുത്താൻ നമ്മൾ കൂടുതലായി ശ്രദ്ധിക്കേണ്ട അവസരം. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളിൽ അടിയുറച്ചും ദൈവവചനം ശ്രവിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാനയിലും കൂദാശകളിലും സജീവമായി പങ്കുചേർന്നും ദൈവത്തിന്റെ ആയുധങ്ങൾ ധരിച്ച് തിന്മയ്ക്കെതിരേ അടരാടാൻ നമ്മെത്തന്നെ നാം സജ്ജരാക്കുന്ന സുപ്രധാന ദിനങ്ങൾ. ഈശോയെപ്പോലെ പ്രലോഭനങ്ങളെ അതിജീവിക്കാൻ നമുക്കതു കരുത്താകും.

നോമ്പാചരണത്തിന്റെ സമാപനഘട്ടമാണല്ലോ പീഡാനുഭവ ആഴ്ച അഥവാ പെസഹാആഴ്ച. നമ്മുടെ വിശ്വാസജീവിതപാതയിൽ നിന്ന്

നമ്മെ വ്യതിചലിപ്പിക്കുന്ന ലൗകികതാൽപര്യങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് ഈശോമിശിഹായെ പൂർണ്ണമായും പിഞ്ചെല്ലാൻ നമുക്കു സാധിക്കണം. പണത്തിനും ലഹരിവസ്തുക്കൾക്കും ശരീരത്തിന്റെ ദുരാശകൾക്കും നാം അടിമകളാകരുത്. തിന്മയുടെ എല്ലാ അടിമത്തങ്ങളിൽ നിന്നും നമുക്കു മോചനം നൽകാനാണല്ലോ ഈശോ പാപപ്പരിഹാരബലിയായി സ്വന്തം ജീവനർപ്പിച്ചത്. മനുഷ്യന്റെ അധികാരമോഹങ്ങൾ വരുത്തിക്കൂട്ടുന്ന തിന്മ കൾക്കു പരിഹാരമായി ഈശോ സ്വയം ഒരു അടിമയെപ്പോലെയായി. ശരീരത്തിൽ മനുഷ്യൻ ചെയ്യുന്ന പാപങ്ങൾക്കു പരിഹാരമായി അവി ടുന്നു ശരീരമാസകലം പീഡനങ്ങൾ ഏറ്റുവാങ്ങി. സമൂഹത്തിൽ നടക്കുന്ന മാനസിക പീഡനങ്ങൾക്കു പരിഹാരമായി ഈശോ അപമാനങ്ങൾ സഹി ക്കുകയും വ്യാജമായ കുറ്റാരോപണങ്ങൾക്ക് വിധേയനാകുകയും സ്വശി ഷ്യന്റെ തന്നെ വഞ്ചനയാൽ ശത്രുകരങ്ങളിൽ ഏൽപിക്കപ്പെടുകയും ചെയ്തു. മനുഷ്യവർഗ്ഗത്തിന് നിത്യജീവൻ നൽകാൻവേണ്ടി ഈശോ ഏറ്റവും അപഹാസ്യവും ക്രൂരവും വേദനാജനകവുമായ കുരിശുമരണ ത്തിലൂടെ സ്വയം ശൂന്യനായി.

ഈശോയുടെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും സംസ്കാ രത്തിന്റെയും ഓർമ്മ ആണ്ടിലൊരിക്കൽ സവിശേഷമായി ആചരിക്കുന്ന ആഴ്ചയാണ് പീഡാനുഭവആഴ്ച, പ്രത്യേകിച്ച് വ്യാഴാഴ്ച മുതലുള്ള പെസ ഹായുടെ ത്രിദിനങ്ങൾ. രക്ഷാകര ദൗത്യം ഈശോ വിജയകരമായി പൂർത്തീകരിച്ചു എന്നതിന്റെ അനിഷേധ്യമായ തെളിവാണ് ഈശോയുടെ ഉയിർപ്പ്. ഉയിർപ്പിൽ പൂർത്തീകരിക്കപ്പെട്ട ഈ പെസഹാരഹസ്യമാണ് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ മുഴുവൻ കേന്ദ്രം. രക്ഷാകര പദ്ധ തിയെ മുഴുവൻ കൗദാശികമായി പുനരവതരിപ്പിക്കുന്ന സഭയുടെ ആരാ ധനാവത്സരത്തിന്റെ കേന്ദ്രവും ഈ പെസഹാരഹസ്യമാണ്. അതായത്, ഈശോയുടെ അന്ത്യദിന സംഭവങ്ങളായ പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ് എന്നിവ. സഭയുടെ ആരാധനാവത്സരത്തിലെ ഏറ്റവും ഭക്തിസാന്ദ്രമായ ദിനങ്ങളാണ് പെസഹായുടെ ഈ ദിനങ്ങൾ. നമ്മുടെ സഭയുടെ പാരമ്പര്യമനുസരിച്ച് പെസഹാചരണത്തിൽ ശ്രദ്ധി ക്കേണ്ട ഏതാനും കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

## പെസഹാ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാ ആഴ്ചയിലെ പ്രധാന തിരുക്കർമ്മങ്ങൾ സായാഹ്നത്തിൽ ആഘോഷിക്കുന്ന പതിവാണ് പൊതുവെ സഭയിൽ രൂപം കൊണ്ടത്. കഴിയുന്നിടത്തോളം ഈശോയുടെ അന്ത്യദിന സംഭവങ്ങളുടെ സമയക്ര മത്തോട് പൊരുത്തപ്പെടുക എന്നുള്ള ലക്ഷ്യം ഇതിന്റെ പിന്നിൽ കാണാം. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ സായാഹ്ന പ്രാർത്ഥനയും തുടർന്ന്

വിശുദ്ധ കുർബാനയുമാണ് പള്ളിയിലെ പ്രധാന കർമ്മങ്ങൾ.

## പെസഹാ വ്യാഴാഴ്ച: അന്ത്യത്താഴം, കാലുകഴുകൽ, കുർബാന സ്ഥാപനം, പൗരോഹിത്യം

ഈശോ തന്റെ ഈലോകജീവിതത്തിൽ തന്റെ 12 ശ്ലീഹന്മാരോടൊത്ത് അവസാനമായി പെസഹാഭക്ഷണം കഴിക്കുകയും തദവസരത്തിൽ പ്രത്യേകമായ ഒരനുഷ്ഠാനത്തിലൂടെ പരിശുദ്ധ കുർബാന സ്ഥാപിക്കുകയും ശ്ലീഹന്മാരുടെ പാദങ്ങൾ കഴുകുകയും ചെയ്ത സംഭവങ്ങൾ സഭ സവിശേഷമായി അനുസ്മരിച്ചാചിരിക്കുന്ന ദിവസമാണ് പെസഹാവ്യാഴം. സായാഹ്ന നമസ്കാരമായ റംശായും തുടർന്ന് ആഘോഷമായ പരിശുദ്ധ കുർബാനയുമാണ് പള്ളിയിലെ പ്രധാന തിരുക്കർമ്മങ്ങൾ. വിശുദ്ധ കുർബാനയിലെ വചന ശുശ്രൂഷയോടനുബന്ധിച്ച് കാലുകഴുകൽ ശുശ്രൂഷയും നടത്തുന്നു. മുൻകാലങ്ങളിൽ മെത്രാൻ തന്റെ ആസ്ഥാന ദൈവാലയത്തിൽ വച്ച് 12 വൈദികരുടെ കാലുകൾ കഴുകുന്ന പതിവുണ്ടായിരുന്നതായി കാണുന്നു. അത് കൂടുതൽ അർത്ഥവത്താണ്.

## പാദങ്ങൾ കഴുകുന്നത്-കുർബാന സ്ഥാപനം- പൗരോഹിത്യം

അന്ത്യത്താഴത്തിനിടെ ഈശോ തന്റെ 12 ശ്ലീഹന്മാരുടെ പാദങ്ങൾ കഴുകി. അപ്പവും വീഞ്ഞും തന്റെ ശരീര രക്തങ്ങളാണെന്നു പറഞ്ഞ് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് വിശുദ്ധ കുർബാന സ്ഥാപിക്കുകയും അത് തുടരണമെന്ന് ശ്ലീഹന്മാരോട് കൽപിക്കുകയും ചെയ്തു. അങ്ങനെ തന്റെ പൗരോഹിത്യത്തിൽ ഈശോ അവരെ പങ്കുകാരാക്കി. സ്വയം ബലിവസ്തുവായിത്തീർന്നുകൊണ്ട് ഈശോ തന്നെത്തന്നെ പങ്കുവയ്ക്കുകയായിരുന്നു. പിറ്റേദിവസം ഗൊൽഗോത്തയിൽ അത് യാഥാർത്ഥ്യമായി. തന്റെ ജീവിതാർപ്പണത്തിൽ ഈശോ തന്റെ 12 ശ്ലീഹന്മാരെ പ്രത്യേകമായി പങ്കുചേർക്കുകയായിരുന്നു. മറ്റാർക്കും ലഭിക്കാത്ത ഒരു ഭാഗ്യമായിരുന്നു അത്. തന്റെ ഈ ജീവിതബലി ലോകാവസാനംവരെ കൗദാശികമായി തുടരണമെന്ന് ഈശോ ആഗ്രഹിക്കുകയും അതിനുള്ള കൽപനയും അധികാരവും ശ്ലീഹന്മാർക്ക് നൽകുകയും ചെയ്തു. അങ്ങനെ വിശുദ്ധ കുർബാനയും പൗരോഹിത്യവും അന്ത്യത്താഴത്തിൽ വച്ച് സ്ഥാപിക്കപ്പെട്ടു.

ശ്ലീഹന്മാർക്കു ലഭിച്ച അധികാരവും പൗരോഹിത്യവും ഈശോയുടെ ആത്മബലി കൗദാശികമായി തുടരാനുള്ള ദൗത്യവും കൈവയ്പുവഴി ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ സഭയിൽ തുടരുന്നു. മാനവകുലം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടിയുള്ള മിശിഹായുടെ ആത്മബലിയുടെ രക്ഷാകരഫലം വിശ്വാസികളെല്ലാവർക്കും ലഭിക്കുന്നതിന്, മെത്രാന്മാർ തങ്ങളുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന വൈദികരെയും

സഹപ്രവർത്തകരാക്കിയിരിക്കുന്നു. അങ്ങനെ മിശിഹായുടെ ഏക പൗരോഹിത്യത്തിൽ മെത്രാന്മാരിലൂടെ വൈദികരും പങ്കുചേരുന്നു. മാമ്മോദീസാ സ്വീകരിച്ച എല്ലാ വിശ്വാസികളും മിശിഹായുടെ രാജകീയ പൗരോഹിത്യത്തിലും പങ്കാളികളാണ്. വിശുദ്ധ കുർബാനയർപ്പണത്തിലും കൂദാശകളുടെ പരികർമ്മത്തിലുമാണ് പൗരോഹിത്യം കർമ്മനിരതമാകുന്നതും അതുവഴി മിശിഹായുടെ പെസഹാസംഭവത്തിന്റെ രക്ഷാകരഫലങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നതും.

**കാലുകഴുകൽ**

കുർബാനസ്ഥാപനത്തിന്റെയും പൗരോഹിത്യത്തിന്റെയും ഈ പശ്ചാത്തലത്തിൽ വേണം കാലുകഴുകൽ ശുശ്രൂഷയെ നാം കാണാൻ. അന്ത്യത്താഴവേളയിൽ ഈശോ തന്റെ ശിഷ്യന്മാരുടെ കാലുകഴുകിയതിന് അസാധാരണമായ ഒരർത്ഥവും സ്വഭാവമുണ്ട്. ശിഷ്യർ ഗുരുവിന്റെയും ദാസർ യജമാനന്റെയും കാലുകഴുകുന്നത് സ്വാഭാവികമാണ്. ഇവിടെ നേരേ തിരിച്ചാണ് സംഭവിക്കുന്നത്. അഗാധവും അനന്യവുമായ വിനയത്തിന്റെയും ശുശ്രൂഷാചൈതന്യത്തിന്റെയും അത്യുദാത്ത മാതൃകയായി ഇതിനെ കാണാം. മിശിഹായിൽ നവീകരിക്കപ്പെട്ട പുതിയ സമൂഹത്തിൽ അധികാരത്തിന്റെയും നേതൃത്വത്തിന്റെയുമൊക്കെ അന്തഃസത്ത എന്തായിരിക്കണമെന്ന് ഈ സംഭവം വിളിച്ചോതുന്നുണ്ട്. എന്നാൽ, അതിലുപരി രക്ഷാകരമായ ഒരർത്ഥം ഈശോയുടെ കാലുകഴുകലിൽ കാണാം.

ഈശോ കേപ്പായോടു പറയുന്നത്, ഞാൻ നിന്റെ പാദങ്ങൾ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കുണ്ടായിരിക്കയില്ല എന്നാണ്. ഈശോയോടുള്ള പങ്ക് എന്നത് ഈശോ തന്റെ രക്ഷാകരബലിയിലൂടെ നേടുന്ന മനുഷ്യരക്ഷയിലുള്ള പങ്കാണ്, നിത്യജീവനിലുള്ള പങ്കാണ്, സ്വർഗ്ഗീയ ജീവിതത്തിലുള്ള പങ്കാണ്. അത് സാധിക്കണമെങ്കിൽ ഈശോ തന്നെത്തന്നെ മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥം ബലിയായി അർപ്പിക്കണം. നമ്മോടുള്ള ദൈവത്തിന്റെ അനന്തസ്നേഹത്താൽ നമുക്കുവേണ്ടി ജീവനർപ്പിക്കാൻ രക്ഷകനായ ഈശോ സന്നദ്ധനായിരിക്കുന്നു എന്നതാണ് ആ കാലുകഴുകലിന്റെ അർത്ഥം. സ്നേഹത്തിന്റെ അത്യുത്തമ സാക്ഷ്യമാണിത്. 'ഒരുവൻ തന്റെ സ്നേഹിതനുവേണ്ടി സ്വന്തം ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു പഠിപ്പിച്ച ഈശോ അത് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ്.

നിത്യപുരോഹിതനായ ഈശോമിശിഹാ തന്നെ ബലിയർപ്പകനും ബലിവസ്തുവുമാവുകയാണ്. മറ്റൊരു ബലിയർപ്പകനും ബലിവസ്തുവും ക്രൈസ്തവാരാധനയിൽ ഇല്ല. മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട

ഏകവും പൂർണ്ണവുമായ ബലിയാണ് വിശുദ്ധ കുർബാനയിൽ കൗദാശി കമായി പുരോഹിതശുശ്രൂഷയിലൂടെ പുനരവതരിപ്പിക്കപ്പെടുന്നത്. തന്റെ പൗരോഹിത്യത്തിൽ ആദ്യമായി പങ്കുചേർന്ന 12 ശ്ലീഹന്മാരുടെ മാത്രം പാദങ്ങൾ കഴുകുകയും 'നിങ്ങളും ഇപ്രകാരം പരസ്പരം പാദങ്ങൾ കഴു കുവിൻ' എന്ന് അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്ത ഈശോ തന്റെ ഓരോ പുരോഹിതനും തന്റെ ജനത്തിനുവേണ്ടി ഇതുപോലെ, സ്വയം സമർപ്പിക്കാൻ തയ്യാറാകണമെന്നുള്ള സന്ദേശം നല്കുകയായിരുന്നു. മെത്രാന്മാർ 12 വൈദികരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ഈശോയുടെ പ്രവൃത്തിയും സന്ദേശവും അനുസ്മരിച്ച് പെസഹാവ്യാഴം ആചരിക്കു ന്നത് അർത്ഥവത്താണ്. പൗരോഹിത്യത്തിന്റെ സ്ഥാപനദിവസമായ പെസ ഹാവ്യാഴാഴ്ച ഇപ്രകാരമൊരു ആചരണത്തിലൂടെ മെത്രാന്മാർ തങ്ങളുടെ വൈദികരെ ഇതനുസ്മരിപ്പിക്കുന്നത് ഉചിതം തന്നെ.

## കുടുംബത്തിലെ പെസഹാഭക്ഷണം

മാർത്തോമ്മാ നസ്രാണികളുടെ കുടുംബങ്ങളിൽ മാത്രം പുരാതന കാലം മുതൽ നിലവിലിരിക്കുന്ന ആചരണമാണ് പെസഹാവ്യാഴാഴ്ച രാത്രിയിലെ ഈ പെസഹാ ഭക്ഷണം. യഹൂദരുടെ പെസഹാഭക്ഷണ ത്തിന്റെയും അന്ത്യത്താഴമദ്ധ്യേ ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ച തിന്റെയും പശ്ചാത്തലത്തിൽ രൂപപ്പെട്ടതാണീ പെസഹാഭക്ഷണം. കുടും ബനാഥന്റെ നേതൃത്വത്തിൽ ഭക്ത്യാദരവുകളോടെ നടത്തുന്ന ഈ ആച രണം കുടുംബാംഗങ്ങളുടെ, പ്രത്യേകിച്ച് ഇളംതലമുറയുടെ വിശ്വാസപ രിശീലനത്തിനും സാക്ഷ്യത്തിനും ഫലപ്രദമായ ഒരു മാർഗ്ഗമാണ്. കുടും ബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാനും സഹായകമാണ്. പരമ്പരാഗതരീതിയിൽ വീട്ടിൽതന്നെ കുരിശപ്പവും പാലും തയ്യാറാക്കു ന്നതാണ് നല്ലതും പ്രോത്സാഹിപ്പിക്കേണ്ടതും. കടയിൽ നിന്ന് കുരിശു വച്ച റൊട്ടി വാങ്ങിച്ച് ഭക്ഷിക്കുമ്പോൾ ഈ ആചരണത്തിന്റെ ചൈത ന്യവും ഊഷ്മളതയും ഏറെ നഷ്ടപ്പെടും. കൂടാതെ, ഈ പെസഹാഭ ക്ഷണം വീടുകളിൽ നടത്താതെ പകരം പള്ളിയിൽ നടത്തുന്നതും ഉചി തമല്ല. അത് നമ്മുടെ പാരമ്പര്യത്തിനും ഈ ആചരണത്തിന്റെ സ്വഭാവ ത്തിനും ലക്ഷ്യത്തിനും ചേരുന്നതുമല്ല.

പെസഹാഭക്ഷണത്തിനുശേഷം രാത്രിമുഴുവൻ വീട്ടിലോ പള്ളിയിലോ ജാഗരണപ്രാർത്ഥന നടത്തുന്നതും പ്രോത്സാഹിപ്പിക്കാവുന്ന നല്ലൊരു പതിവാണ്. ഈശോ ഒറ്റിക്കൊടുക്കപ്പെട്ട് ശത്രുക്കളാൽ പിടിക്കപ്പെട്ടതി നെയും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടതിനെയുമെല്ലാം ധ്യാനിച്ച് വേദ പുസ്തകപാരായണത്തിലും പാനവായനയിലുമൊക്കെ വിശ്വാസികൾ

രാത്രിയാമം ചെലവഴിച്ചിരുന്നു. സഭയുടെ ഈ ദിവസങ്ങളിലെ സുദീർഘ മായ യാമപ്രാർത്ഥനകൾ ചൊല്ലുന്നത് ഉചിതമായിരിക്കും.

## പീഡാനുഭവവെള്ളി

ഈശോയുടെ പീഡാസഹനം, കുരിശുമരണം, ഖബറടക്കം ഇവയെ അനുസ്മരിച്ച് ആഘോഷിക്കുന്ന ദിവസമാണല്ലോ പീഡാനുഭവ വെള്ളി. പൂർണ്ണമായ ഉപവാസദിനമായിട്ടാണ് ഈ ദിവസം നമ്മൾ ആചരിച്ചുപോന്നിരുന്നത്. പ്രാർത്ഥനയിലും തിരുക്കർമ്മങ്ങളിലും പങ്കെടുത്ത് കൂടുതൽ സമയവും ദൈവാലയത്തിൽ തന്നെ വിശ്വാസികൾ ചെലവഴിച്ചിരുന്നു. മറ്റു ജോലികളൊന്നും ചെയ്യാതെ, പരമാവധി നിശബ്ദത പാലിച്ചുകൊണ്ട് ഈശോയുടെ പീഡാനുഭവരംഗങ്ങളെക്കുറിച്ച് ധ്യാനിച്ചും പ്രാർത്ഥിച്ചും, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ ഉളവാക്കാൻ ഈ ദിവസം പ്രയോജനപ്പെടുത്തണം. ഈ ദിവസത്തിന്റേതായി സഭ നല്കിയിരിക്കുന്ന തിരുക്കർമ്മങ്ങളാണ് അനുഷ്ഠിക്കേണ്ടത്. അതിനിടയിൽ മറ്റു നാടകീയാവിഷ്കാരങ്ങളൊക്കെ ഒഴിവാക്കാൻ ശ്രദ്ധിക്കണം. പാസ്രൂപം വഹിച്ചുകൊണ്ടുള്ള നഗരികാണിക്കൽ പുതുതായി ഒരിടത്തും ആരംഭിക്കാതിരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

## വലിയശനിയാഴ്ചയും മാമ്മോദീസായും

വലിയ ശനിയാഴ്ച മാമ്മോദീസാ നല്കുക എന്ന പതിവ് സഭയുടെ ആരംഭംമുതലേ ഉള്ളതാണ്. മാമ്മോദീസായുടെ അർത്ഥം പരിഗണിക്കുമ്പോൾ മാമ്മോദീസാ സ്വീകരിക്കാൻ ഏറ്റവും ഉചിതമായ ദിവസം വലിയ ശനിയാഴ്ചയാണ്. ഈശോയുടെ രക്ഷാകരമായ പീഡാസഹനത്തിലും മരണത്തിലും സംസ്കാരത്തിലും ഉയിർപ്പിലും പങ്കുചേർന്ന് രക്ഷ കൈവരിക്കുക എന്നതാണ് ക്രിസ്തീയ ജീവിതം. ഈ ജീവിതത്തിലേക്ക് ഒരാൾ പ്രവേശിപ്പിക്കപ്പെടുന്നത് മാമ്മോദീസായിലൂടെയാണ്. ഈ രക്ഷാകരസംഭവങ്ങൾ സഭ പ്രത്യേകമായി അനുസ്മരിച്ചാഘോഷിക്കുന്ന സന്ദർഭത്തിൽ പ്രവേശകകൂദാശകൾ സ്വീകരിക്കുന്ന സഭയിലെ ഈ അതിപുരാതന രീതി വളരെ അർത്ഥവത്താണ്. വലിയ ശനിയാഴ്ച വൈകുന്നേരം സന്ധ്യാനമസ്കാരത്തെ തുടർന്ന് മാമ്മോദീസായും അതിനുശേഷം വിശുദ്ധ കുർബാനയും എന്നതാണ് സഭയുടെ പാരമ്പര്യം. തുടർന്ന് ഉയിർപ്പിനൊരുക്കമായി നടത്തുന്ന ജാഗരണ പ്രാർത്ഥനയും പിന്നീട് ഉയിർപ്പുതിരുനാൾ കർമ്മങ്ങളും.

നമ്മുടെ എല്ലാ ഇടവകകളിലും വലിയ ശനിയാഴ്ച മാമ്മോദീസാ (പ്രവേശനകകൂദാശകൾ) നല്കുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതു നന്നായിരിക്കും.

## ഉയിർപ്പുതിരുനാളും പുതുഞായറും

തിരുനാളുകളുടെ തിരുനാളാണ് ഉയിർപ്പുതിരുനാൾ. സഭയിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ. പെസഹാഘോഷത്തിനു മകുടം ചാർത്തുന്ന രക്ഷാകരസംഭവം - അതാണ് ഈശോയുടെ ഉയിർപ്പ്. ഞായറാഴ്ച രാവിലെ മൂന്നുമണിയോടെ നടത്തുന്ന 'സമാധാനശുശ്രൂഷ'യാണ് ഉയിർപ്പാഘോഷത്തിന്റെ പ്രത്യേക കർമ്മം. തുടർന്ന് വിശുദ്ധ കുർബാന.

ഉയിർപ്പുതിരുനാളിന്റെ പവിത്രതയ്ക്കും ആത്മീയചൈതന്യത്തിനും കോട്ടംവരാതെ ഈ തിരുനാൾ ആഘോഷിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഉയിർപ്പുഞായറിനെത്തുടർന്നുള്ള ഒരാഴ്ചയും ഏറെ പ്രധാനപ്പെട്ടതാണ്. ഈശോയുടെ ഉയിർപ്പിലുള്ള സന്തോഷത്തിന്റെ ദിനങ്ങളാണ്. ശ്ലീഹന്മാരും മറ്റും ഈശോയെ ജീവിക്കുന്നവനായിക്കണ്ട് ആനന്ദനിർവൃതിയിലായിരുന്ന ദിവസങ്ങൾ. നമുക്കും ഈ ദിനങ്ങൾ ആത്മീയാനന്ദത്തിന്റേതാകട്ടെ. പാപവിമുക്തമായ അവസ്ഥയിലേ ഈ ആനന്ദം അനുഭവിക്കാൻ സാധിക്കൂ. ഉയിർപ്പിന്റെ എട്ടാമിടം - പുതുഞായർ. തോമാശ്ലീഹാ കർത്താവിനെ കണ്ട് വിശ്വാസം ഏറ്റുപറഞ്ഞ സംഭവത്തിന്റെ തിരുനാൾ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് തോമാശ്ലീഹായോടൊപ്പം നമുക്കും ഏറ്റുപറയാം, അതിന്റെ സാക്ഷികളായിരിക്കുകയും ചെയ്യാം. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B: *ഈ ഇടയലേഖനം ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. 2-ാം തീയതി വായിക്കാൻ സാധിക്കാത്ത പള്ളികളിൽ ഏപ്രിൽ 9-ാം തീയതി ഓശാന ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങളുടെ അവസരത്തിൽ ഇതിലെ ആശയങ്ങൾ ദൈവജനത്തിന് പകർന്ന് കൊടുക്കേണ്ടതാണ്.*

സർക്കുലർ 17 Ch.1, 172-247

# നിയുക്ത സഹായമെത്രാൻ മാർ തോമസ് തറയിലിന്റെ മെത്രാഭിഷേകം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ നമ്മുടെ നിയുക്ത സഹായമെത്രാന്റെ മെത്രാൻപട്ട സ്വീകരണം പുതുഞ്ഞായറാഴ്ചയായ ഏപ്രിൽ 23-ന് നടക്കുകയാണ്. ഉച്ചകഴിഞ്ഞ് 2 മണിക്ക് ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ വച്ചു നടക്കുന്ന ഈ സുപ്രധാന തിരുക്കർമ്മത്തിൽ അതിരൂപതയിലെ ദൈവജനത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ഒരു ആരാധനാസമൂഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം പ്രതീക്ഷിക്കുകയും സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു. എല്ലാ വൈദികരും സംബന്ധിക്കണമെന്നാഗ്രഹിക്കുന്നു. വിശുദ്ധ കുർബാനയിൽ തിരുവസ്ത്രങ്ങളിഞ്ഞ് സംബന്ധിക്കേണ്ടതിനാൽ വൈദികർ സ്വന്തം തിരുവസ്ത്രങ്ങൾ കൊണ്ടുവരേണ്ടതാണ്. ഓരോ ഇടവകയിൽനിന്നും പ്രാതിനിധ്യസ്വഭാവത്തോടെ ആളുകൾ പങ്കെടുക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഇടവകവികാരിമാർ ശ്രദ്ധിക്കുമല്ലോ. സമർപ്പിതരുടെയും സജീവമായ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

മെത്രാൻ പട്ടത്തിന്റെ ആത്മീയവും സഭാത്മകവും ദൈവികവുമായ സ്വഭാവം മനസ്സിലാക്കി എല്ലാവരും പ്രാർത്ഥിച്ചൊരുങ്ങണമെന്നും ആർഭാടം എല്ലാ തലങ്ങളിലും ഒഴിവാക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഫ്ളക്സ് ബോർഡ് പോലെയുള്ള കാര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കണം. നമ്മുടെ അതിരൂപതയ്ക്കും സഭയ്ക്കും ദൈവകൃപയുടെ ഒരവസരമായി മെത്രാഭിഷേകത്തെ കാണേണ്ടതാണ്.

“നിനക്ക് എന്റെ കൃപ മതി” എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് നിയുക്ത സഹായമെത്രാൻ തന്റെ ആദർശ വാക്യമായി സ്വീകരിച്ചിരിക്കുന്നത്. അദ്ദേഹം ദൈവകൃപയാൽ നിറഞ്ഞ് നമ്മുടെ അതിരൂപതയിലും സഭയിലും മേല്പട്ടശുശ്രൂഷ ചെയ്യുന്നതിന് അതിരൂപതാ കുടും

ബത്തിന്റെ മുഴുവൻ പ്രാർത്ഥനയും പിന്തുണയും ആവശ്യമാണ്. നിയുക്ത സഹായമെത്രാനുവേണ്ടിയും മെത്രാഭിഷേക കർമ്മം ദൈവിക ചൈതന്യസമൃദ്ധമാകാൻ വേണ്ടിയും ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും കുടുംബങ്ങളിലും പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവ്വം അറിയിക്കുന്നു. കാറോസൂസാ പ്രാർത്ഥനകളിൽ ഈ നിയോഗവും ഇനിയുള്ള അവസരങ്ങളിൽഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. നിയുക്തമെത്രാന്റെ സ്വന്തം ഇടവകയായ കത്തീഡ്രൽ ഇടവക പ്രത്യേകം പ്രാർത്ഥിച്ചൊരുങ്ങണമെന്നഭ്യർത്ഥിക്കുന്നു. അതിന്റെ ഭാഗമായി ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കുന്നത് നന്നായിരിക്കും.

കൊല്ലം-ആയൂർ, തിരുവനന്തപുരം, അമ്പൂരി എന്നീ ഫൊറോനകൾ ഉൾപ്പെടുന്ന അതിരൂപതയുടെ തെക്കൻ മേഖലയിലെ അജപാലന ശുശ്രൂഷയിൽ പ്രത്യേക ശ്രദ്ധ ചെലുത്തുവാനുള്ള ചുമതലയും സഹായമെത്രാനുണ്ടായിരിക്കും. ആവശ്യാനുസരണം തിരുവനന്തപുരം ലൂർദ്ദു ഫൊറോനാപ്പള്ളിയിൽ താമസിച്ചുകൊണ്ടായിരിക്കും ഈ കർത്തവ്യം നിർവ്വഹിക്കുന്നത്.

നിയുക്ത മെത്രാനച്ചൻ വൈദികൻ എന്ന നിലയിൽ ഇതുവരെ നിർവ്വഹിച്ചിട്ടുള്ള ശുശ്രൂഷകളെല്ലാം കാര്യക്ഷമതയോടും ഏവർക്കും തൃപ്തികരമായ രീതിയിലും ആയിരുന്നു. അതിനാൽ സഹായമെത്രാനെന്ന നിലയിലും അദ്ദേഹത്തിന്റെ ശുശ്രൂഷ ഏറ്റവും ഫലപ്രദമായിരിക്കും എന്ന് നമുക്കു പൂർണ്ണമായി വിശ്വസിക്കാം. ഉത്തമനായ ഒരു അജപാലകനെ നൽകിയ ദൈവത്തെ നമുക്ക് നന്ദിപറഞ്ഞു സ്തുതിക്കാം. നിയുക്ത സഹായ മെത്രാൻ മാർ തോമസ് തറയിലിന് ഞാൻ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. ദൈവകൃപ എന്നും അദ്ദേഹത്തോടൊപ്പമുണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ഏപ്രിൽ 9-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3009/K-5/KCBC/OL/DS 27.3.2017

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2017

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

## എന്താണ് തൊഴിൽ?

2. ലോകത്തെ പൂർണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അദ്ധ്വാനശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവസമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭനല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തലത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതംനയിച്ച് (മർക്കോ. 6:3), പരസ്യജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മർക്കോ. 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ ഈശോയ്ക്ക് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ധ്വാനിക്കുന്നവരോടൊപ്പംചേർന്ന് മിശിഹായുടെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

## മെയ്ദിനം എന്ത്?

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യംനല്കാതെ അവരുടെ അധ്വാനശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച് ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ

തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

## തൊഴിലും സഭാപ്രബോധനങ്ങളും

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളിസമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ'റേരും നൊവാരും' എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽസംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപംകൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യ ചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കുശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കുവേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവുംവഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

## അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധിഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രെയ്ഡ് യൂണിയനുകളും കെ.എൽ.എം. ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബഡ്ജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂതപൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടി

യായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്താ യിരിക്കുന്നു. നോട്ടു നിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറ ചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനുകൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹ ചര്യം തുടങ്ങിയവയെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവ ത്ക്കരിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ അസംഘടിത തൊഴിലാളികൾക്ക് ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്തലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീകരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശത മാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻസ്വത്തിന്റെയും 58.4 ശതമാനവും കയടക്കിയിരിക്കുന്നു (*ഓക്സ്ഫാം റിപ്പോർട്ട് 2016*). പൊതുസ്വത്ത് തട്ടിയെടുത്ത് രാജ്യം വിടുന്നവരും ലക്ഷം കോടികളുടെ നികുതിയിളവ് നേടി യെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയമത്തെയും അധി കാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവകൊണ്ടുമാത്രം വിശപ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴിലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചട ക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയിറക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി തൊഴിലാളി യൂണിയനുകളെ മാറ്റിയതിനാൽ പ്രതിരോധത്തിന്റെ പ്രതീക്ഷയും നഷ്ടമായി രിക്കുന്നു. കേന്ദ്ര ട്രെയ്ഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ നിർവഹിക്കാൻ തയ്യാറാകാൻ ഇത്തരുണത്തിൽ ആഹ്വാനംചെയ്യുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

## അസംഘടിതതൊഴിലാളികളും സഭയും

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറേണ്ടതുണ്ട്. കെ.സി.ബി.സി. തൊഴിൽ കാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ അംഗസംഘടനയാണു കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴിലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരിശീലനങ്ങളും സഹായങ്ങളും കെ. എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴിലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും ഇടവകകളും ഏറ്റെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യുന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണമായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാസ്ഥാപങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്ന തിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം.നെയാണു കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാ

രൂപതകളും സന്ന്യാസ സമൂഹങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ താമസം വിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യമേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലംമുഴുവൻ സ്ഥാപനത്തിന്റെ ഭൗതികവളർച്ച യ്ക്കായി അധ്വാനിക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

## ഇതരസംസ്ഥാനത്തൊഴിലാളികൾ

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി ക്കൊണ്ട് രജിസ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷ ന്റെയും കെ.എൽ.എം.ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

## സമഗ്രവീക്ഷണം

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദൂരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേ ണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പി ലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളി തവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപംനല്കാൻ സർക്കാർ മുൻകൈ

എടുക്കണം. പണമുള്ളവർമാത്രം ഉന്നതവിദ്യാഭ്യാസം നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരിപഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടുകൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ സത്യസന്ധതയോടെ നിർവഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണപരവും സമയ ബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴിലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധിനിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജിക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണകരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ 25: 112). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽമേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കടമയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽസാഹചര്യങ്ങളിൽ വ്യക്തിജീവിതവും കുടുംബംപോലും അവഗണിച്ചുള്ള അധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ടതുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം.

പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേഫിന്റെ മാധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**

(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: *2017 ഏപ്രിൽ 23-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

# സൗത്ത് ആഫ്രിക്കയിലെയും ബൊത്സ്വാനായിലെയും പ്രവാസികളായ സീറോമലബാർ സഭാമക്കൾ

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആഫ്രിക്കൻ രാജ്യങ്ങളായ സൗത്ത് ആഫ്രിക്കയും ബൊത്സ്വാനായും സന്ദർശിക്കാൻ സാധിച്ചത് മായാത്ത സ്മരണകളായി മനസ്സിൽ അവശേഷിക്കുകയാണ്. സന്ദർശനാനുഭവങ്ങൽ കുറച്ചെങ്കിലും പങ്കുവയ്ക്കുന്നതിൽ എനിക്കേറെ സന്തോഷമുണ്ട്. കേവലം ഒരു ടൂറിസ്റ്റ് എന്ന നിലയിൽ പുതിയ സ്ഥലങ്ങൾ കാണുകയായിരുന്നില്ല എന്റ്റ ലക്ഷ്യം. ഈ പ്രദേശങ്ങളിൽ ആയിരിക്കുന്ന സീറോമലബാർ സഭാ മക്കളുടെ വിശ്വാസവും ജീവിതവും എങ്ങനെയെന്ന് നേരിട്ടുകണ്ട് മനസ്സിലാക്കുകയും അവർക്കു ലഭിക്കേണ്ട അജപാലന ശുശ്രൂഷയുടെ സാധ്യതകൾ ആരായുകയുമായിരുന്നു എന്റെ താല്പര്യം. അത്തരത്തിൽ ഈ സന്ദർശനങ്ങൾ ഏറെ സന്തോഷവും സംതൃപ്തിയും നൽകി എന്ന് നിസ്സംശയം പറയാൻ കഴിയും.

സൗത്ത് ആഫ്രിക്കയിൽ പ്രവാസികളായ സീറോമലബാർ സഭാമക്കളുടെ അജപാലനശുശ്രൂഷയ്ക്കായി ആദ്യമായിട്ടാണ് ഒരു രൂപതാവൈദികനെ ഇക്കഴിഞ്ഞ വർഷം സീറോമലബാർ സഭാസിനഡ് ഔദ്യോഗികമായി നിയോഗിച്ചത്. ചങ്ങനാശേരി അതിരൂപതാംഗമായ ഫാദർ ആൽബിൻ നല്ലക്കുറ്റാണത്. ആൽബിനച്ചന്റെ താല്പര്യവും ബൊത്സ്വാനായിൽ കോളേജ് നടത്തുന്ന ഡോ. ആന്റണിയുടെ പ്രേരണയും ദുബായിൽ ജോലിയുള്ള ചങ്ങനാശേരിക്കാരൻ മിസ്റ്റർ പ്രിൻസിന്റെ പിന്തുണയുമെല്ലാമാണ് ഇങ്ങനെയൊരു ആഫ്രിക്കൻ സന്ദർശനത്തിന് വഴിയൊരുക്കിയത്

സൗത്താഫ്രിക്കയിലെ സീറോമലബാർ വിശ്വാസികളുടെ കാര്യത്തിൽ ഏറെ താല്പര്യം കാണിക്കുകയും വളരെ പ്രതിബന്ധങ്ങളുടെ നടുവിലും ത്യാഗപൂർവ്വം അവർക്ക് അജപാലനശുശ്രൂഷ നൽകുകയും ചെയ്ത റവ. ഫാ. കുര്യൻ പെരുമ്പള്ളിക്കുന്നേൽ സി.എം.ഐ.യുടെ പിൻഗാമിയായി

ട്ടാണ് ആൽബിനച്ചൻ നിയോഗിക്കപ്പെട്ടത്. ഏറെ നന്ദിയോടും സ്നേഹത്തോടുംകൂടിയാണ് അവിടത്തെ വിശ്വാസികൾ കുര്യനച്ചന്റെ സേവനത്തെ അനുസ്മരിക്കുന്നത്.

## സൗത്താഫ്രിക്കയിലെ മലയാളികൾ - അല്പം ചരിത്രം

1994 നു മുമ്പ് രൂക്ഷമായ വർണ്ണവിവേചനം നിലവിലിരുന്ന രാജ്യമായിരുന്നു സൗത്താഫ്രിക്ക. അക്കാലത്ത് ഇന്ത്യൻ പൗരന് സൗത്താഫ്രിക്കയിൽ പോകാൻ അനുവാദമില്ലായിരുന്നു. എങ്കിലും ജോലി തേടി മറ്റു വഴികളിലൂടെ ഇന്ത്യാക്കാർ അവിടെ എത്തിയിരുന്നു. വർണ്ണവിവേചനത്തിനെതിരേ നെൽസൺ മണ്ടേലയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ചതോടെ കറുത്ത വർഗ്ഗക്കാർക്ക് ഭരണം വിട്ടുകൊടുക്കേണ്ടിവരുമെന്നു മനസ്സിലാക്കിയ വെള്ളക്കാരിൽ നിരവധിപേർ മറ്റു രാജ്യങ്ങളിലേക്ക് ചേക്കേറുന്ന സമയമായിരുന്നു അത്. അവർ ഉപേക്ഷിച്ചുപോയ ജോലികളും വീടുകളുമൊക്കെ വാങ്ങി സ്വന്തമാക്കാൻ ലഭിച്ച അവസരം മലയാളികൾ ശരിക്കും പ്രയോജനപ്പെടുത്തി. അവിടെ എത്തിയിരുന്ന സീറോമലബാർ സഭാംഗങ്ങൾ അവിടുത്തെ ലത്തീൻ പള്ളികളിൽ ചേർന്ന് മതപരമായ ആവശ്യങ്ങൾ സാധിച്ചുപോന്നു. എങ്കിലും മാതൃസഭയുടെ അജപാലനശുശ്രൂഷ ലഭിക്കാതിരുന്ന സാഹചര്യത്തിൽ വിശ്വാസജീവിതത്തിലും സഭാത്മക രൂപീകരണത്തിലും വേണ്ടത്ര മുന്നേറാൻ അവർക്കു ഴിഞ്ഞില്ല എന്നത് സ്വാഭാവികം. ജോലിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കാനുള്ള വ്യഗ്രതയിലും പരിശ്രമത്തിലും സ്വന്തം മക്കളുടെ വിശ്വാസപരവും ധാർമ്മികവുമായ രൂപീകരണം താറുമാറായി എന്നത് വേദനയോടെ പലരും അനുസ്മരിക്കുന്ന സത്യമാണ്.

## സൗത്താഫ്രിക്കൻ മലയാളി കാത്തലിക് അസോസിയേഷൻ (SAMCA)

മറുനാട്ടിലെത്തിയ മലയാളികൾ നേട്ടങ്ങൾ കൈവരിക്കുന്നതിനിടയിൽ മലയാളത്തെയും മറന്ന മട്ടിലായി. തങ്ങളുടെ മക്കൾക്ക് മലയാളമറിയില്ല എന്നു പറയുന്നതിൽ അഭിമാനം കൊണ്ടിരുന്ന മാതാപിതാക്കൾ വലിയൊരപകടം തിരിച്ചറിഞ്ഞത് മക്കൾ കൗമാരത്തിലും യൗവനത്തിലുമൊക്കെ എത്തിയപ്പോഴാണ് - അവരെ തങ്ങൾക്ക് നിയന്ത്രിക്കാനാവുന്നില്ല എന്ന വസ്തുത. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നവർക്കുണ്ടാവുന്ന നിസ്സഹായാവസ്ഥ.

ഭാവിഭദ്രതയ്ക്ക് ഒരു സമൂഹത്തിന്റെ പിൻബലം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട അവർ സംഘടിക്കുവാൻ തന്നെ തീരുമാനിച്ചു. അവിടെ പ്രിട്ടോറിയാ രൂപതയിൽ വൈദികാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന CMI സന്ന്യാസസമൂഹാംഗമായ പെരുമ്പള്ളിക്കുന്നേൽ കുര്യനച്ചന്റെ

പിന്തുണയും നേതൃത്വവും ഇക്കാര്യത്തിൽ അവർക്കു ലഭിച്ചു. അങ്ങനെ രൂപംകൊണ്ടതാണ് സൗത്ത് ആഫ്രിക്കൻ മലയാളി കാത്തലിക് അസോസിയേഷൻ. 2005-ടു കൂടിയാണ് ഇപ്രകാരമൊരു സംവിധാനത്തിന് പശ്ചാത്തലമൊരുങ്ങിയത്.

2007-ൽ കുര്യനച്ചന് ഇന്ത്യയിലേക്ക് തിരിച്ചുപോകേണ്ടിവന്നപ്പോൾ CMI സമൂഹാംഗമായിരുന്ന തോമസ് മാണിക്കം അച്ചന്റെ സേവനം SAMCA യ്ക്ക് ലഭിക്കുകയുണ്ടായി. 2010-ൽ മാണിക്കം അച്ചൻ മരണമടഞ്ഞ സാഹചര്യത്തിൽ വീണ്ടും കുര്യനച്ചന്റെ സേവനം ലഭിക്കുന്നതിന് SAMCA ശ്രമിക്കുകയും സഭാധികാരികളുമായി ബന്ധപ്പെട്ടതിന്റെ ഫലമായി 2012 ൽ കുര്യനച്ചൻ പ്രിട്ടോറിയായിൽ തിരിച്ചെത്തുകയും ചെയ്തു.

പ്രിട്ടോറിയായിൽ തിരിച്ചെത്തിയ പെരുമ്പള്ളിക്കുന്നേൽ കുര്യനച്ചന് ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നെങ്കിലും ക്രമേണ അവയൊക്കെ പരിഹരിക്കപ്പെട്ടു. ജോഹന്നസ് ബർഗ്ഗ് രൂപതയിലെ റിവോണിയ പള്ളിയിൽ 2013 നവംബർ മുതലും പ്രിട്ടോറിയാ രൂപതയിലെ Queenwood പള്ളിയിൽ 2015 ജനുവരി മുതലും മാസത്തിലൊരിക്കൽ സീറോമലബാർ കുർബാന അർപ്പിച്ചു തുടങ്ങി. ഇപ്രകാരം കാര്യങ്ങൾ സമാധാനപരമായി ക്രമീകരിച്ചതിന്റെയും സീറോമലബാർ മക്കളെ സംഘടിപ്പിച്ചതിന്റെയും പിന്നിൽ ശ്രീ. ടോമി മാത്യുവിന്റെ നേതൃത്വവും പരിശ്രമങ്ങളും എടുത്തു പറയേണ്ടതാണ്.

## സീറോമലബാർ വിശ്വാസികൾക്ക് ഒരിടവക ലഭ്യമാകുന്നു

എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാന അർപ്പിക്കുവാൻ ഇടയാകത്തക്കവിധം കുര്യനച്ചനെ പ്രിട്ടോറിയായിൽത്തന്നെ സ്ഥിരമായി നിയമിച്ചു കിട്ടാൻ ശ്രീ. ടോമിയും സംഘവും പ്രിട്ടോറിയാ ആർച്ചുബിഷപ്പ് വില്യം സ്ലാട്ടറി (William Slattery) പിതാവിനെ കണ്ട് നിവേദനം നൽകി. ആർച്ചുബിഷപ്പ് അനുകൂലമായി പ്രതികരിക്കുകയും Laudium ലത്തീൻപള്ളിയുടെ ചുമതല നൽകുകയും ചെയ്തു. ആ ഇടവകയിൽ നിലവിലിരുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കുന്നപക്ഷം സീറോമലബാർ സമൂഹത്തിനും ആ പള്ളി ഇടവകയായി ഉപയോഗിക്കാമെന്നും ആർച്ചുബിഷപ്പ് വ്യക്തമാക്കി.

കുര്യനച്ചൻ വെല്ലുവിളി സ്വീകരിച്ച് അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയും, അങ്ങനെ സീറോമലബാർ വിശ്വാസികൾക്കും ആ പള്ളി സ്വന്തം ഇടവകയായി ഉപയോഗിക്കാൻ ഇടയാവുകയും ചെയ്തു. 2016 ജനുവരി 30-ന് അവിടെ ആദ്യമായി സീറോമലബാർ കുർബാന അർപ്പിക്കപ്പെട്ടു.

## സൗത്ത് ആഫ്രിക്കൻ സീറോമലബാർ കാത്തലിക് കമ്മ്യൂണിറ്റി രൂപം കൊള്ളുന്നു

പ്രിട്ടോറിയാ അതിരൂപതയുടെ ആർച്ച്ബിഷപ്പ് വില്യം സ്ലാറ്ററി പിതാവിന്റെ നിർലോഭമായ പിന്തുണയിൽ കാര്യങ്ങളൊക്കെ ക്രമപ്പെട്ടതോടെ 'സൗത്ത് ആഫ്രിക്കൻ സീറോമലബാർ കാത്തലിക് കമ്മ്യൂണിറ്റി' (SASMCC) എന്ന പ്രസ്ഥാനവും രൂപംകൊണ്ടു.

കുര്യനച്ചന് ഇന്ത്യയിലേക്ക് തിരിച്ചുപോകേണ്ടിവന്നതിനാൽ അച്ചന്റെ ശുശ്രൂഷയുടെ തുടർച്ചയ്ക്ക് പുതിയൊരു വൈദികനെ നിയമിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും, സീറോമലബാർ സഭയുടെ പ്രവാസികാര്യാലായത്തിന്റെയും മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി പിതാവിന്റെയും താല്പര്യപ്രകാരം ചങ്ങനാശ്ശേരി അതിരൂപതാംഗമായ ആൽബിൻ നല്ലക്കുറ്റച്ചൻ പ്രസ്തുത ശുശ്രൂഷയ്ക്ക് നിയമിതനാവുകയും ചെയ്തു. അദ്ദേഹം സൗത്ത് ആഫ്രിക്കയിലെ സീറോമലബാർ സഭാംഗങ്ങളുടെ Priest-in-charge ആയും നിയമിക്കപ്പെട്ടിരിക്കുകയാണ്. ആൽബിനച്ചൻ 2016 മേയ് 17-ന് പ്രിട്ടോറിയയിലെത്തി തന്റെ ദൗത്യം ആരംഭിച്ചു. പെരുമ്പള്ളിക്കുന്നേൽ ബഹു. കുര്യനച്ചൻ നല്ലൊരു അടിത്തറ പാകിയിരുന്നതിനാൽ ആൽബിനച്ചന് വലിയ ബുദ്ധിമുട്ടില്ലാതെ തന്റെ അജപാലന ശുശ്രൂഷയ്ക്ക് വ്യവസ്ഥാപിതമായ രൂപവും ഭാവവും നൽകാനും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും സാധിച്ചു.

## സൗത്ത് ആഫ്രിക്കയിലെ പ്രവാസികളായ സീറോമലബാർ സഭാമക്കൾക്ക് നവോന്മേഷം

ചുരുങ്ങിയ കാലംകൊണ്ടുതന്നെ സൗത്ത് ആഫ്രിക്കയിലെ പ്രവാസികളായ സീറോമലബാർ സഭാമക്കളുടെ അജപാലന ശുശ്രൂഷയിൽ വളരെയേറെ മുന്നേറാൻ ആൽബിനച്ചനു കഴിഞ്ഞു. തനിക്കു കടന്നുചെല്ലാൻ സാധിച്ച സ്ഥലങ്ങളിലെല്ലാം വിശ്വാസികളെ ഒരുമിച്ചു കൂട്ടാനും ആരാധനക്രമപരവും സഭാത്മകവുമായ പരിശീലനം അവർക്കു നൽകാനും അച്ചനു സാധിക്കുന്നുണ്ട്. പുതിയൊരു ഉണർവും ഉന്മേഷവും അവരിൽ ഉളവാക്കാൻ അച്ചനു കഴിയുന്നുണ്ട്. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. യുവജനങ്ങൾ ഉത്സാഹത്തോടെ സഭാകാര്യങ്ങളിൽ സഹകരിക്കുന്നു. കുടുംബകൂട്ടായ്മകൾ രൂപീകരിച്ച് സജീവമായി പ്രവർത്തിക്കുന്നു.

നാലു രൂപതകളിലായി പരസ്പരം വിദൂരതയിൽ കഴിയുന്ന നാലു സീറോമലബാർ സഭാസമൂഹങ്ങളിൽ മാത്രമാണ് അച്ചന് ഇപ്പോൾ ശ്രദ്ധിക്കാൻ കഴിയുന്നത്. അവ താഴെപ്പറയുന്നവയാണ്.

1. പ്രിട്ടോറിയാ രൂപതയിൽ Laudium എന്ന സ്ഥലത്ത് തോമ്മാശ്ലീഹാ യുടെ പേരിലുള്ള സമൂഹം. ഇവിടെയാണ് അച്ചൻ സ്ഥിരമായി താമ സിക്കുന്നത്.
2. പരിശുദ്ധ മറിയത്തിന്റെ നാമത്തിൽ ജൊഹാനെസ്ബർഗ് രൂപതയിലെ സമൂഹം.
3. വിശുദ്ധ അൽഫോൻസാമ്മയുടെ നാമത്തിൽ കിമ്പേർളി രൂപതയിലെ സമൂഹം.
4. ഡർബൻ രൂപതയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിൽ പീറ്റർ മാരിറ്റ്സ്ബുർഗ്ഗിലെ സമൂഹം.

അഞ്ഞൂറിലധികം കിലോമീറ്റർ യാത്ര ചെയ്തു ശുശ്രൂഷ ചെയ്യേണ്ട അവസ്ഥയാണ് ഇപ്പോൾ ആൽബിനച്ചനുള്ളത്.

## SASMCCയ്ക്ക് SARSന്റെ അംഗീകാരം

സൗത്ത് ആഫ്രിക്കൻ സീറോ മലബാർ കാത്തലിക് കമ്മ്യൂണിറ്റിയെ (SASMCC) സൗത്ത് ആഫ്രിക്കൻ റെവന്യൂ സർവ്വീസ് (SARS) ഒരു പബ്ലിക് ബെനഫിറ്റ് ഒർഗനൈസേഷൻ (PBO) ആയി 2016 ഒക്ടോബർ 14-ന് അംഗീകരിച്ചു എന്നത് സുപ്രധാനമായ ഒരു കാര്യമാണ്. സീറോമലബാർ സഭയ്ക്ക് സൗത്താഫ്രിക്കൻ സർക്കാരിന്റെ ഭാഗത്തുനിന്നു ലഭിച്ച ഔദ്യോഗികമായ ഒരു അംഗീകാരമാണിത്.

## സൗത്ത് ആഫ്രിക്കാ, ബൊത്സ്വാനാ സന്ദർശനം

ഫെബ്രുവരി 01 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ആഫ്രിക്കൻ രാജ്യങ്ങളായ സൗത്ത് ആഫ്രിക്കയും ബൊത്സ്വാനയും ഞാൻ സന്ദർശിക്കുകയുണ്ടായി. അവിടെ വസിക്കുന്ന പ്രവാസികളായ സഭാമക്കളെ കാണുവാനും അവരുടെ ജീവിതസാഹ്യചര്യങ്ങളും വിശ്വാസജീവിതവും നേരിൽക്കണ്ട് മനസ്സിലാക്കുക എന്നതുമായിരുന്നു ഈ സന്ദർശനത്തിന്റെ മുഖ്യലക്ഷ്യം. ആദ്യമായിട്ട് സീറോമലബാർ സഭയിൽ നിന്ന് ഒരു മെത്രാൻ അവരെ സന്ദർശിക്കാൻ എത്തിയെന്നത് അവർക്ക് ഏറെ സന്തോഷം പകർന്നു. മാതൃസഭ അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ട് എന്നൊരു ബോധ്യവും അവർക്ക് ലഭിക്കാൻ ഇടയായി. അതിനാൽത്തന്നെ പുതിയൊരുണർവും ഐക്യബോധവും അവരിൽ ഉളവാക്കുവാനും സാധിച്ചു. സൗത്താഫ്രിക്കയിലെ മുകളിൽ സൂചിപ്പിച്ച നാല് രൂപതകളിൽ സീറോമലബാർ സഭാവിശ്വാസികളെ സന്ദർശിക്കുവാനും അവർക്കുവേണ്ടി വി.കുർബാനയർപ്പിക്കുവാനും കഴിഞ്ഞത് നല്ലൊരനുഭവമായിരുന്നു. നൂറുകണക്കിന് സീറോമലബാർ വിശ്വാസികൾ ഈ രൂപതകളിൽ അധിവസിക്കു

ന്നുണ്ട്. സീറോമലബാർ വൈദികരുടെ സാന്നിധ്യവും അജപാലന ശുശ്രൂഷയും കൂടുതലായി ലഭിക്കാനിടയായാൽ സജീവമായ ക്രൈസ്തവ സമൂഹങ്ങളായി അവരെ വളർത്തിയെടുക്കാൻ സാധിക്കും.

ഈ നാല് രൂപതകളിലെയും മെത്രാൻമാരെ നേരിൽക്കാണുവാനും സീറോമലബാർ വിശ്വാസികളുടെ അജപാലന ശുശ്രൂഷയുടെ സാധ്യതകൾ ചർച്ചചെയ്യുവാനും അവസരമുണ്ടായി. മെത്രാന്മാരെല്ലാവരും തന്നെ നല്ല സഹകരണ മനോഭാവമാണ് പുലർത്തിയത്. സീറോമലബാർ സഭയിൽ നിന്നുള്ള വൈദികരുടെ സേവനം ലഭിക്കുവാൻ പല മെത്രാന്മാരും താത്പര്യം കാണിച്ചു. ലത്തീൻ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം സീറോമലബാർ വിശ്വാസികളുടെ അജപാലന കാര്യങ്ങളിലും ശ്രദ്ധിക്കാൻ സാധിക്കുമെന്ന് അവർ അഭിപ്രായപ്പെടുകയുണ്ടായി.

ഞാൻ സന്ദർശിച്ച നാല് സീറോമലബാർ സമൂഹങ്ങളിലും ബഹു. ആൽബിൻ നല്ലക്കുറ്റച്ചന്റെ നേതൃത്വത്തിൽ കുടുംബക്കൂട്ടായ്മകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും യാമപ്രാർത്ഥനാപുസ്തകവും തോമാശ്ലീഹായുടെ ഐക്കണും കൊന്തയും നൽകുകയും അവരോടൊപ്പം പ്രാർത്ഥിക്കുകയും അവരെ നേരിട്ട് പരിചയപ്പെടുകയും ചെയ്തത് നല്ല അനുഭവങ്ങളായിരുന്നു. ആൽബിനച്ചന്റെ വലംകയ്യായി പ്രവർത്തിക്കുന്ന ശ്രീ. ടോമി മാത്യു തേവലക്കാടിന്റെ സേവനം പ്രശംസനീയമാണ്. അതോടൊപ്പം ഉത്സാഹശീലരും ത്യാഗസന്നരുമായ ഒരുപറ്റം അൽമായ സഹോദരങ്ങൾ അവിടുത്തെ സീറോമലബാർ സമൂഹങ്ങൾക്ക് വലിയ മുതൽക്കൂട്ടുതന്നെയാണ്.

ജൊഹനെസ്ബർഗ്ഗിൽ സേവനം ചെയ്യുന്ന സീറോ മലങ്കര സഭയിൽപ്പെട്ട ബഥനി സിസ്റ്റഴ്സിന്റെ ഭവനവും പ്രിട്ടോറിയ രൂപതയിൽ സേവനം ചെയ്യുന്ന സീറാ മലബാർ സഭയിലെ സി.എം.സി. സിസ്റ്റേഴ്സിന്റെ ഭവനവും ഡാർബൻ രൂപതയിൽ സേവനം ചെയ്യുന്ന ലത്തീൻ സഭയിലെ മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ ഭവനവും സന്ദർശിക്കുകയുണ്ടായി.

സൗത്ത് ആഫ്രിക്കയിലെ സന്ദർശനത്തിനുശേഷം ബൊത്സ്വാന രാജ്യം സന്ദർശിക്കുകയും ഗബറോൺ (Gaborone) രൂപതയിലെ മെത്രാനെ നേരിൽക്കണ്ട് സീറോമലബാർ സഭാവിശ്വാസികളുടെ അജപാലനസാധ്യതകൾ ചർച്ച ചെയ്യുകയും ചെയ്തു. സീറോമലബാർ സഭാവിശ്വാസികൾക്കുവേണ്ടി വി.കുർബാനയർപ്പിക്കുകയും അവരുടെ സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. കൂടാതെ ആ നാട്ടുകാരും ലത്തീൻസഭാംഗങ്ങളുമായ വിശ്വാസികൾക്കുവേണ്ടി വി.കുർബാനയർപ്പിച്ച് അവരുടെ സമ്മേളനത്തിൽ പങ്കുചേർന്നു. അവരുടെ ഭക്തിനിർഭരവും സജീവവുമായ ബലിയർപ്പണം ഏറെ ആകർഷകമായിരുന്നു.

സൗത്താഫ്രിക്കയിൽ ഇന്ത്യയിൽ നിന്ന് 150 വർഷങ്ങൾക്കുമുമ്പ് ജോലിക്കുവേണ്ടി ബ്രിട്ടീഷുകാർ കൊണ്ടുപോയവരുടെ പിൻഗാമികളുടെ വിവധ സമൂഹങ്ങളുണ്ട്. ആഫ്രിക്കൻ-ഇന്ത്യൻസ് എന്നറിയപ്പെടുന്ന ആ സമൂഹത്തിലെ പലരെയും പരിചയപ്പെടാൻ സാധിച്ചു.

ഈ സന്ദർശനങ്ങൾ കൂടാതെ രണ്ട് രാജ്യങ്ങളിലെയും ചരിത്രപ്രാധാന്യമുള്ള ചില സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. സൗത്താഫ്രിക്കയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്ത നെൽസൺ മണ്ടേലയുടെ ഭവനം അവയിൽ ഒന്നാണ്. ചുരുക്കത്തിൽ സൗത്താഫ്രിക്ക, ബൊത്‌സ്വാന സന്ദർശനം ഏറെ പ്രയോജനകരമായിരുന്നു. ഈ സന്ദർശനത്തിലുടനീളം ചങ്ങനാശേരി അതിരൂപതിയിലെ പ്രവാസി ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടർ റവ. ഫാ. സണ്ണി പുത്തൻപുരയ്ക്കൽ എന്നോടൊപ്പമുണ്ടായിരുന്നത് ഏറെ സഹായകമായി. സന്ദർശനം സംബന്ധിച്ച് എല്ലാക്കാര്യങ്ങളും ശ്രദ്ധയോടെ ക്രമീകരിച്ച് സന്ദർശനം വിജയിപ്പിച്ച എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




## 1

## വൈദികസമ്മേളനം - അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം ഈ വർഷം ഏപ്രിൽ 18-ാം തീയതി ചൊവ്വാഴ്ച സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9.45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്.

## 1I

## സാധാരണ കുർബാനയുടെ പുതുക്കിയ നിരക്ക്

കേരള കത്താലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി.) യുടെ തീരുമാനമനുസരിച്ച് സാധാരണ കുർബാനധർമ്മം 2017 ഏപ്രിൽ മാസം ഒന്ന് മുതൽ 100 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ഇക്കാര്യം വിശ്വാസികളെ യഥാസമയം അറിയിക്കുമല്ലോ. മറ്റു തിരുക്കർമ്മ ധർമ്മങ്ങളുടെ (ആഘോഷമായ വിശുദ്ധ കുർബാന ഉൾപ്പെടെ) കാര്യത്തിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിലവിലുള്ള നിരക്കുകൾ തുടരുന്നതാണ്.

പഴയനിരക്കിലുള്ള സാധാരണ കുർബാനയുടെ അധിക നിയോഗങ്ങൾ 2017 മെയ് 10-ാം തീയതി ബുധനാഴ്ചയ്ക്ക് മുമ്പായി സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## III

## അഭിഷേക കൂദാശ (വി. മൂറോൻ കൂദാശ)

2017 ഏപ്രിൽ മാസം 13-ാം തീയതി പെസഹാ വ്യാഴാഴ്ച രാവിലെ 6.30 മണിക്ക് മെത്രാപ്പോലീത്തൻ പള്ളിയിൽ അഭിവന്ദ്യ മെത്രാപ്പോലീത്ത അഭിഷേകതൈല കൂദാശാകർമ്മം നിർവഹിക്കുന്നു. ചങ്ങനാശേരിയിലും പരിസരപ്രദേശങ്ങളിലും ഉള്ള എല്ലാ വൈദികരും സന്യസ്തരുടെയും വിശ്വാസികളുടെയും പ്രതിനിധികളും ഈ ശുശ്രൂഷയിൽ പങ്കുചേരണമെന്ന് താത്പര്യപ്പെടുന്നു.

വി. മൂറോൻ ഏറ്റം പൂജ്യമായി കൈകാര്യം ചെയ്യുകയും ദൈവാലയത്തിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. മെത്രാപ്പോലീത്തൻ പള്ളിയിൽ നിന്ന് ഇതര പള്ളികളിലേയ്ക്ക് ആവശ്യാനുസരണം അഭിഷേകതൈലം എടുത്തു നല്കുന്നതും വാങ്ങിക്കൊണ്ടുപോകുന്നതും വൈദികർ തന്നെ ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വി. മൂറോൻ ദൈവാലയങ്ങളിൽ മദ്ബഹായോടടുത്ത് മാമ്മോദീസാതൊട്ടി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആദരപൂർവ്വം സൂക്ഷിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

---

### നിയുക്ത സഹായമെത്രാനെയും മെത്രാഭിഷേക തിരുക്കർമ്മങ്ങളെയും സമർപ്പിച്ചുകൊണ്ട് കാറോസൂസായിൽ കൂട്ടിച്ചേർത്തു ചൊല്ലാനുള്ള പ്രാർത്ഥന

**ശുശ്രൂഷി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ അതിരൂപതയുടെ സഹായമെത്രാനായി നീ തിരഞ്ഞെടുത്തിരിക്കുന്ന തറയിൽ ബഹുമാനപ്പെട്ട തോമസച്ചനെ നിന്റെ അഭിഷേകത്തിനായി ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ മുമ്പാകെ ശ്രേഷ്ഠാചര്യ ശുശ്രൂഷയ്ക്കായി നിയുക്തനായിരിക്കുന്ന ഈ ദാസനെ ആദ്ധ്യാത്മിക വരങ്ങൾ കൊണ്ടു നിറയ്ക്കണമേ. മെത്രാഭിഷേക തിരുക്കർമ്മങ്ങൾ അനുഗ്രഹത്തിന്റെയും കൃതജ്ഞതയുടെയും അവസരമാക്കി മാറ്റണമെന്നും ഞങ്ങളുടെ അഭിവന്ദ്യ പിതാക്കന്മാരെയും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരെയും ഞങ്ങളുടെ അതിരൂപതയെയും അനുഗ്രഹിക്കണമെന്നും നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

മറുപടി: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

### മെത്രാഭിഷേകശുശ്രൂഷയുടെ സമയക്രമം

| | |
|---|---|
| 02.10 pm | Procession to the Altar |
| 02.30 pm | Episcopal Ordination & Holy Qurbana |
| Celebrant: | Archbishop Mar Joseph Perumthottam |
| Concelebrants: | Archbishop Mar Joseph Powathil<br>Bishop Mar Joseph Kallarangattu |
| Holy Qurbana Celebrant: | Bishop Mar Thomas Tharayil |
| Homily: | H.G. Most Rev. Dr. Maria Calist Soosa Pakiam |
| Benedictory Message: | Moran Mor Baselios Cardinal Cleemis Catholicos |
| Felicitation: | Archbishop Kuriakose Mor Severios |
| 6.00 pm | Agape |

**പ്രത്യേകം ശ്രദ്ധിക്കുക:**

മെത്രാഭിഷേക തിരുക്കർമ്മങ്ങൾക്കെത്തുന്നവർ ഉച്ചകഴിഞ്ഞ് 01. 45 നു മുമ്പായി കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരേണ്ടതാണ്.

പരിശുദ്ധ കുർബാനയിൽ സഹകാർമ്മികരാകുന്ന ബഹുമാനപ്പെട്ട വൈദികർ തിരുവസ്ത്രങ്ങൾ (കാപ്പ സെറ്റ്) കൊണ്ടുവരേണ്ടതാണ്.

# 130-ാമത്
# അതിരൂപതാദിനാചരണം

## 2017 മെയ് 20 ശനി
## പച്ച – ചെക്കിടിക്കാട് ലൂർദ്മാതാ ഇടവകയിൽ

**രാവിലെ 9.00 am - 1.30 pm**

### ഇടവകകളിൽ നിന്ന് അതിരൂപതാദിന പൊതുസമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ

ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി, ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോനാ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പാരിഷ്കൗൺസിൽ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരും മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, കുടുംബക്കൂട്ടായ്മ, DCMS, KLM, AKCC, CHASS തുടങ്ങിയ സംഘടനകളുടെ ഓരോ പ്രതിനിധി വീതം, കണക്കൻ, ദേവാലയശുശ്രൂഷി.

### അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ

സംസ്ഥാന, ദേശീയ, അന്തർദേശീയതലത്തിൽ അംഗീകാരം നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാ ദിനത്തിൽ ആദരിക്കുന്നു. ടി വ്യക്തികളുടെ ബയോഡേറ്റാ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി മെയ് 10, 2017 മുമ്പായി  പി.ആർ.ഒ. ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### പാരീഷ്ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി

മികച്ച പാരീഷ് ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും രണ്ട് കോപ്പികൾ വീതം മെയ് 10, 2017 മുമ്പായി  പി.ആർ.ഒ. ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ഫാ. ജോസഫ് മുണ്ടകത്തിൽ**
പ്രോട്ടോ സിഞ്ചെള്ളൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ - റിപ്പോർട്ട്

തലമുറകളുടെ വിശ്വാസപാരമ്പര്യത്തിന്റെ ഈറ്റില്ലവും പൗരസ്ത്യ നസ്രാണീയതയുടെ കലർപ്പില്ലാത്ത സാക്ഷിയുമായ ചങ്ങനാശേരി അതിരൂപതയിൽ പരിണതപ്രജ്ഞരും ക്രാന്തദർശികളുമായ മേൽപ്പട്ടക്കാരുടെ നിരയിലേക്ക് വിജ്ഞാനവും വിവേകവും വിശുദ്ധിയും മകുടം ചാർത്തുന്ന മാർ തോമസ് തറയിൽ എന്ന തീക്ഷ്ണമതിയായ സഹായമെത്രാനെ ലഭിച്ചതിന്റെ ആഹ്ലാദത്തിലാണ് അതിരൂപതാ കുടുംബം. കഴിഞ്ഞ അഞ്ചുവർഷങ്ങളായി അതിരൂപതാ വൈദികസമിതിയുടെ ചർച്ചകൾക്ക് ദർശനവും ദിശാബോധവും നൽകിയ സമിതി അംഗം തന്നെയാണ് ഈ ശുശ്രൂഷയിലേക്ക് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടത് എന്നത് സുവർണ്ണജൂബിലി ആചരിക്കുന്ന വൈദികസമിതിക്ക് ഉപരി അഭിമാനവും ആഹ്ലാദവും പകരുന്നു. നിയുക്ത സഹായമെത്രാന് പതിനാലാം വൈദികസമിതിയുടെ ഹൃദയംഗമമായ പ്രാർത്ഥനാശംസകൾ.

വൈദികസമിതിയുടെ ഏഴാം സമ്മേളനം 2017 മാർച്ച് 22-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ അതിമെത്രാസന ഭവനത്തിൽ നടന്നു. പ്രാർത്ഥനാശുശ്രൂഷയ്ക്കും പെരിയ ബഹു. മുണ്ടകത്തിൽ ജോസഫച്ചന്റെ സ്വാഗതവചസ്സുകൾക്കുംശേഷം സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് ഏതാനും ചെറുഭേദഗതികളോടെ പാസ്സാക്കി.

അഭിവന്ദ്യ പിതാവ് തന്റെ ഹ്രസ്വമായ അദ്ധ്യക്ഷപ്രസംഗത്തിൽ സുവർണ്ണജൂബിലി വർഷത്തിലായിരിക്കുന്ന വൈദിക സമിതിക്ക് ആശംസകൾ നേർന്നു; ഒപ്പം ഈ സമിതിയുടെ അവസാന പ്രവർത്തനവർഷമാണ് എന്ന കാര്യം അംഗങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്തു. അതിരൂപതാ പാസ്റ്ററൽ കൗൺസിലും അതിന്റെ സുവർണ്ണജൂബിലി ആചരിക്കുന്ന പശ്ചാത്തലത്തിൽ വൈദിക-അല്മായ സമിതികളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം ആഹ്വാനം ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഭാരതത്തിൽ തന്നെ ആദ്യമായി പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകൾ രൂപം കൊടുത്ത് മറ്റു രൂപതകൾക്കു മാതൃക നൽകിയ ചങ്ങനാശേരി അതിരൂപത വൈദിക-അല്മായ സഹകണത്തോടെയുള്ള മികവുറ്റ പ്രവർത്തനങ്ങൾകൊണ്ടും മാതൃക സൃഷ്ടിക്കണമെന്ന് ബഹു. അധ്യക്ഷൻ ഉദ്ബോധിപ്പിച്ചു. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിച്ച "ഒന്നായി മുന്നോട്ട്" എന്ന അജപാലന പ്രബോധനത്തിന്റെ ചുവടുപിടിച്ചുള്ള രൂപതാതല പ്രവർത്തനങ്ങൾക്കും സമിതി മുൻകൈ എടുക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. സഭാതലത്തിലും അതിരൂപതാതലത്തിലും നാം പ്രത്യേകമായി ചിന്തിച്ച 'കുടുംബങ്ങളുടെ അനുധാവനം' (Accompaniment of the families) നിയതമായ ആസൂത്രണത്തോടെ നടപ്പിൽ വരുത്തണമെന്നും അഭിവന്ദ്യ പെരുന്തോട്ടം പിതാവ് നിർദ്ദേശം നൽകി.

തുടർന്ന് മെത്രാപ്പോലീത്തൻ പള്ളി വികാരി പുത്തൻപുര പെരിയ ബഹു. കുര്യനച്ചൻ നിയുക്ത സഹായമെത്രാന് പുതിയ സ്ഥാനലബ്ധിയിൽ അനുമോദനങ്ങൾ അർപ്പിച്ചു. ജൂബിലി വർഷത്തിൽ ലഭിച്ച ഈ സമ്മാനത്തിൽ അതിരൂപത മുഴുവൻ സന്തോഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. സഭയ്ക്കു മുഴുവൻ നേതൃത്വം നൽകുന്ന ശ്രേഷ്ഠരായ രണ്ടു മെത്രാപ്പോലീത്തമാരും പ്രൗഢമായ

ഒരു വൈദികസമൂഹം മുഴുവനും തന്റെ ഒപ്പമുണ്ട് എന്ന ബോധ്യമാണ് പുതിയ ശുശ്രൂഷയിൽ തനിക്കുള്ള ഏറ്റവും വലിയ ധൈര്യമെന്ന് മാർ തോമസ് തറയിൽ പിതാവ് തന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ഏപ്രിൽ 23-ാം തീയതി നടക്കുന്ന മേൽപ്പട്ട സ്വീകരണത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിച്ച പിതാവ് പ്രസ്തുത ദിനത്തോടനുബന്ധിച്ച് ആർഭാടങ്ങൾ ഒഴിവാക്കി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഏതെങ്കിലും കാരുണ്യപ്രവൃത്തി ചെയ്ത് പ്രസ്തുത ചടങ്ങ് കൂടുതൽ മഹനീയമാക്കണമെന്ന് അഭ്യർത്ഥിച്ചു.

കഴിഞ്ഞ വൈദികസമിതി സമ്മേളനത്തിനുശേഷം കർത്താവിന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോയ പ്രിയപ്പെട്ട പുരോഹിതർ ഉറുമ്പയ്ക്കൽ ബഹു. തോമസ് പോൾ അച്ചൻ, കുളംകുത്തിയിൽ ബഹു. ജേക്കബ് അച്ചൻ, വാണിയപ്പുര ബഹു. വർഗീസ് അച്ചൻ എന്നിവരെ പോരൂക്കര ബഹു. അന്റണി അച്ചൻ അനുസ്മരിക്കുകയും സമിതിയുടെ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

ആധുനിക കാലത്ത് വൈദികരും സഭാസമൂഹവും കൂടുതൽ ജാഗ്രത പുലർത്തേണ്ട കാര്യങ്ങളാണ് അജണ്ടാ ചർച്ചയിൽ പ്രഥമമായി വന്നത്. വിഷയാവതാരകനായ പുതിയിടം പെരിയ ബഹു. മാണിയച്ചൻ ചർച്ചകൾക്ക് ദിശാബോധം നൽകി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ "സ്നേഹത്തിന്റെ ആനന്ദം" (Amoris Laetitia) എന്ന സിനഡാനന്തര ശ്ലൈഹികാഹ്വാനത്തിന്റെ വെളിച്ചത്തിൽ കുടുംബപ്രേഷിതരംഗത്ത് സവിശേഷമായി ഊന്നൽ നൽകേണ്ട മേഖലകളെക്കുറിച്ചു പഠനം നടത്തി കോയിപ്പള്ളി ബഹു. ജേക്കബ് അച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ടും, ക്രൈസ്തവജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ കടന്നുകൂടിയിട്ടുള്ള അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയുംപറ്റി കൊച്ചുപറമ്പിൽ ബഹു. ജോസച്ചൻ, ഇലഞ്ഞിമറ്റം ബഹു. ജോസഫച്ചൻ എന്നിവർ തയ്യാറാക്കിയ പഠനറിപ്പോർട്ടും സമിതിയിൽ അവതരിപ്പിച്ചു. റിപ്പോർട്ട് അവതാരകർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു. റിപ്പോർട്ടുകളിന്മേൽ നടന്ന ചർച്ചകൾക്ക് അഭിവന്ദ്യ പെരുന്തോട്ടം പിതാവും കുടുംബപ്രേഷിത വകുപ്പ് തലവൻ മുകളേൽ ബഹു. ജോസച്ചനും നേതൃത്വം നൽകി; അംഗങ്ങളെല്ലാം സജീവമായി ചർച്ചയിൽ പങ്കെടുത്തു.

അജപാലനപരമായ വിവിധ വിഷയങ്ങളെപ്പറ്റി തുടർന്നുള്ള സമയത്ത് വെള്ളാനിക്കൽ പെരിയ ബഹു. മാത്യു അച്ചൻ, കൊച്ചുപറമ്പിൽ ബഹു. ജോസച്ചൻ, പോരൂക്കര ബഹു. ആന്റണി അച്ചൻ തുടങ്ങിയവരും സംസാരിച്ചു. വലിയനോമ്പ് ആചരണത്തിന്റെ പൗരസ്ത്യപാരമ്പര്യ മാനങ്ങൾ, ദേവാലയ നിർമാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നാൽപതാം വെള്ളി ആചരണം, ഞായറാഴ്ച ആചരണം തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും വന്നത്. സാമ്പത്തിക ഇടപാടുകളിൽ ശ്രദ്ധിക്കേണ്ട നൈയാമിക കാര്യങ്ങളെപ്പറ്റി ഓഡിറ്റർ ബഹു. ജോസഫ് സാറും അതിരൂപത വൈദികക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി PPFA സെക്രട്ടറി മൂന്നാറ്റിൻമുഖം ബഹു. മാത്യു അച്ചനും സംസാരിച്ചു. മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിന്റെ 'കുടുംബം-അല്മായർ-ജീവൻ' എന്നിവയ്ക്കുവേണ്ടിയുള്ള കമ്മീഷന്റെ ജനറൽ സെക്രട്ടറിയായി നിയമിതനായ മൂലയിൽ ആന്റണി അച്ചന് വൈദികസമിതി ആശംസകൾ നേർന്നു. സെക്രട്ടറിയുടെ കൃതജ്ഞതയോടെ ഏകദേശം 1.30 ന് 38 പേർ പങ്കെടുത്ത സമ്മേളനം സമാപിച്ചു. ഏവർക്കും ഹൃദയപൂർവ്വം നന്ദി.

**ഫാ. ആന്റണി മൂലയിൽ**
സെക്രട്ടറി

# Golden Jubilee 1967-2017
# IXV Pastoral Council
# Archeparchy of Changanacherry

"ആഴത്തിലേക്ക് നീക്കി മീൻപിടിക്കാൻ വലയിറക്കുക" (ലൂക്കാ 5:4)

## പാസ്റ്ററൽ കൗൺസിൽ-പ്രസ്ബിറ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു

ചങ്ങനാശേരി അതിരൂപതയിൽ പാസ്റ്ററൽ കൗൺസിലും പ്രസ്ബിറ്ററൽ കൗൺസിലും രൂപീകൃതമായതിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനം 2016 മാർച്ച് 11 ശനിയാഴ്ച അതിരൂപത ആസ്ഥാനത്തുള്ള മാർ ജെയിംസ് കാളാശേരി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിച്ചു. വൈദികരുടെയും സന്യസ്തരുടേയും അൽമായരുടേയും പരസ്പര വിശ്വാസവും കൂട്ടുത്തരവാദിത്തവും കാലഘട്ടത്തിനനുസരിച്ചുള്ള ചിന്തകളും പ്രവൃത്തിയും സഭയെ പടുത്തുയർത്തുന്നതിന് അനിവാര്യമാണെന്ന് അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ പ്രഥമ സെക്രട്ടറിയും കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനുമായിരുന്ന ദിവംഗതനായ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ ശുശ്രൂഷകളെ അഭിവന്ദ്യ പിതാവ് അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും അതിന്റെ നവീകരണ ചൈതന്യം പൂർണ്ണമായി ഉൾക്കൊള്ളുകയും ചെയ്ത ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവാണ് 1967 സെപ്റ്റംബർ 14ന് ഉദ്ഘാടനം ചെയ്യപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്ററൽ കൗൺസിന്റെയും സ്ഥാപകൻ.

ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്ക് പിന്നിലുള്ള ആശയങ്ങളും ചിന്താഗതികളും മനോഭാവങ്ങളും മനസിലാക്കി അവയെ അതിജീവിക്കാനുള്ള കരുത്തു നേടുവാൻ അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. നിയുക്ത സഹായമെത്രാൻ മാർ തോമസ് തറയിൽ 14-ാമത് പാസ്റ്ററൽ കൗൺസിൽ ഡയറക്ടറിയുടെ പ്രകാശനം വികാരി ജനറാൾ മോൺ. ജെയിംസ് പാലയ്ക്കലിന് ആദ്യപ്രതി നൽകി നിർവ്വഹിച്ചു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠം പ്രഫസർ റവ. ഡോ. ജോസഫ് കടുപ്പിൽ അല്മായരുടെ വിളിയും ദൗത്യവും സഭയിലും ലോകത്തിലും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയും ഭരണഘടനാരൂപീകരണ സമിതിയംഗവുമായിരുന്ന റവ. ഡോ. ആന്റണി നിരപ്പേൽ, പാസ്റ്ററൽ കൗൺസിൽ പ്രഥമ അൽമായ സെക്രട്ടറി പ്രഫ. ഡോ. സ്കറിയ സഖറിയ എന്നിവർ ആശംസകളർപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ, പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഡോ. ആന്റണി മൂലയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി, അസി. സെക്രട്ടറി ജോസ് ആനിത്തോട്ടത്തിൽ, എക്യുമെനിസം- ഡയലോഗ്-പ്രേഷിത പ്രവർത്തന കമ്മിറ്റി കൺവീനർ ജോബി പ്രാക്കുഴി, കുടുംബക്ഷേമ കമ്മറ്റി കൺവീനർ സൗമി ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രാർത്ഥനാ ശുശ്രൂഷയ്ക്ക്

റവ. സി. മേരി ജിൻസി LSDP നേതൃത്വം നൽകി.

കെ.സി.ബി.സിയുടെ SC/ST/BC കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. ജയിംസ് ഇലവുങ്കൽ, KCBC മദ്യവിരുദ്ധ സമിതി റീജണൽ ഡയറക്ടറായി നിയമിതനായ റവ. ഫാ. ജോർജ് കപ്പാമൂട്ടിൽ, KCBC മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തോമസ്കുട്ടി മണക്കുന്നേൽ, അധ്യാപകർക്കുള്ള ഗുരുശ്രേഷ്ഠ അവാർഡ് നേടിയ ശ്രീ. സിബി മുക്കാടൻ എന്നിവരെ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് അനുമോദിച്ചു.

സമ്മേളനത്തെ തുടർന്ന് പാസ്റ്ററൽ കൗൺസിലിന്റെ ഒൻപത് വിവിധ കമ്മറ്റികൾ യോഗം ചേർന്ന് പ്രവർത്തന മാർഗ്ഗരേഖയും ജൂബിലി വർഷാചരണവും ചർച്ച ചെയ്തു. പൊതുചർച്ചയിൽ ഉയർന്നുവന്ന വിഷയങ്ങളിൽ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് വിശദീകരണം നൽകി.

പരിപാടികൾക്ക് റവ. ഡോ. റ്റോം പുത്തൻകളം, റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ.ഫാ. റോജൻ നെൽപ്പുരയ്ക്കൽ, റവ.ഡോ. ആന്റണി മൂലയിൽ, ഡോ. സോണി കണ്ടങ്കരി, ജോസ് ആനിത്തോട്ടത്തിൽ, പ്രിൻസ് അറക്കൽ, ജെറിൻ ജോസഫ്, ലാൽസി ജോസഫ്, കുഞ്ഞുമോൾ ജോസഫ്, ജുബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് ശ്ലൈഹിക ആശീർവാദം നൽകി. അതിരൂപത ആന്തത്തോടെ പരിപാടികൾ സമംഗളം പര്യവസാനിച്ചു.

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)



**സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ കുടുംബങ്ങൾക്കും അല്മായർക്കും ജീവനും വേണ്ടിയുള്ള കമ്മീഷന്റെ ജനറൽ സെക്രട്ടറിയായി നിയമിക്കപ്പെട്ട റവ. ഡോ. ആന്റണി മൂലയിലച്ചന് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.**



**കെ. സി. ബി. സിയുടെ SC/ST/BC കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. ജയിംസ് ഇലവുങ്കലിന് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.**

**അനുസ്മരണം**



റവ. ഫാ. വർഗീസ്
വാണിയപ്പുരക്കൽ

# 'മോഹങ്ങളില്ലാത്ത വൈദികൻ'

ഈശോമിശിഹായിൽ അന്വർത്ഥമാക്കപ്പെട്ട, രണ്ടാം ഏശയ്യാ പ്രവചനങ്ങളുടെ ഓർമ്മ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന വലിയ നോമ്പിന്റെ ആദ്യദിനങ്ങൾ ഈ വർഷം ഇത്തിത്താനം വൈദികമന്ദിര നിവാസികൾക്ക് മിശിഹായെപ്രതി സഹനദാസനായി ജീവിച്ച ഒരു സഹവൈദികന്റെ നിത്യസമ്മാനത്തിനായുള്ള വേർപാടിന്റെ മ്ലാനത നിറഞ്ഞതായിരുന്നു. മാർച്ചു മാസം 9-ാം തീയതി വ്യാഴാഴ്ച പ്രഭാതത്തിൽ എല്ലാവരും വിശുദ്ധ കുർബാനയർപ്പിക്കാൻ ചാപ്പലിൽ അണിഞ്ഞൊരുങ്ങി നിൽക്കുമ്പോൾ, അപ്രതീക്ഷിതമായ ഒരു അറിയിപ്പുണ്ടായി- ബഹു. വാണിയപ്പുരക്കലച്ചൻ മരിച്ചുപോയി. താമസമില്ലാതെ, അദ്ദേഹത്തിന്റെ മൃതദേഹം ചെത്തിപ്പുഴ ആശുപത്രി മോർച്ചറിയിലേക്കു കൊണ്ടുപോകുന്ന വാഹനത്തിന്റെ ശബ്ദം മുഴങ്ങിക്കേട്ടു. എല്ലാവരും അൽപനേരം കണ്ണടച്ചു നിന്നു പ്രാർത്ഥിച്ചു. ഒരാഴ്ച മുമ്പ് അദ്ദേഹത്തിന്റെ സഹനം കണ്ടു മനംനൊന്ത്, ദൈവമെ ഈ സഹനം ഏറെനാൾ നീണ്ടുപോകല്ലേ എന്നു പ്രാർത്ഥിച്ചതു കൈക്കൊണ്ട ദൈവത്തിനു ഞാൻ നന്ദി പറഞ്ഞു. മരണത്തിനു തൊട്ടുമുമ്പ് അദ്ദേഹം അൽപം ഭയപ്പാടോടെ, ആരൊക്കെയോ തന്നെ കൊണ്ടുപോകാൻ വരുന്നു എന്ന് അർദ്ധബോധാവസ്ഥയിൽ പറഞ്ഞതായി അദ്ദേഹത്തെ ശുശ്രൂഷിച്ചുനിന്ന സിസ്റ്റർ ജാൻസി പിന്നീടു പറഞ്ഞു. സിസ്റ്റർ സുകൃതജപങ്ങൾ ചൊല്ലിക്കൊടുത്ത് ആശ്വസിപ്പിക്കുന്നതിനിടയിൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

വാണിയപ്പുരയ്ക്കൽ വർഗീസച്ചൻ 1933 ജൂലൈ മാസം 10-ാം തീയതി പുറക്കാടു മാർ സ്ലീവാ ഇടവകയിൽ ജനിച്ചു. വാണിയപ്പുരക്കൽ കുര്യാക്കോസും മേരിയുമായിരുന്നു മാതാപിതാക്കൾ. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1955 ജൂൺ മാസത്തിൽ അദ്ദേഹം പാറേൽ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1958 മുതൽ '64 വരെ വർഷങ്ങളിലായി മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1964 ഡിസംബർ മാസം 1-ാം

തീയതി അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്‌വേളയിൽ, ബോംബെയിൽ വച്ച് മാർ മാത്യു കാവുകാട്ട് പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിക്കുകയും അടുത്ത ദിവസം പ്രഥമദിവ്യബലി അർപ്പിക്കുകുയം ചെയ്തു. 1965ൽ നെടുങ്കുന്നം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും 1966 മുതൽ 2007 വരെ വർഷങ്ങളിലായി പേഴുംപാറ, ചെമ്പുംപുറം, മണ്ണാർകുന്ന്, ആര്യാട്, ചങ്ങങ്കരി, മാമ്പുഴക്കരി, കുമരങ്കരി, കൊണ്ടാക്കൽ, അരുവിക്കുഴി, മാന്നില, ആറുമാനൂർ, ചേപ്പുംപാറ, കട്ടച്ചിറ, ചെറിയ വെളിനെല്ലൂർ, പാണ്ടി എന്നീ പള്ളികളിൽ വികാരിയായും പാറേൽ, കുറുമ്പനാടം പള്ളികളിൽ അസ്സോസിയേറ്റ് വികാരിയായും വൈദിക ശുശ്രൂഷകൾ ചെയ്തു. 2007ൽ ഇത്തിത്താനം വൈദികമന്ദിരത്തിൽ വിശ്രമജീവിതം ആരംഭിച്ചു. സെമിനാരി ജീവിതകാലം മുതൽ ഉദരരോഗം അദ്ദേഹത്തെ ദുർബലനും അസ്വസ്ഥനുമാക്കിയിരുന്നു. ജീവിതത്തിന്റെ അവസാനവർഷങ്ങളിൽ നിരന്തരമായ സഹനത്തിന്റെ സ്ലീവയിലാണ് അദ്ദേഹം ദിനരാത്രങ്ങൾ കഴിഞ്ഞിരുന്നത്. അക്കാലത്തും മനഃശാന്തിയോടെ, മന്ദസ്മിതം തൂകി സന്ദർശകർക്കു സന്തോഷം പകരാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ദിവ്യകാരുണ്യ കോൺഗ്രസ്സിൽ ആരംഭിച്ച വൈദികജീവിതത്തിൽ ദിവ്യകാരുണ്യനാഥൻ അനുദിനം ശക്തി പകർന്നിരുന്നു.

കെൽപുകേടു കാരണം ഏറെയും ചെറിയ ഇടവകകളിലാണ് അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നത്. അവിടെയെല്ലാം തുറന്ന മനസ്സോടും എളിയ ജീവിത ശൈലിയോടും കൂടെയുള്ള ശുശ്രൂഷവഴി ഇടവകക്കാരുടെ സ്നേഹാദരവുകൾ ആർജ്ജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സംസ്കാര കർമ്മങ്ങളിലെ വീട്ടിൽ വച്ചുള്ള ശുശ്രൂഷയിൽ പങ്കെടുത്തു സംസാരിക്കവേ, അഭിവന്ദ്യ പവ്വത്തിൽ പിതാവ് വർഗീസച്ചന്റെ ഈ നന്മയെ 'മോഹങ്ങളില്ലാത്ത ഒരു വൈദികൻ' എന്ന് പ്രശംസിക്കുകയുണ്ടായി. 'കുരുവല്ലി വനഭൂവിൽ നിൽക്കിലും കുരുമാണതിനു താന്തി വേറെയും' എന്നു കുമാരനാശാൻ പാടിയത് ഇത്തരം സ്വഭാവ വിശേഷത്തെ  പ്രകീർത്തിച്ചുകൊണ്ടായിരിക്കാം.

സഹപാഠികളായ വൈദികരോടുള്ള ഉറ്റ സൗഹൃദം വർഗീസച്ചന്റെ ഒരു സവിശേഷത ആയിരുന്നു. സൗകര്യമുള്ള ദിവസങ്ങളിൽ സ്നേഹിതന്മാരായ വൈദികരെ സന്ദർശിച്ച് കുറെ സമയം അവരോടു സഹവസിക്കുക അച്ചനു സന്തോഷമായിരുന്നു. അദ്ദേഹത്തെ സൽക്കരിക്കാൻ ഒരു കരുതലും ആവശ്യമില്ലായിരുന്നു. ഒരു കിളി കഴിക്കുന്നിടത്തോളം പഥ്യാഹാരം, അതുമാത്രം മതി. ജീവിതത്തിൽ ഒരു നേരമെങ്കിലും അദ്ദേഹം നന്നായി ഭക്ഷണം കഴിച്ചിട്ടുണ്ടോയെന്നു സംശയമാണ്. ഒരിക്കൽ അദ്ദേഹം എന്നെ സന്ദർശിച്ച്, വൈകുന്നേരം 'ഇനിയും കാണാം' എന്നു യാത്ര പറഞ്ഞുപോയത് ഇപ്പോൾ മനസ്സിൽ ഉദിച്ചുവരുന്നു.

2017 മാർച്ചുമാസം 13-ാം തീയതി തിങ്കളാഴ്ച വീട്ടിൽ വച്ചു നടത്തുന്ന ഒന്നാം ശുശ്രൂഷയും മൃതദേഹം പള്ളിയിൽ കൊണ്ടുവന്ന ശേഷമുള്ള രണ്ടാം ശുശ്രൂഷയും കഴിഞ്ഞ് 11 മണിക്ക് വൈദികരുടെ മൃതസംസ്കാരകർമ്മങ്ങളിലെ അവസാന ശുശ്രൂഷകൾ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മിക

ത്വത്തിൽ പുറക്കാട് മാർ സ്ലീവാ ദൈവാലയത്തിൽ ആരംഭിച്ചു. വിശുദ്ധ കുർബാനയും വിടവാങ്ങൽ ശുശ്രൂഷയും നഗരികാണിക്കലും കഴിഞ്ഞ് മൃതദേഹം സിമിത്തേരിയിൽ സ്ഥാപിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നു വന്നുചേർന്ന വൈദികരും സന്യസ്തരും ഉൾപ്പെടെയുള്ള ജനസഞ്ചയം നിരനിരയായി വന്ന് അച്ചന് അന്ത്യചുംബനമർപ്പിച്ച് ആദരവോടെ മാറിനിൽക്കുമ്പോൾ കാർമ്മികനായ മെത്രാനച്ചൻ എല്ലാവർക്കുംവേണ്ടി പറയുന്ന സ്വരം മുഴങ്ങി: "പ്രിയപ്പെട്ട സഹോദരാ, ഇവിടം വരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു; ഇനിയും ദൈവദൂതന്മാർ അങ്ങയെ എതിരേൽക്കും". വർഗീസച്ചൻ അന്ത്യശ്വാസമെടുത്തപ്പോൾ കണ്ടത് ആ മാലാഖമാരെയല്ലേ!

ആ പാവനദേഹം കല്ലറയിൽ അടയ്ക്കപ്പെട്ടു. അധരങ്ങളെ വിട്ടുമാറിയ പ്രാർത്ഥനാമന്ത്രങ്ങൾ ഹൃദയതലങ്ങളിൽ സ്ഥലംപിടിച്ചു. എല്ലാവരും മൗനമായി മടങ്ങിപ്പോയി. വർഗീസച്ചന്റെ ഒന്നും കാണാനില്ലാത്ത പുതിയ വാസസ്ഥലത്തേക്ക് ഒന്നുകൂടി തിരിഞ്ഞുനോക്കിയിട്ട് സഹവൈദികരായ ഞങ്ങളും വാഹനത്തിൽ കയറി. ഡോർ അടഞ്ഞു. അപ്പോൾ ആ പഴയ രണ്ടു പദങ്ങൾ ഉയിർപ്പിന്റെ പ്രത്യാശയുടെ മൃദുല വെളിച്ചത്തിൽ മനസ്സിൽ തെളിഞ്ഞും മറഞ്ഞും നിന്നു. "ഇനിയും കാണാം".

**ഫാ. ജോസഫ് പുളിക്കൽ**


## അമല പാസ്റ്ററൽ സെന്റർ, വെഞ്ഞാറമ്മൂട്

| | |
|---|---|
| ഏപ്രിൽ 1 | : ഏകദിന ഉപവാസ പ്രാർത്ഥന |
| ഏപ്രിൽ 9,10,11,12 | : ജീവിത വിശുദ്ധികരണ ധ്യാനം (ഓശാന ഞായർ വൈകുന്നേരം ആരംഭിച്ച് പെസഹാ ബുധൻ വൈകുന്നേരം വരെ.<br>ധ്യാനം നയിക്കുന്നത്: പുന്നപ്ര IMS ധ്യാന ടീം. |
| ഏപ്രിൽ 22 | : ഏകദിന ഉപവാസ പ്രാർത്ഥന |
| ഏപ്രിൽ 24,25,26,27 | : റൂഹാഭിഷേക ധ്യാനം<br>(തിങ്കളാഴ്ച രാവിലെ ആരംഭിച്ച് വ്യാഴാഴ്ച ഉച്ച വരെ)<br>നയിക്കുന്നത്: വെഞ്ഞാറമൂട് അമല ധ്യാന ടീം |
| ഏപ്രിൽ 27, 28, 29,30: | കൃപാഭിഷേക ധ്യാനം:<br>നയിക്കുന്നത്: ഫാ. ജോർജ് പഴയപുര,<br>ബ്രദർ ജോസ് കാനാട്ട് |

**കൂടുതൽ വിവരങ്ങൾക്ക്: 9847613945**



റവ. ഫാ. ജേക്കബ്
കുളംകുത്തിയിൽ

# 'പരാതിപ്പെടാതെ സഹിച്ചു'

ചങ്ങനാശ്ശേരി അതിരൂപതയിൽ നാളിതുവരെയുണ്ടായിട്ടുള്ള വൈദികരുടെ കൂട്ടത്തിൽ തുല്യതകളില്ലാത്ത ഒന്നാണ് കുളംകുത്തിയിൽ ജേക്കബ് അച്ചന്റെ സ്ഥാനം. ദീർഘകാലം കാലുകൾ രണ്ടുമില്ലാതെ ജീവിച്ച വേറൊരു വൈദികൻ ചങ്ങനാശേരി അതിരൂപതയുടെ ചരിത്രത്തിലുണ്ടോ? കലശലായ പ്രമേഹരോഗം അദ്ദേഹത്തിൽ പിടിമുറുക്കിയത് കാലുകൾ രണ്ടും വിഛേദിച്ചുകളയേണ്ട അവസ്ഥ സംജാതമാക്കിക്കൊണ്ടായിരന്നു. 2003ൽ ഒരു കാലും 2010ൽ രണ്ടാമത്തെ കാലും. അമ്പത്തിമൂന്ന് വർഷ ത്തോളം നീണ്ട അദ്ദേഹത്തിന്റെ പൗരോഹിത്യജീവിതത്തിൽ 39 വർഷം അദ്ദേഹം ദിനംതോറും ബലയർപ്പിച്ചു. ബാക്കി വർഷങ്ങളിൽ അദ്ദേഹം ബലിയർപ്പിക്കുക മാത്രമല്ല, ബലി ജീവിക്കുകയും ചെയ്തു. വഴിയേ ളോവ യിട്ട് നടന്നുപോയ ഒരു വൈദികനെ നോക്കി റോഡുവക്കത്തുള്ള ഒരു വീട്ടിലെ ഒരു കൊച്ചുകുട്ടി പറയുകയാണ്: "മമ്മീ, ദേ, കുർബാന പോകുന്നു ന്നു. ആ കുഞ്ഞ് പറഞ്ഞത് എത്ര ശരി! കുളംകുത്തിയച്ചന്റെ ജീവിതത്തിൽ അവസാനത്തെ 14 വർഷം അദ്ദേഹം കുർബാനയർപ്പിക്കുക മാത്രമല്ല കുർബാനയായിത്തീരുകയും കൂടിയായിരുന്നു– ഒരു കാൽ മാത്രമുള്ളവ നായി 14 വർഷവും ഒരു കാലും ഇല്ലാത്തവനായി 10 വർഷവും. തന്റെ ദാരുണമായ അവസ്ഥയെപ്പറ്റി, സ്വയം എഴുന്നേറ്റിരിക്കാൻ പോലും നിവൃ ത്തിയില്ലാതെ കട്ടിലിൽത്തന്നെ പല വർഷങ്ങൾ കഴിഞ്ഞുകൂടേണ്ടതിനെ പ്പറ്റി, ദൈവത്തോടോ മനുഷ്യരോടോ അദ്ദേഹം പരാതിപ്പെട്ടില്ലെന്നു മാത്ര മല്ല സന്ദർശകരോടൊക്കെ തന്റെ ബുദ്ധിമുട്ടുകളെ കുറിച്ച് ഒരു സൂചന പോലും നൽകാതെ സംസാരിക്കുകയും ചെയ്തിരുന്നു. താൻ ജോലി ചെയ്ത ഇടവകകളിൽ നിന്നെത്തുന്നവരോട് തന്റെ രോഗത്തെക്കുറിച്ച് സംസാരിക്കുകയല്ല അവരുടെ ഇടവകകളെക്കുറിച്ചും അവിടുത്തെ ആളു കളെക്കുറിച്ചും ആരായുകയാണ് അദ്ദേഹം ചെയ്തിരുന്നത്. സഹപാഠി

കളോ സുഹൃത്തുക്കളോ ആയ വൈദികൻ ചെന്നാലും ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ രീതി.

അതിരൂപതയിൽ ഉന്നതസ്ഥാനങ്ങൾക്കു വേണ്ടിയുള്ള മോഹം അദ്ദേഹത്തിന് അന്യമായിരുന്നു. ഏൽപിക്കപ്പെട്ട ജോലി സമർപ്പണബോധത്തോടെ ചെയ്യുക എന്നതല്ലാതെ സ്ഥാനമാനങ്ങൾ മോഹിച്ച് നടക്കുന്ന ആളായിരുന്നില്ല അദ്ദേഹം. അതുകൊണ്ട്, ഫൊറോനാകളും സിംഹാസനങ്ങളും ഒന്നും അദ്ദേഹത്തെ തേടി എത്തിയില്ല. തനിക്കു നിയോഗിക്കപ്പെട്ട സ്ഥാനങ്ങളിൽ പരിമിതികളെക്കുറിച്ച് പരാതിപ്പെടാതെ അദ്ദേഹം വിയർത്തൊഴിച്ച് അധ്വാനിച്ചു. കമ്പിയും തൂമ്പായും ഉളിയും കൊട്ടുപിടിയും ഉപയോഗിച്ച് പകൽ മാത്രമല്ല രാത്രിയിലും അധ്വാനിക്കുന്ന കുളംകുത്തിയിലച്ചനെ അജഗണങ്ങൾ നേരിട്ടു കണ്ടിട്ടുള്ളതാണ്. കുന്നന്താനത്ത് വികാരിയായിരുന്ന കാലത്ത് അവിടെ ദൈവപരിപാലന ഭവനത്തിന്റെ അങ്കണത്തിലുള്ള ഒരു ഗ്രോട്ടോ അദ്ദേഹം സ്വന്തം കൈകൊണ്ട് പണിതെടുത്തതിന്റെ ചരിത്രം അവിടുത്തെ സന്യാസിനികൾ പറയും. ഇത്രയേറെ കായികാധ്വാനം ചെയ്തിരുന്ന കുളംകുത്തിയച്ചനെ പ്രമേഹം കീഴടക്കിയതെങ്ങനെ എന്നത് ഒരു ഉത്തരമില്ലാത്ത ചോദ്യമാണ്.

കായികാധ്വാനത്തിൽ അത്യുത്സാഹിയായിരുന്ന അച്ചൻ വചനശുശ്രൂഷ അവഗണിച്ചു എന്ന് വിചാരിക്കേണ്ട. പ്രസംഗപീഠത്തിൽ ആവേശപൂർവ്വം കത്തിക്കയറുന്ന അച്ചന്റെ വാഗ്ധാടി അജഗണങ്ങൾക്ക് പരിചിതമാണ്.

കുളംകുത്തിയച്ചൻ 1934 ആഗസ്റ്റ് 10ന് ജനിച്ചു. 1964 മാർച്ച് 12ന് പൗരോഹിത്യാഭിഷേകം സ്വീകരിച്ചു. കാഞ്ഞിരപ്പള്ളി ഫൊറോനാ (അസിസ്റ്റന്റ് വികാരി), മണലാടി, ദാൽമുഖം, മല്ലപ്പള്ളി, കോട്ടാങ്ങൽ, ഇരവുചിറ, വെൺചെമ്പ്, കാവാലം ലിസ്യു, പുന്നത്തുറ എസ്റ്റേറ്റ്, പ്രക്കാട്ട്, ചുങ്കപ്പാറ, കുന്നന്താനം, ചേലക്കര എസ്റ്റേറ്റ്, പള്ളിക്കുന്ന്, രാജമറ്റം, തടിയൂർ, എഴുറ്റൂർ, വള്ളംചിറ, കടയനിക്കാട്, കോട്ടയ്ക്കപ്പുറം എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചു. 2017 ഫെബ്രുവരി 25-ാം തീയതി തന്നെ വിളിച്ച വന്ദ്യഗുരുവിന്റെ അടുക്കലേക്ക് അദ്ദേഹം യാത്രയായി.

**ഫാ. തോമസ് മറ്റപ്പള്ളി**

**അവധിക്കാല ക്യാമ്പുകൾക്കും, ധ്യാനങ്ങൾക്കും നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ ഒരു ടീം സജ്ജമാണ്. താല്പര്യമുള്ള വികാരിയച്ചന്മാർ ബന്ധപ്പെടുക.**

**ഡീക്കൻ വർഗ്ഗീസ് പ്ലാമ്പറമ്പിൽ (ആശിഷ്) - 8281787122**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

## ഐക്യ ജാഗ്രതാ കമ്മീഷൻ സോണൽ മീറ്റിംഗ്

കെ.സി.ബി.സി ഐക്യ ജാഗ്രതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18/3/17 തീയതിയിൽ മാവേലിക്കര ബിഷപ്സ് ഹൗസിൽ വച്ച് കോട്ടയം സോണിന്റെ മീറ്റിംഗ് നടന്നു. കമ്മീഷൻ ചെയർമാൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ സംഗമം ഉദ്ഘാടനം ചെയ്തു. മാധ്യമ സംസ്കാരവും സഭ പുലർത്തേണ്ട ജാഗ്രതയും എന്ന വിഷയം ഡോ. റൂബിൾരാജ് അവതരിപ്പിച്ചു. റവ. ഡോ. സാജു കുത്തോടിപുത്തൻപുരയിൽ, റവ. ഡോ. ജോളി വടക്കൻ, അഡ്വ. ജോജി ചിറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. റൂബിൾരാജ്, അഡ്വ. ജോജി ചിറയിൽ, റവ. ഫാ. ആന്റണി തലച്ചല്ലൂർ, ഡോമിനിക്ക് വഴീപ്പറമ്പിൽ, തുടങ്ങിയവർ ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രതിനിധികളായി സംഗമത്തിൽ പങ്കെടുത്തു.

## മദ്യനയം അട്ടിമറിക്കാനുള്ള ശ്രമത്തിൽ പ്രതിഷേധിച്ചു

ഘട്ടം ഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനവും അതിനുവേണ്ടി സ്വീകരിച്ച നടപടികളും അട്ടിമറിക്കുവാനുള്ള ഇപ്പോഴത്തെ ശ്രമത്തിൽ പ്രതിഷേധം രേഖപ്പെടുത്തി. മദ്യനിരോധനമല്ല മദ്യവർജനമാണ് അഭിലഷണീയം എന്ന് ഉത്തരവാദിത്തപ്പെട്ടവരുടെ നിലപാടുകൾ ആശങ്കാജനകമാണെന്നും, മദ്യനിരോധനവും മദ്യവർജനവും ഒന്നിച്ചു കൊണ്ടുപോകണമെന്നും സമിതി ആവശ്യപ്പെട്ടു. സുപ്രിം കോടതി വിധി ദുർവ്യാഖ്യാനം ചെയ്ത് ചങ്ങനാശ്ശേരി ടൗണിലുള്ള ബിവറേജ് ഔട്ട്ലെറ്റ് മാർക്കറ്റിനുള്ളിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാനുള്ള നീക്കത്തിൽ നിന്നും ബന്ധപ്പെട്ടവർ പിൻമാറണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ, ജാഗ്രതാസമിതി

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

നോമ്പിന്റെ ചൈതന്യത്തിൽ നിറഞ്ഞ് നമുക്ക് ഉത്ഥാനാനുഭവം സ്വന്തമാക്കാൻ ഒരുങ്ങാം. ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവാനുള്ള വലിയ ദൗത്യം നമുക്കായി നൽകപ്പെട്ടിരിക്കുകയാണല്ലോ .ഈ പ്രേഷിതദൗത്യം തുടങ്ങേണ്ടത് നമ്മുടെ കുടുംബങ്ങളിലും നിറയേണ്ടത് നമ്മുടെ കൂട്ടായ്മകളിലുമാണ്. ഇതിലൂടെ ലോകം മുഴുവനും ഈശോയെ അറിയുവാനും അവിടുത്തെ രക്ഷ സ്വന്തമാക്കുവാനും ഏവർക്കും സാധിതമാകണം. വചനമായ ഈശോയെ എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ നാം തുടക്കം കുറിച്ച ബൈബിൾ സ്പോൺസേഴ്സ് ഫോറം എന്ന സംരംഭത്തോട് നല്ല സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ബൈബിൾ സ്വന്തമായില്ലാത്തവർക്ക് ഒരു ബൈബിൾ സൗജന്യമായി നൽകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ബൈബിളിന് 100 രുപാ നിരക്കിൽ അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫിസിൽ നൽകിയാൽ മതിയാകുന്നതാണ്. ഈ വലിയ ദൗത്യത്തോട് ഇടവകകളുടെ സഹായസഹകരണങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

കുടുംബക്കൂട്ടായ്മകൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ക്രമീകരണത്തിന്റെ ഭാഗമായി ഓരോ ഫൊറോനയിലും ഫൊറോനാ ഡയറക്ടർമാരുടെ നേതൃത്വം ഇനിമുതൽ എല്ലാ ഫൊറോനകളിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആദിമസഭയുടെ കൂട്ടായ്മ ചൈതന്യത്തിൽ നിറഞ്ഞെങ്കിൽ മാത്രമെ യഥാർത്ഥ ക്രൈസ്തവസാക്ഷ്യംനൽകുവാൻ നമുക്കു സാധിക്കുകയുള്ളു.

കുടുംബക്കുട്ടായ്മകളുടെ ഉപയോഗത്തിനായി അതിരൂപതയിൽനിന്നും തയ്യാറാക്കി നൽകിയ കൂട്ടായ്മാഡയറി ഇനി ഏതാനും ഇടവകകൾകൂടി വാങ്ങി ഉപയോഗിക്കേണ്ടതായുണ്ട്. രൂപതയിലെ ഏകീകരണമെന്ന നിലയിൽ ഇതിനോട് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

2017 ലെ ലോഗോസ്ക്വിസ് മത്സരം സെപ്റ്റംബർ 24-ാം തീയതി നടക്കുന്നതാണ്. വിശ്വാസോത്സവത്തോടനുബന്ധിച്ച് ലോഗോസ് ക്വിസ് പഠനവിഷയം കുട്ടികളെ പരിചയപ്പെടുത്തുകയും മുൻകൂട്ടി ഒരുങ്ങി വലിയ പങ്കാളിത്തം നൽകി ഈ ബൈബിൾ പഠനപദ്ധതി വിജയിപ്പിക്കണമെന്നോർപ്പിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ വർഷത്തെ ലോഗോസ് സമ്മാനങ്ങൾ വാങ്ങുവാനുള്ളവർ അതിരൂപതാ ഓഫിസിൽനിന്നും വാങ്ങേണ്ടതാണ്.

പ്രാർത്ഥനയിൽ സ്നേഹപൂർവ്വം

**ഫാ.ആന്റണി പുത്തൻകളം**

ഡയറക്ടർ

## അറിയിപ്പുകൾ

**2017- ലെ ലോഗോസ് പഠനവിഷയങ്ങൾ**

| | |
|---|---|
| സംഖ്യ | - 22 മുതൽ 36 വരെ അദ്ധ്യായങ്ങൾ |
| സുഭാഷിതങ്ങൾ | - 21 മുതൽ 31 വരെ അദ്ധ്യായങ്ങൾ |
| വി. മത്തായി | - 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ |
| വെളിപാട് | - 4 മുതൽ 9 വരെ അദ്ധ്യായങ്ങൾ |

**പ്രായവിഭാഗങ്ങൾ**

| | |
|---|---|
| എ - വിഭാഗം | 1 - 1 - 2006 നു ശേഷം ജനിച്ചവർ |
| ബി - വിഭാഗം | 1 - 1 2001 നും 31 - 12 -2005 നും ഇടയ്ക്ക് ജനിച്ചവർ |
| സി - വിഭാഗം | 1 - 1 - 1986 നും 31 - 12 - 2000 നും ഇടയ്ക്ക് ജനിച്ചവർ |
| ഡി - വിഭാഗം | 1 - 1 - 1966 നും 31 - 12 - 1985 നും ഇടയ്ക്ക് ജനിച്ചവർ |
| ഇ - വിഭാഗം | 1 - 1 - 1953 നും 31 - 12 - 1965 നും ഇടയ്ക്ക് ജനിച്ചവർ |
| എഫ് - വിഭാഗം | 31 - 12 - 1952 നു ശേഷം ജനിച്ചവർ |

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ

### ഏപ്രിൽ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഏപ്രിൽ | 7-9 | യുവജനധ്യാനം |
| | 11-12 | യുവജന ട്രെയിനിംഗ് പരിപാടി |
| | 12 | നിശാരാധന (6 p.m. - 10 p.m.) |
| | 17-19 | വിവാഹ ഒരുക്ക ധ്യാനം |
| | 20 | അഖണ്ഡ ജപമാല |
| | 22 | ധ്യാനടീമംഗങ്ങളുടെ കൂട്ടായ്മ |
| | 23-27 | വിശ്വാസാനുഭവ ധ്യാനം (ഞായർ 5 p.m. - വ്യാഴം 2 p.m.) |
| | 28 | കുന്നന്താനം സബ്സോണൽ കൂട്ടായ്മ |
| | 29-മെയ് 1 | ക്രിസ്റ്റീൻ ധ്യാനം (ശനി 8.30 a.m. -തിങ്കൾ 4 p.m.) |
| മെയ് 5 മുതൽ 7 വരെ | | ആന്തരികസൗഖ്യ ധ്യാനം ഉണ്ടായിരിക്കുന്നതാണ്. |

**ഫാ. മാത്യു താന്നിയത്ത്**
ഡയറക്ടർ-9446903631

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

വിശ്വാസോത്സവ ദിനങ്ങളിലാണു നാം. മിശിഹാനുഭവത്തിൽ ആഴപ്പെടുക എന്നതാണല്ലോ വിശ്വാസപരിശീലന ലക്ഷ്യം. കാരണം, മതബോധനത്തിന്റെ വിഷയം തന്നെ "ഈശോമിശിഹാ"യാണ്. ഈ വർഷത്തെ വിശ്വാസോത്സവ വിഷയവും ഇതിൽ കേന്ദ്രീകൃതമാണ്. "ഈശോയിലേയ്ക്ക് വളരുക".

ഏപ്രിൽ മാസം കർത്താവിന്റെ ഉയിർപ്പുതിരുനാളും പീഡാസഹനവാരവും എല്ലാം കൂടി ഒത്തുചേരുമ്പോൾ കുഞ്ഞുങ്ങൾക്ക് ഈ വിശ്വാസോത്സവം ഉയിർപ്പുതിരുനാളിലേയ്ക്കുള്ള നല്ല ഒരു ഒരുക്കവുമാകും. വിശ്വാസോത്സവ സംബന്ധമായി സന്ദേശനിലയം നല്കിയിട്ടുള്ള ക്രമീകരണങ്ങളോട് പൂർണ്ണ മായും സർവ്വാത്മനാ സഹകരിക്കണമെന്നോർമ്മിപ്പിക്കട്ടെ. വിശ്വാസപരിശീല നത്തിൽ അതിരൂപത തുടർന്നുപോരുന്ന നിലപാടുകളും കാഴ്പ്പാടുകളും അതിന്റെ പൂർണ്ണ ചൈതന്യത്തിൽ നിലനിർത്തുവാൻ വിശ്വാസപരിശീലകരായ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഏവർക്കും അനുഗ്രഹപ്രദമായ ദിന ങ്ങൾ ആശംസിക്കുന്നു.

ഉറപ്പുള്ള സാന്നിദ്ധ്യം നമുക്ക് വാഗ്ദാനം ചെയ്ത ഉത്ഥിതനായ ഈശോ യുടെ സന്തോഷവും, സമാധാനവും വീണ്ടും സ്വന്തമാക്കുവാൻ ഈ ഉത്ഥാന തിരുനാൾ നമുക്ക് ഇടയാകട്ടെ.

ഉത്ഥിതന്റെ സന്തോഷം ഏവർക്കും ആശംസിച്ചുകൊണ്ട് സ്നേഹപൂർവ്വം

**ജോബിയച്ചൻ**

**അറയ്ക്കലച്ചൻ**

**ജോസിയച്ചൻ**

## അറിയിപ്പുകൾ

### ഏപ്രിൽ

| | | |
|---|---|---|
| 2 ഞായർ | : | നോമ്പുകാലം ആറാം ഞായർ,<br>രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ |
| 9 ഞായർ | : | ഓശാന ഞായർ |
| 12 ബുധൻ | : | ഓഫീസ് അവധി (12 ബുധൻ മുതൽ 16 ഞായർ വരെ ഓഫീസ് അവധി) |
| 13 വ്യാഴം | : | പെസഹാവ്യാഴം |
| 14 വെള്ളി | : | പീഡാനുഭവവെള്ളി |
| 15 ശനി | : | വലിയശനി |

16 ഞായർ : ഉയിർപ്പുതിരുനാൾ

22 ശനി : അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ, MCC Class

30 ഞായർ : കതിരൊളി മെഗാക്വിസ്

**മെയ്**

1 തിങ്കൾ : മെയ് ദിനം (ഓഫീസ് അവധി)

20 ശനി : അതിരൂപതാദിനം (ഓഫീസ് അവധി)

25 വ്യാഴം : സ്വർഗ്ഗാരോഹണത്തിരുനാൾ (കടമുള്ള ദിവസം, ഓഫീസ് അവധി)

27 ശനി : മതാദ്ധ്യാപക നേതൃസംഗമം

## സ്കോളർഷിപ്പ് പരീക്ഷകൾ

അതിരൂപതാ സൺഡേസ്കൂൾ സ്കോളർഷിപ്പ്പരീക്ഷ ഏപ്രിൽ 22-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഫൊറോന സ്കോളർഷിപ്പ് പരീക്ഷ കേന്ദ്രങ്ങൾ അറിയുവാൻ അതാതു ഫൊറോനസെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 28 കാണുക.

## നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് മെയ് 8, 9, 10 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. ഏപ്രിൽ 12-നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമല്ലോ. രജി. ഫീസ് 750രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 31, 32 കാണുക.

## കതിരൊളി മെഗാ ക്വിസ്

വിഷയം : 2016 വർഷത്തെ 4 ലക്കങ്ങൾ

സ്ഥലം : സന്ദേശനിലയം

തീയതി : ഏപ്രിൽ 30 ഞായർ

സമയം : ഉച്ചകഴിഞ്ഞ് 2.30 ന്

പങ്കെടുക്കുന്ന മതാധ്യാപകർ വികാരിയച്ചന്റെ സാക്ഷ്യപത്രവുമായി എത്തണം. ഒരു സൺഡേസ്കൂളിൽ നിന്നും എത്ര അദ്ധ്യാപകർക്കുവേണമെങ്കിലും പങ്കെടുക്കാം. രജിസ്ട്രേഷനുള്ള അവസാന തീയതി ഏപ്രിൽ 12 വരെയായിരിക്കും.

### സീറോ മലബാർ സഭ പ്രതിഭാസംഗമം

അതിരൂപതാതല സ്കോളർഷിപ്പുപരീക്ഷയിൽ 7-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും

സിനഡ് തലത്തിൽ 2017 മെയ് 10, 11, 12 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

അതിരൂപതാ വിഹിതവും ചോദ്യപേപ്പറിന്റെ തുകയും അടയ്ക്കാനുള്ളവർ ഏപ്രിൽ 20-നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

അതിരൂപതാ വൈദിക സമ്മേളനം ഏപ്രിൽ 18 ചൊവ്വാഴ്ച സന്ദേശിനിലയത്തിൽ വച്ച് നടക്കുന്നതിനാൽ അന്നേദിവസം ഓഫീസ് അവധിയായിരിക്കും എന്നറിയിക്കുന്നു.

## ഓർഗനൈസറച്ചന്മാർക്ക് നന്ദി

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ. ഫാ. തോമസ് പുത്തൻപുര (ആലപ്പുഴ), റവ. ഫാ. ഫിലിപ്പോസ് കേഴപ്ലാക്കൽ (അതിരമ്പുഴ), റവ. ആന്റണി പൊക്കാവരയത്ത് (ചമ്പക്കുളം), റവ. ഫാ. ആന്റണി പെരുമ്പള്ളിത്തറ (ചങ്ങനാശേരി), റവ. ഫാ. തോമസ് കമ്പിയിൽ (മണിമല), റവ. ഫാ. സ്കറിയ ശ്രാമ്പിക്കൽ (നെടുംകുന്നം), റവ. ഫാ. ജോൺ വടക്കേകളം (തിരുവനന്തപുരം), റവ. ഫാ. ചെറിയാൻ കക്കുഴി (തൃക്കൊടിത്താനം) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്വാഗതം

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിരിക്കുന്ന റവ. ഫാ. ജോസഫ് വേങ്ങാശേരി (ആലപ്പുഴ), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (അതിരമ്പുഴ), റവ. ഫാ. വർക്കി മണവത്ത് (ചമ്പക്കുളം), റവ. ഫാ. ജെയിംസ് കുടിലിൽ (ചങ്ങനാശേരി), റവ. ഫാ. അബ്രാഹം ചങ്ങങ്കരി (മണിമല), റവ. ഫാ. ജോൺ പരുവപ്പറമ്പിൽ (തുരുത്തി), റവ. ഫാ. ജേക്കബ് കാട്ടടി (നെടുംകുന്നം), റവ. ഫാ. വർഗ്ഗീസ് കൊശാക്കൽ (തിരുവനന്തപുരം), റവ. ഫാ. ജോസഫ് കാക്കനാട്ട് (തൃക്കൊടിത്താനം) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## ആദരാഞ്ജലികൾ

മണ്ണാർകുന്ന് സെന്റ് ഗ്രിഗോരിയോസ് സൺസേസ്കൂൾ അദ്ധ്യാപിക സി. ലിസാ മരിയ എഫ്.സി.സി തിരുവനന്തപുരം ലൂർദ്ദ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. സാനു ജോസഫ് എന്നിവരുടെ മാതാവിന്റെ നിര്യാണത്തിലും കൈനകരി എസ്. എച്ച്. അറുനൂറ്റുംപാടം സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി കൊച്ചുത്രേസ്യാമ്മ ചാക്കോയുടെ ഭർത്താവിന്റെ നിര്യാണത്തിലും പാണ്ടങ്കരി പയസ് ടെൻത് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി റോസമ്മ തോമസിന്റെ പുത്രൻ ടിം തോമസിന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ◤

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

കുട്ടികൾക്ക് പരീക്ഷകളെല്ലാം അവസാനിച്ചു. ഇനി അവധിക്കാലമായി. ഏപ്രിൽ 10 വരെയുള്ള ദിവസങ്ങൾ വിശ്വാസോത്സവ നാളുകളാണല്ലോ. നമ്മുടെ വഴിയും വഴികാട്ടിയുമായ ഈശോമിശിഹായെ കൂടുതൽ അടുത്തറിയാനും അവ നിൽ വളരാനുമുള്ള നാളുകൾ. ഫലപ്രദമായി ഈ ദിനങ്ങൾ വിനയോഗിക്കാം. തുടർന്നുള്ള നാളുകളിൽ സമയം നഷ്ടപ്പെടുത്താതെ ക്യാമ്പുകൾ, ക്ലാസുകൾ, ധ്യാനങ്ങൾ എന്നിവയിലൊക്കെ പങ്കുചേർന്ന് സമയം പ്രയോജനപ്പെടുത്തണ മെന്ന് ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ 27,28,29 തീയതികളിൽ കുട്ടികളുടെ ഇലക്ഷൻ ക്യാമ്പ് നടക്കുന്നു. അതിൽ പങ്കെടുക്കുവാനുള്ള മേഖലാ ഭാരവാഹികളെ ക്യാമ്പിലേയ്ക്ക് ക്ഷണിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചു കൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം,

**ജോബിയച്ചൻ**

**ജോസിയച്ചൻ**

## ഈ മാസത്തെ പരിപാടികൾ

| | |
|---|---|
| 9 ഞായർ | : ഓശാന ഞായർ |
| 12 ബുധൻ | : പെസഹാ ബുധൻ |
| 13 വ്യഴം | : പെസഹാ വ്യാഴം |
| 14 വെള്ളി | : പീഡാനുഭവ വെള്ളി |
| 15 ശനി | : വലിയ ശനി |
| 16 ഞായർ | : ഉയിർപ്പു ഞായർ (12 ബുധൻ മുതൽ 16 ഞായർ വരെ ഓഫീസ് അവധി) |
| 22 ശനി | : അതിരൂപത സ്കോളർഷിപ്പ് പരീക്ഷ |
| 27, 28, 29 | : കുട്ടികളുടെ അതിരൂപതാ ഇലക്ഷൻ ക്യാമ്പ് (വ്യാഴം, വെള്ളി, ശനി) |
| 30 ശനി | : കൈയ്യെഴുത്തു മാസിക അതിരൂപതയിൽ ഏൽപ്പിക്കേണ്ട അവ സാന തീയതി. ശാഖ - മേഖല വാർഷിക റിപ്പോർട്ട് അതിരുപതയിൽ നൽകേണ്ട അവസാന തീയതി. |

## ക്രിസ്കാർഡ് മത്സരവിജയികൾ

ഒന്നാം സമ്മാനം : മൃതുൽ പുതുശ്ശേരി

രണ്ടാം സമ്മാനം : അശ്വിൻ എബി പനയമ്പാല

മൂന്നാം സമ്മാനം : അനിക ജെയിംസ് ലൂർദ്ദ് തിരുവനന്തപുരം

## പ്രോത്സാഹന സമ്മാനം

ബിന്റോ തോമസ് സെന്റ് ജോർജ്ജ് അമ്പൂരി

## അതിരൂപതാ ക്യാമ്പ്

ഈ വർഷത്തെ നമ്മുടെ ക്യാമ്പ് ഏപ്രിൽ 27,28,29 തീയതികളിൽ (വ്യാഴം, വെള്ളി, ശനി) ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ചാണ് നടത്തുന്നത്. ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. ക്യാമ്പ് 27-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 29-ാം തീയതി ഉച്ചയ്ക്ക് 1.30 ന് സമാപിക്കുന്നു. ക്യാമ്പ് ഫീസ് 600 രൂപയായിരിക്കും.

## മേഖലാ ശാഖാ വാർഷിക റിപ്പോർട്ട്, കയ്യെഴുത്തു മാസിക

എല്ലാ മേഖലകളും ശാഖകളും വാർഷികറിപ്പോർട്ടും കൈയ്യെഴുത്തു മാസികയും ഏപ്രിൽ 30-ാം തീയതിയ്ക്കകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. റിപ്പോർട്ട് ഫോം വാങ്ങിയിട്ടില്ലാത്തവർ അത് കൈപ്പറ്റേണ്ടതാണ്.

2-ാംഘട്ട റിപ്പോർട്ടിന്റെ റിസൾട്ട് മെയ് മാസത്തെ മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## ധന്യൻ മാർ കുര്യാളശേരി തീർത്ഥാടനം

ചെറുപുഷ്പ മിഷൻലീഗിന്റെയും ആരാധന സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ കബറിടത്തിങ്കലേയ്ക്ക് ആണ്ടുതോറും നടത്തിവരുന്ന തീർത്ഥാടനം മെയ് 26ന് ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് പള്ളിയിൽ നിന്ന് 3.00 pm ന് ആരംഭിച്ച് വന്ദ്യ പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സമാപിക്കുന്നതാണ്.

## ഓർഗനൈസറച്ചന്മാർക്ക് നന്ദി

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം നല്കിയ റവ. ഫാ. തോമസ് പുത്തൻപുര (ആലപ്പുഴ), റവ. ഫാ. ഫിലിപ്പോസ് കേഴപ്ലാക്കൽ (അതിരമ്പുഴ), റവ. ഫാ. ആന്റണി പൊക്കാവരയത്ത് (ചമ്പക്കുളം), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (ചങ്ങനാശേരി), റവ. ഫാ. തോമസ് കമ്പിയിൽ (മണിമല), റവ. ഫാ. സ്കറിയ ശ്രാമ്പിക്കൽ (നെടുംകുന്നം), റവ. ഫാ. ജോൺ വടക്കേകളം (തിരുവനന്തപുരം), റവ. ഫാ. ചെറിയാൻ കക്കുഴി (തൃക്കൊടിത്താനം) എന്നിവർക്ക് മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്വാഗതം

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിരിക്കുന്ന റവ. ഫാ. ജോസഫ് വേങ്ങാശേരി (ആലപ്പുഴ), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (അതിരമ്പുഴ), റവ. ഫാ. വർക്കി മണവത്ത് (ചമ്പക്കുളം), റവ. ഫാ. ഫീലിപ്പോസ് കാപ്പിത്തോട്ടം (ചങ്ങനാശേരി),റവ. ഫാ. തോമസ്സ് മുട്ടേൽ (കുടമാളൂർ) റവ. ഫാ. അബ്രാഹം ചങ്ങങ്കരി (മണിമല), റവ. ഫാ. ജോസി പൊക്കാവരയത്ത് (തുരുത്തി), റവ. ഫാ. ജേക്കബ് കാട്ടടി (നെടുംകുന്നം), റവ. ഫാ. വർഗ്ഗീസ് കൊശാക്കൽ (തിരുവനന്തപുരം), റവ. ഫാ. ജോസഫ് കാക്കനാട്ട് (തൃക്കൊടിത്താനം) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## ആശംസകൾ

2017-19 വർഷത്തെ അതിരൂപതാ ഓർഗനൈസിംഗ് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട ഓർഗ. പ്രസിഡന്റ് സോജൻ ചാക്കോ, വൈസ് പ്രസിഡന്റ് മിനി തോമസ്, സെക്രട്ടറി അഡ്വ. ബിൻസൺ ഐസക്, ജോ. സെക്രട്ടറി ക്രിസ്റ്റി തോമസ്, ആനിമേറ്റർ പ്രകാശ് മുക്കുടിയിൽ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ആശംസകൾ.

## Apple 2017



### വിശ്വാസോത്സവത്തോടനുബന്ധിച്ച് സൺഡേസ്കൂളുകൾക്കായി അതിരൂപതാതലത്തിൽ ലഹരിവിരുദ്ധ ദിനാചരണവും മത്സരങ്ങളും

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പുതുതലമുറയെ ബോധവത്കരിക്കുകയും സമൂഹത്തിന് മാതൃകയാക്കും വിധം സൺഡേസ്കൂൾ കുട്ടികളെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടുംകൂടെ ചങ്ങനാശ്ശേരി അതിരൂപത അത്മതാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ S.H. സന്ന്യാസിനി സമൂഹത്തിന്റെ സേവാനികേതന്റെ സഹകരണത്തോടെ വിശ്വാസോത്സവത്തോടനുബന്ധിച്ച് വിവിധ കർമ്മപരിപാടികൾ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുന്ന സൺഡേസ്കൂളുകൾക്ക് അതിരൂപതാതലത്തിൽ മികവ് പരിഗണിച്ച് 5000, 3000, 1000 രൂപ സമ്മാനങ്ങളും കൂടാതെ 16 ഫൊറോനകളിലെ ഓരോ മികച്ച സൺഡേസ്കൂളിനും പ്രോത്സാഹന സമ്മാനവും നല്കി ആദരിക്കുന്നു.

*വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതാണ്:*

**Contact: Fr. George Kappammoottil - 9447778093, 0481-2411819**

# കെ.സി.എസ്.എൽ.

പ്രിയമുള്ള കെ.സി.എസ്.എൽ കൂട്ടുകാരേ,

പരീക്ഷച്ചൂടെല്ലാം അല്പമൊന്നു കുറഞ്ഞല്ലോ. അവധിക്കാലം നന്നായി ആസ്വദിക്കണം. കമ്പ്യൂട്ടർ ഗെയിമിന്റെയും ടി.വിയുടെയും മുന്നിൽ മാത്രമായി ചടഞ്ഞുകൂടാതെ ആടിയും പാടിയും ഉല്ലസിക്കാൻ സമയം കണ്ടെത്തണം. പരിസ്ഥിതിയുടെ പൈതൃകത്തെ കണ്ടാസ്വദിക്കാനും മാതാപിതാക്കളെ അവരുടെ ജോലികളിൽ സഹായിക്കുവാനും സമയം മാറ്റിവയ്ക്കണം. ഈശോയുടെ സ്നേഹത്തിന്റെ ആഘോഷമായ വി. കുർബാനയിൽ കഴിവുള്ളത്ര ഈ അവധിക്കാലം ഓടിയണയണം. കൂട്ടുകാർക്കായി കുഞ്ഞുനന്മകൾ ചെയ്തുകൊണ്ട് ഈശോയുടെ സാന്നിദ്ധ്യത്തെ നമുക്കു തന്നെയും മറ്റുള്ളവർക്കും ഉള്ളുനിറയുന്ന ഓർമ്മയാക്കി മാറ്റാം. നന്ദി... മനസുനിറഞ്ഞ ആശംസകൾ.

## കെ.സി.എസ്.എൽ സ്റ്റേറ്റ് ക്യാമ്പ്

സംസ്ഥാന നേതൃത്വ പരിശീനക്യാമ്പ് 2017 ഏപ്രിൽ 24, 25, 26, 27 തീയതികളിൽ കോതമംഗലം രൂപതയുടെ പാസ്റ്റർ സെന്ററായ മൂവാറ്റുപുഴ 'നെസ്റ്റി'ൽ (NESTT) വച്ച് സംഘടിപ്പിക്കുകയാണ്. 24ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് രജിസ്ട്രേഷൻ, 6 മണിക്ക് ക്യാമ്പ് ഉദ്ഘാടനം, രജിസ്ട്രേഷൻ ഫീസ് 600/- രൂപ.

## 2017 കെ.സി.എസ്.എൽ. അതിരൂപതാ ഭാരവാഹികൾ

പുതിയ അതിരൂപതാ സമിതിയുടെ തിരഞ്ഞെടുപ്പ് മാർച്ച് മാസം 28-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് എസ്.ബി. സ്കൂളിൽ വച്ച് നടത്തുന്നു.

പ്രസിഡന്റ് : ശ്രീ. ഷൈരാജ് വർഗീസ്, കൊച്ചുപറമ്പിൽ, വൈസ് പ്രസിഡന്റുമാർ: ശ്രീ. സോണിച്ചൻ കെ. കോലേട്ട്, ശ്രീ. ജെമിൻ ജെ., വരാപ്പള്ളി, ശ്രീമതി സിനി ജോസഫ് കൊല്ലമന. ജനറൽ ഓർഗനൈസർ: സി. മാഗി എലിസബത്ത് C.M.C., ഓർഗനൈസേഴ്സ്: സി. മരിയ F.C.C, സി. സിനി A.O., സി. സോഫി S.J.S.M, ട്രഷറർ: ശ്രീ. ജോജൻ വർഗ്ഗീസ്, പ്രതിഭാ എഡിറ്റർ: ശ്രീ. ടോം ചാക്കോ.

## യാത്രാമംഗളങ്ങൾ

കഴിഞ്ഞ ഒരു വർഷക്കാലം കെ.സി.എസ്.എൽ സംഘടനയുടെ പ്രവർത്തന മണ്ഡലങ്ങളിൽ ആത്മാർത്ഥത നിറഞ്ഞ, സ്തുത്യർഹമായ സേവനം നൽകിയ ബ്രദർ അനീഷ് കാമിച്ചേരിക്കും, ബ്രദർ മിജോ കൈതപ്പറമ്പിലിനും നന്ദിയും ഒപ്പം ആശംസകളും.

## ഹൃദ്യമായ സ്വാഗതം

ഈശോയുടെ പുളിമാവായി പ്രവർത്തിക്കാൻ കുഞ്ഞുങ്ങളെ ഈശോയുടെ പൊന്നോമനകളാക്കാൻ കെ.സി.എസ്.എൽ. സംഘടയെ ഉത്തരോത്തരം അത്യുന്നതിയിലേക്ക് കൈ പിടിച്ച് ഉയർത്താൻ പുതിയതായി ചാർജ്ജെടുത്ത ബ്രദർ ജസ്റ്റിൻ പള്ളിക്കളത്തിന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. മാത്യു വാരുവേലിൽ**
**ഫാ. ലൈജു കണിച്ചേരിൽ**

# ഫാമിലി അപ്പോസ്റ്റലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

കുടുംബങ്ങൾക്ക് കേന്ദ്രസ്ഥാനം നല്കിക്കൊണ്ടുള്ള അജപാലന പ്രവർത്തനത്തിന് 'സ്നേഹത്തിന്റെ ആനന്ദത്തിൽ' സഭ മുഴുവനെയും ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു. ഒരു വ്യക്തിയിലെ സ്വാഭാവികനന്മകളെ സഭ പ്രോത്സാഹിപ്പിക്കുന്നത് അത് കുടുംബത്തിലും അതിനപ്പുറവും പ്രചോദനാത്മകമാവും എന്നതിനാലും ഒരുവനിലെ സ്വഭാവവൈകല്യത്തെ പരിഹരിക്കാനാവശ്യമായത് സഭ ചെയ്യുന്നത് അത് ഒരു കുടുംബത്തിലും അതിനപ്പുറവും ക്ഷതിയുളവാക്കും എന്നതിനാലുമാണ്. വ്യക്തികളുടെ പ്രശ്നങ്ങൾ കുടുംബപ്രശ്നങ്ങളും കുടുംബപ്രശ്നങ്ങൾ വ്യക്തിയുടെ പ്രശ്നങ്ങളും ആയിത്തീരുന്നു. അതിനാൽ വ്യക്തികളുടെയും കുടുംബങ്ങളുടെയും നവീകരണം ലക്ഷ്യമാക്കുന്ന അതിരൂപതാ കുടുംബപ്രേഷിതവിഭാഗത്തിനും അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഫൊറോനാ ഇടവക സംവിധാനങ്ങളിലും നിക്ഷിപ്തമായിരിക്കുന്ന ചുമതല ഗൗരവാവഹമാണ്. പ്രാദേശികസഭയിൽ കുടുംബങ്ങളെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന അജപാലകരും സംഘടനാഭാരവാഹികളും ഇതര പ്രേഷിതരും കുടുംബ ക്ഷേമപ്രവർത്തനങ്ങളോട് കാട്ടുന്ന താല്പര്യവും മറ്റും ഇരട്ടിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നമുക്ക് കുടുംബപ്രേഷിത മേഖലയെ നവീകരിക്കാം.

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

## പിതൃദിനം

മാർച്ച് 19 മാർ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിനം പിതാക്കൻമാരെ പ്രത്യേകം അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്ന ദിവസമായി ഇടവകകളിൽ ആചരിക്കപ്പെട്ടു. ഫാ. ജോസ് മുകളേൽ, ഫാ. ജോസഫ് ഇലഞ്ഞിമറ്റം എന്നിവരുടെ നാമഹേതുകത്തിരുനാൾ കൂടിയായിരുന്നതിനാൽ ഭാരവാഹികൾ ഇരുവർക്കും അനുമോദനങ്ങൾ നേർന്നു. മാതൃ-പിതൃവേദി അതിരൂപതാ എക്സിക്യൂട്ടീവും ഫൊറോനാ ഭാരവാഹികളും ചേർന്നുള്ള സംയുക്ത മീറ്റിംഗ് മാർച്ച് 11 ന് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. മാർഗരേഖയും സ്ത്രീസുരക്ഷാ ലീഫ്ലെറ്റുകളും വിതരണം ചെയ്യുകയും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. മാർച്ച് 14 ന് കാഞ്ഞിരപ്പള്ളിയിൽ നടന്ന ഇന്റർ ഡയോസിഷൻ മീറ്റിംഗിൽ ഫാ. ജോസ് മുകളേൽ പങ്കെടുത്തു. മാർച്ച് 17 ന് കേരളത്തിലെ മുഴുവൻ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗിലും

അദ്ദേഹം സംബന്ധിച്ചു. ഫൊറോനാ ഡയറക്ടർമാരുടെ മീറ്റിംഗ് മാർച്ച് 30 ന് ഓഫീസിൽ വച്ച് നടത്തുകയും ഭാവിപരിപാടികളെക്കുറിച്ച് ആലോചിക്കുകയും ചെയ്തു.

## ഫൊറോനാ പ്രവർത്തന വർഷ ഉദ്ഘാടനങ്ങൾ

അതിരമ്പുഴ ഫൊറോനാ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 12നു നടത്തപ്പെട്ടു. റവ. ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി. റവ. ഫാ. സിറിയക്ക് കോട്ടയിൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. സോണി ചൂരപ്പുഴ, പിതൃവേദി ഫൊറോനാ പ്രസിഡൻറ് ബെന്നി ലൂക്ക്, മാതൃവേദി ഫൊറോനാ പ്രസിഡൻറ് ബിൻസി മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

കോട്ടയം ഫൊറോനാ മാതൃ-പിതൃവേദി പ്രവൃത്തനവർഷ ഉദ്ഘാടനം മാർച്ച് 25നു നടത്തപ്പെട്ടു. ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി. റവ. ഡോ. ജോസഫ് മണക്കളം, ഫൊറോനാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുതുശേരി, പിതൃവേദി ഫൊറോനാ പ്രസിഡൻറ് ആൻഡ്രൂസ് ജോൺസൺ, മാതൃവേദി ഫൊറോനാ പ്രസിഡൻറ് മേരിക്കുട്ടി ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

മാർച്ച് 25ന് ചമ്പക്കുളം ഫൊറോനാ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ നിർവ ഹിച്ചു. ബസിലിക്കാപള്ളി വികാരി വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ ക്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തുകയും റവ. ഫാ. റ്റിജോ പുത്തൻപ റമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. പിതൃവേദി പ്രസിഡന്റ് ജോയി ചൂളയിൽ, മാതൃവേദി പ്രസിഡന്റ് കുഞ്ഞുമോൾ ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

തുരുത്തി ഫൊറോനാ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 26 നു നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി. റവ. ഫാ. ഗ്രിഗറി ഓണംകുളം അധ്യക്ഷത വഹിച്ച സമ്മേളനം റവ. ഫാ. ജോസഫ് ഇലഞ്ഞിമറ്റം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസഫ് മുളവന, പിതൃവേദി ഫൊറോനാ പ്രസിഡൻറ് റോയി കപ്പാങ്കൽ, മാതൃവേദി ഫൊറോനാ പ്രസിഡൻറ് ജാൻസി വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.

തിരുവനന്തപുരം ഫൊറോനാ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 20നു നടത്തപ്പെട്ടു. ഫൊറോനാ ഡയറക്ടർ റവ. ഫാ. തോമസ് കാരക്കാട്ട് അധ്യക്ഷത വഹിച്ച സമ്മേളനം ഫൊറോനാ പ്രോ വികാരി റവ. ഫാ. ജോർജ് മാന്തുരുത്തിൽ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ പിതൃവേദി ഫൊറോനാ പ്രസിഡൻറ് ജോസഫ് വി. എം, മാതൃവേദി ഫൊറോനാ പ്രസിഡൻറ് സീനാ തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

## സംഗമങ്ങൾ

മാർച്ച് 12നു തുരുത്തി മർത്തമറിയം ഫൊറോനാ പള്ളിയിൽ നസ്രത്ത് മീറ്റ് സംഘടിക്കപ്പെട്ടു. ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫാ. ഗ്രിഗറി ഓണംകുളം അധ്യക്ഷത വഹിക്കുകയും ഫാ. ലൈജു കണിച്ചേരി ക്ലാസ് നയിക്കുകയും ചെയ്തു. പുന്നത്തറ സെന്റ് തോമസ് പള്ളിയിൽ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 19നു നടത്തപ്പെട്ടു. മാർച്ച് 10ന് പുന്നക്കുന്നത്തുശേരി ഇടവകയിൽ മാതൃ-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം ചെയ്തു. കാവാലം സെന്റ് തെരേസാ പള്ളിയിൽ മാതൃ - പിതൃ സംഗമം മാർച്ച് 10 ന് നടത്തപ്പെട്ടു.

## വനിതാദിനാചരണം

ആഗോള വനിതാദിനത്തോടനുബന്ധിച്ച് കുടമാളൂർ ഫൊറോന മാതൃവേദി മാർച്ച് 12 ന് മുടിയൂർക്കര തിരുക്കുടുംബ ദേവാലയത്തിൽ വനിതാദിനം ആചരിച്ചു. കോട്ടയം നഗരസഭാ ചെയർപേഴ്സൺ ഡോ. പി. ആർ. സോനാ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫാ. ജോസ് മുകളേൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ മാതൃവേദി പ്രസിഡൻറ് ഡോ. റോസമ്മ സോണി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജേക്കബ് അത്തിക്കളം പരിപാടികൾക്ക് നേതൃത്വം നൽകി.

കരിമ്പനക്കുളം തിരുഹൃദയപള്ളിയിൽ മാർച്ച് 25ന് വനിതാസംഗമം ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്യുകയും ശ്രീമതി ഗ്രേസ്ലാൽ ക്ളാസ് നയിക്കുകയും ചെയ്തു. മാർച്ച് 26-ന് തത്തംപള്ളി പള്ളിയിൽ വനിതാസംഗമം നടത്തി.

## നന്ദിപൂർവ്വം

വൈദികരുടെ സ്ഥലംമാറ്റത്തെത്തുടർന്ന് ഫൊറോനാ ഡയറക്ടറുടെ ചുമതലയൊഴിഞ്ഞ ബഹുമാനപ്പെട്ട വൈദികർക്ക് നന്ദിയർപ്പിക്കുന്നു. നെടുങ്കുന്നത്ത് ഫാ. ജസ്റ്റിൻ തുരുത്തേൽ, പുളിങ്കുന്നിൽ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, എടത്വായിൽ ഫാ. തോമസ് കാട്ടൂരും ഫാ. ജോയ്സ് കാമിച്ചേരിയും, മണിമലയിൽ ഫാ. ജോൺ മഠത്തിപ്പറമ്പിൽ, തുരുത്തിയിൽ ഫാ. ജോസ് മുകളേലുമായിരുന്നു ഫൊറോനാ ഡയറക്ടർമാർ.

## യാത്രയയപ്പ്

വൈദികപരിശീലനത്തിന്റെ ഭാഗമായി ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ 2016 മാർച്ച് മുതൽ രണ്ട് കാലഘട്ടത്തിലായി ശുശ്രൂഷ ചെയ്ത റീജൻസിക്കാരായ ബ്ര. അനീഷ് കാമിച്ചേരി, ബ്ര. മിജോ കൈതപ്പറമ്പിൽ എന്നിവർക്ക് യാത്രയയപ്പു നല്കി. പുരോഹിതവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്ര പഠനം നടത്താനായി പോകുന്ന ഇരുവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**സ്വാഗതം**

മാതൃ-പിതൃവേദി ഫൊറോനാ ഡയറക്ടർമാരായി പുതുതായി നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട അച്ചൻമാർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. നെടുങ്കുന്നത്ത് ഫാ. ജേക്കബ് മണ്ണാത്തറയും, പുളിങ്കുന്നിൽ ഫാ. ജോസഫ് ആറുപറയും, എടത്വായിൽ ഫാ. ആൻറണി നൈനാപറമ്പിലും, മണിമലയിൽ ഫാ. ജോഷി കട്ടപ്പുറവും, തുരുത്തിയിൽ ഫാ. ജോസ്ഫ് മുളവനയുമാണ് പുതിയ ഫൊറോനാ ഡയറക്ടർമാർ. ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ റീജൻസിക്കായി എത്തിയ ബ്രദ. ജിതിൻ നടത്തുണ്ടത്തിലിനും സ്നേഹ നിർഭരമായ സ്വാഗതമരുളുന്നു.

**ആദരാഞ്ജലികൾ**

നീണ്ട 13 വർഷക്കാലം അതിരൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ സേവനമനുഷ്ഠിച്ച റവ. സി. ലൂസി FCC (79) നിര്യാതയായത് ഫാമിലി അപ്പോസ്റ്റലേറ്റ് കുടുംബത്തിന് വേദനയായി. ഡയറക്ടർമാരും, അതിരൂപതാ സമിതിയും, ഓഫീസ് സ്റ്റാഫും ചേർന്ന് കുറുമ്പനാടം ക്ലാരിസ്റ്റ് മഠത്തിൽ പൊതുദർശനത്തിന് വച്ചിരുന്ന മൃതദേഹത്തിൽ പുഷ്പചക്രം സമർപ്പിച്ച് ഒപ്പീസ് ചൊല്ലി ആദരാഞ്ജലികൾ അർപ്പിച്ചു.

**അടുത്ത മാസത്തെ പ്രവർത്തനങ്ങൾ**

ഏപ്രിൽ 1-ാം തീയതി അമ്പൂരി ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനം. ഏപ്രിൽ 2-ാം തീയതി അമ്പൂരി ഫൊറോനായിലെ വിവിധ യൂണിറ്റുകൾ അതിരൂപതാ ഡയറക്ടർ സന്ദർശിക്കുന്നു. അതിരൂപതാ പ്രോലൈഫ് സെൽ മീറ്റിംഗ് ഏപ്രിൽ 11-ാം തീയതി ഓഫീസിൽ വച്ച് നടത്തപ്പെടുന്നു. പിതൃദിനത്തോടനുബന്ധിച്ച് പിതാക്കൻമാരെ ആദരിക്കുന്നതിനായി "അപ്പന് ഒരു കത്തും, ഒരു പൂവും" പരിപാടി നടത്തപ്പെടുന്നു.

## വിവാഹ ഒരുക്കധ്യാനം

| 2017 ഏപ്രിൽ | 2017 മെയ് | 2017 ജൂൺ |
|---|---|---|
| 6, 7, 8 (Chry) | 01, 02, 03 (Chry) | 12, 13, 14 (Zion) |
| 17,18,19 (Zion) | 08, 09, 10 (Zion) | 19, 20, 21 (Zion) |
| 24, 25, 26 (Chry) | 15,16,17 (Chry) | 26, 27, 28 (Chry) |
| | 21, 22, 23 (Chry) | |

'Change the world from your

# റവ. ഫാ. ആന്റണി മാന്നല മെമ്മോറിയൽ

## മൂന്നാമത് അഖില കേരള

# ബൈബിൾ ക്വിസ് മത്സരം

വിനയത്തിന്റെയും ലാളിത്യത്തിന്റെയും പര്യായമായിരുന്ന, ഏവർക്കും പ്രിയങ്കരനായി ജീവിച്ച്, ബലിവേദിയിൽ വീണുടഞ്ഞ പുണ്യാത്മാവ് **ബഹു. ആന്റണി മാന്നലയച്ചന്റെ** ശാശ്വതസ്മരണയ്ക്കായി **അരുവിക്കുഴി ഇടവക** കേരളത്തിലെ സൺഡേസ്കൂൾ കുട്ടികൾക്കായി **2017 മെയ് 13-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക്** മൂന്നാമത് അഖിലകേരള ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

**മത്സരവിഷയങ്ങൾ**

1. സംഖ്യ 22 മുതൽ 26 വരെ അദ്ധ്യായങ്ങൾ
2. സുഭാ. 21 മുതൽ 25 വരെ അദ്ധ്യായങ്ങൾ
3. മത്തായിയുടെ സുവിശേഷം 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ
4. വെളിപാട് 4 മുതൽ 9 വരെ അദ്ധ്യായങ്ങൾ (അവലംബം പി.ഒ.സി. ബൈബിൾ)

} 90%

5. സഭാപരമായ പൊതു ചോദ്യങ്ങളും മാന്നലെയച്ചനെക്കുറിച്ചുള്ള ചോദ്യങ്ങളും. } 10%

**നിബന്ധനകൾ**

1. ഒരു സൺഡേസ്കൂളിലെ 5 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും 2 പേരടങ്ങുന്ന 2 ടീമുകൾക്ക് പങ്കെടുക്കാം.
2. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100/- രൂപ.
3. മത്സരത്തിനുമുമ്പ് ഡയറക്ടറുടെ/ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം.
4. 2017 മെയ് 6-ന് മുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
5. മത്സരം സംബന്ധിച്ച് ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
6. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രപ്പടി നൽകുന്നതാണ്.

**സമ്മാനങ്ങൾ**

| | | |
|---|---|---|
| 1-ാം സമ്മാനം | 5000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 2-ാം സമ്മാനം | 4000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 3-ാം സമ്മാനം | 3000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 4-ാം സമ്മാനം | 2000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 5-ാം സമ്മാനം | 1000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 6-ാം സമ്മാനം | 900/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 7-ാം സമ്മാനം | 800/- | രൂപയും എവർറോളിംഗ് ട്രോഫിയും |

മാർക്കിന്റെ അടിസ്ഥാനത്തിൽ 8 മുതൽ 10 വരെ സ്ഥാനക്കാർക്ക് യഥാക്രമം 700 രൂപാ, 600 രൂപാ, 500 രൂപാ, എന്നീ ക്യാഷ് അവാർഡുകൾ. കൂടാതെ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

**രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

റവ. ഫാ. ആന്റണി കാട്ടൂപ്പാറ – 9447039829
ജോസ് മുണ്ടിയാനിക്കൽ – 9447418157
ജോർജ് ഫിലിപ്പ് കിഴക്കയിൽ – 9495446603

# യുവദീപ്തി– എസ്.എം.വൈ.എം.

## തെരഞ്ഞെടുപ്പ് ക്യാമ്പ്–2017

### വനിതാദിനാചരണം നടത്തി

യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ലോകവനിതാദിനാചരണത്തോടനുബന്ധിച്ച് മാർച്ച് 5 ഞായറാഴ്ച വനിതാദിനമായി ആചരിച്ചു. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ചമ്പക്കുളം ഫൊറോനായിലെ പൊങ്ങ മാർ സ്ലീവാ പള്ളി ഓഡിറ്റോറിയത്തിൽ അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ട്രീസ്സാ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം "ജ്വാലാഫൗണ്ടേഷൻ" സ്ഥാപകയും, സാമൂഹിക പ്രവർത്തയുമായ അശ്വതി ജ്വാല ഉദ്ഘാടനം ചെയ്ത് ക്ലാസ് നയിച്ചു. ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ് എസ്.ഡി., ജസ്ന ജോജി, ഫെമി മരിയ ഫെലിക്സ്, ബിൽവി ജേക്കബ്, ആൻമരിയ ജോസ്, നിധിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രഭാഷണം നടത്തി. വനിതാദിനാചരണത്തിൽ വച്ച് 10 മക്കളിൽ 5 പേർ അന്ധരായിട്ടുള്ള അന്നമ്മ ഈഴക്കുന്നേലിനെ പൊന്നാട അണിയിച്ച് ആദരിച്ചു. തൊഴിലുറപ്പിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ നാടൻപാട്ടും വനിതാദിനത്തിൽ നടത്തുകയുണ്ടായി.

## ലോകജലദിനം

ലോകജലദിനാചരണത്തോടനുബന്ധിച്ച് യുവദീപ്തി-എസ്.എം.വൈ.എം. മാർച്ച് 26 ഞായറാഴ്ച 3 മണിമുതൽ മണിമല ഹോളിമാഗി ഫൊറോനാ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ജലദിനം ആചരിക്കുന്നു. ഇതോടനുബന്ധിച്ച് സമ്മേളനം, റാലി, മണിമലയാറിന്റെ തീരത്ത് പ്രഭാഷണം ജലപ്രതിജ്ഞ എന്നിവ നടത്തപ്പെട്ടു.

## ഏപ്രിൽ മാസത്തെ പരിപാടികൾ

1 – മുട്ടാർ സെന്റ് ജോർജ്

2 – വാഴപ്പള്ളി

2 – സെനറ്റ് മീറ്റിംഗ്

7 – 40–ാം വെള്ളി -കരുവള്ളിക്കാട് തീർത്ഥാടനം

8 – YTP

9–16 – വലിയ ആഴ്ച

29 – യൂണിറ്റ് സന്ദർശനം

**ഫാ. ജേക്കബ് ചക്കാത്ര**
ഡയറക്ടർ

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചകളിലും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാ കേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചകളിലും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും, നെടുംങ്കുന്നം മദതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ആശുപത്രിയിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചകളിലും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചന വിസ്മയ ഹാളിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും, മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലാനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിലും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ ആരംഭിച്ചിരിക്കുന്നു.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചകളിലും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ മരിയ ഹോമിയോ ഡിസ്പെൻസറി തത്തംപള്ളി | എല്ലാ ചൊവ്വാഴ്ചകളിലും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചകളിലും 10 മുതൽ 12.30 വരെ | ഡോ. സി. ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചകളിലും 10 മുതൽ 12.30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചകളിലും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല പ്രിൻസ് ഹോമിയോപതിക് | എല്ലാ രണ്ടും നാലാം ശനി 2 മുതൽ 4 വരെ സ്പെഷ്യാലിറ്റി ക്ലീനിക്ക് | ഡോ. സി. ജെ. ജോസഫ് ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെൻ മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചകളിലും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽനടത്തിവരുന്ന നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ കോട്ടയം ജില്ലാ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചും, പത്തനംതിട്ട ജില്ലാ സമ്മേളനം പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ വച്ചും നടത്തി. ഒരു കുട്ടിയ്ക്ക് 500 രൂപാ വച്ച് 135 കുട്ടികൾക്ക് 67,500/- രൂപായും 5 കുട്ടികൾക്ക് 1,000/- രൂപാ വച്ച് 5000/- രൂപായും, ന്യൂട്രീഷൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം** ഏപ്രിൽ 20 മുതൽ ഏപ്രിൽ 23 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല:**
**0469 2693413, 2690414, 9495193406**

**ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819 / 9447778093**

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

ശുഭപ്രതീക്ഷകളോടുകൂടി പുതിയ സാമ്പത്തിക വർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണ്. കഴിഞ്ഞ 4 വർഷക്കാലം ചാസിന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് മുൻനിരയിൽനിന്ന് നേതൃത്വം നല്കിയ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളോടുള്ള നിസ്സീമമായ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നമ്മൾ വിഭാവനം ചെയ്ത പദ്ധതികൾ യൂണിറ്റുകളിൽ ആസൂത്രണം ചെയ്ത് പൊതുസമൂഹത്തിലെത്തിക്കാൻ ശ്രദ്ധിക്കുകയും ജൂബിലി ആചരണപരിപാടികൾ വിജയിപ്പിക്കാൻ ക്ലേശിക്കുകയും ചെയ്തത് ഇപ്പോൾ കാലാവധി പൂർത്തിയാക്കുന്ന ഭരണസമിതി അംഗങ്ങളാണ്. അവരുടെ അനുഭവസമ്പത്തും പ്രോത്സാഹനവും തുടർന്നും അഭ്യർത്ഥിക്കുന്നു. പുതുതായി നിലവിൽവരുന്ന ഭരണസമിതികൾ സേവനസന്നദ്ധരായി ക്രിയാത്മകമായും സുതാര്യമായും ചാസിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു നയിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭയുടെ സാമൂഹ്യ ശുശ്രൂഷയിൽ ഏകമനസ്സോടെ പങ്കാളികളാകാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം.

വർഷാരംഭത്തിൽതന്നെ പുതിയ ഭരണസമിതികൾ നിലവിൽ വരുന്നതിന് എല്ലാ യൂണിറ്റുകളിലും തെരഞ്ഞെടുപ്പു നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ. സാമൂഹിക സേവനത്തിൽ താല്പര്യമുള്ളവരെ ഉൾപ്പെടുത്തി പുതിയസമിതി രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടറച്ചന്മാർ എടുക്കുന്ന ത്യാഗത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 മാർച്ച് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

(1) **SHG മരണാനന്തര സഹായം**

| **പേര്** | **സംഘം** | **യൂണിറ്റ്** | **മേഖല** |
|---|---|---|---|
| 312. മറിയമ്മ ജോസഫ് | കാരുണ്യ ദീപം | തത്തംപള്ളി | ആലപ്പുഴ |
| 313. കെ.സി. എബ്രഹാം | പ്രകാശം | മണ്ണഞ്ചേരി | ആലപ്പുഴ |
| 314. വർഗ്ഗീസ് വർഗ്ഗീസ് | സെന്റ് ജോസഫ്സ് | വെട്ടിക്കൽപുരയിടം | നെടുംകുന്നം |
| 315. പി. ഒ. ജോസഫ് | സ്നേഹധാര | കേളമംഗലം | എടത്വാ |

## (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 71. മേരി ജോസഫ് മാമ്പ്രായിൽ | ചങ്ങങ്കരി | എടത്വാ |
| 72. മനോജ് കുമാർ, മനോജ് ഭവൻ | ഫിൽഗിരി | കൊല്ലം |
| 73. ത്രേസ്യാമ്മ ജോസഫ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 74. സോളി മാത്യു, കുടകശ്ശേരിൽ | നാലുകോടി | തൃക്കൊടിത്താനം |
| 75. വി.റ്റി. തോമസ്, വാധ്യാറ | നാലുകോടി | തൃക്കൊടിത്താനം |
| 76. ജോൺ പി.ജെ., പാലക്കാട്ട് | രാജഗിരി | അമ്പൂരി |
| 77. സി.റ്റി. ജോസ്, ചീരംവേലിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 78. ത്രേസ്യാ പൈലോ | വെട്ടിമുകൾ | അതിരമ്പുഴ |
| 79. ഔസേഫ് ആന്റണി, മണ്ണാരുപറമ്പിൽ | ചങ്ങങ്കരി | എടത്വാ |

### ചികിത്സാസഹായം

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 13. നാൻസി റോയി, കാരുവേലിൽ | ഫിൽഗിരി | കൊല്ലം |
| 14. മേഴ്സി രാജു, മേപ്പുറം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 15. റോസമ്മ റെജി, ചിറ്റക്കൽ | നാലുകോടി | തൃക്കൊടിത്താനം |
| 16. കുഞ്ഞമ്മ മാത്യു, പുതുപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 17. റോസമ്മ മാത്യു, ഇടശ്ശേരിപറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 18. കുഞ്ഞുമോൾ ജോസഫ്, മുട്ടത്തേട്ട് | നാലുകോടി | തൃക്കൊടിത്താനം |
| 19. രാജമ്മ ബാബു വേടംപറമ്പ് | കുറുമ്പനാടം | കുറുമ്പനാടം |
| 20. പെഗി ജോസഫ്, ചുണ്ടമണ്ണിൽ | ചമ്പക്കര | നെടുംകുന്നം |

## (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2017 മാർച്ച് മാസം 6 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 33653/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. ടോമിച്ചൻ കാലായിൽ | വടക്കേക്കര | 6000 |
| 2. മേരിക്കുട്ടി മാത്യു മഠത്തിൽപറമ്പിൽ | കുറുമ്പനാടം | 5453 |
| 3. എൽസമ്മ ആന്റണി, ഞാറപ്പറമ്പിൽ | തുരുത്തി | 2700 |
| 4. ജോൺ എ. ഏണാട്ട് | ആയൂർ | 2600 |
| 5. തോമസ് ജോസഫ് ഇല്ലിമൂട്ടിൽ | വെരൂർ | 10100 |
| 6. ജോർജ്ജ് റ്റി.റ്റി. തോട്ടുകടവിൽ | പാണ്ടങ്കരി | 6800 |

## (4) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ജനുവരി - മാർച്ച് മാസങ്ങളിൽ 32 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 103 അപേക്ഷകർക്ക് 123150/- രൂപ നൽകി.

## അറിയിപ്പ്

ചാസിന്റെ ആഭിമുഖ്യത്തിൽ മൈക്രോഫിനാൻസ് പാസുബുക്ക് ഉടമകൾക്കുവേണ്ടി നടത്തുന്ന മ്യൂചൽ ബനഫിറ്റ് സ്കീമിലേയ്ക്കുള്ള വാർഷിക തവണ ഏപ്രിൽ 30 ന് മുമ്പ് ചാസ് കേന്ദ്ര ഓഫീസിൽ അടയ്ക്കണമെന്ന് താത്പര്യപ്പെ

ടുന്നു. കാലാവധിക്കുള്ളിൽ തുകയടയ്ക്കുന്നവർക്ക് ചികിത്സാ സഹായത്തിനും മരണാനന്തര ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കും.

## കേന്ദ്രവാർത്തകൾ

### അന്താരാഷ്ട്ര വനിതാദിനാചരണം

അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി ചാസിന്റെ വിവിധ മേഖലകളിലുള്ള വനിതാസാമൂഹിക പ്രവർത്തകരുടെ സംഗമം 2017 മാർച്ച് 8 രാവിലെ 10.30 ന് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. സോഷ്യൽ എൺട്രപ്രണറർ ശ്രീമതി നിഷ ജോസ് കെ. മാണി ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു.

### വാർഷിക ധ്യാനം

ചാസിന്റെ സ്റ്റാഫംഗങ്ങൾക്കുവേണ്ടി മാർച്ച് 16, 23 തീയതികളിൽ പുഴവാത് പള്ളിയിൽവച്ച് വാർഷികധ്യാനം നടത്തി. റവ. ഫാ. ജോസ് മുകളേൽ, ഫാ. ജോസഫ് ഇലഞ്ഞിമറ്റം എന്നിവർ നേതൃത്വം നൽകി.

### SAFP

- **സേവ് എ ഫാമിലി പ്ലാൻ കുടുംബങ്ങളുടെ പുരോഗതി വിലയിരുത്തൽ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടനാട്, അതിരമ്പുഴ, ചങ്ങനാശ്ശേരി എന്നീ മേഖലകളിലെ ആറുവർഷം തികഞ്ഞ കുടുംബങ്ങളുടെയും ഇപ്പോൾ നിലവിലുള്ള കുടുംബങ്ങളുടെയും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായിസേവ് എ ഫാമിലി കേന്ദ്ര ഓഫീസിൽ നിന്നും ടീം ലീഡർ ശ്രീ. ജോൺ സിറിൽ മാർച്ച് 20, 21, 22 തീയതികളിൽ ഭവന സന്ദർശനം നടത്തി. കരുവാറ്റ, പാണ്ടി, മുട്ടാർ ഓൾഡ്, ഇത്തിത്താനം, ഈര, വെരൂർ എന്നീ യൂണിറ്റുകളിലെ 12 കുടുംബങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തി. ഈ മേഖലയിലുള്ള ചാസിന്റെ പ്രവർത്തനത്തെ അദ്ദേഹം അഭിനന്ദിച്ചു. കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ, ആനിമേറ്റർമാരായ ശ്രീമതി റോസമ്മ വർഗ്ഗീസ്, ശ്രീമതി മറിയമ്മ വർഗ്ഗീസ്, ശ്രീമതി കുഞ്ഞുമോൾ ടോം എന്നിവർ നേതൃത്വം നൽകി.

- **മേഖലാതല മീറ്റിംഗ്**

**കുട്ടനാട്** മേഖലാ മീറ്റിംഗ് കൈതവന മാതാ ഓഡിറ്റോറിയത്തിൽ മാർച്ച് 25 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൾ നാൽപ്പതാംകളം അദ്ധ്യക്ഷതവഹിച്ചു. പ്രസിഡന്റ് പി.സി. ജോസഫ് വൈക്കത്ത്, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് എന്നിവർ പ്രസംഗിച്ചു. സ്ത്രീകളും കാൻസറും എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ശീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

## മേഖലാ വാർത്തകൾ

### യൂണിറ്റ് രൂപീകരണം

**പുളിങ്കുന്ന്** ഫൊറോനയിലെ മങ്കൊമ്പ് പയസ് X ഇടവകയിൽ ചാസ് യൂണിറ്റ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ക്രെഡിറ്റ് യൂണിയനോടൊപ്പം നിറകതിർ, സ്നേഹ, ജ്യോതിസ്, ഐശ്വര്യ, തേജസ്, ശ്രേയസ്, അനുഗ്രഹ, നവോദയ എന്നീ സ്വാശ്രയസംഘങ്ങളും, പ്രത്യാശ മഹിളാസമാജവും ഫെബ്രുവരി 14-ാം തീയതി ഔദ്യോഗികമായി ആരംഭിച്ചു.

### സ്വാശ്രയസംഘസംഗമം

**ചാഞ്ഞോടി** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ഫെബ്രുവരി 25 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുത്തനങ്ങാടി അദ്ധ്യക്ഷതവഹിച്ചു. സംഗമത്തോടനുബന്ധിച്ച് 'സ്ത്രീകളും കാൻസറും' എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

### വനിതാദിനാചരണവും പ്രവർത്തകരെ ആദരിക്കലും

**ഐക്കരച്ചിറ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 5 ന് സെന്റ് ജോർജ് പാരീഷ് ഹാളിൽ വനിതാദിനം ആചരിച്ചു. റവ. ഫാ. ജെയിംസ് അത്തിക്കളം ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി അന്നമ്മ മാണി അദ്ധ്യക്ഷതവഹിച്ചു. കുട്ടികളുടെ ഇടയിലെ മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ചും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും എക്സൈസ് അസിസ്റ്റന്റ് കമ്മീഷ്ണർ ശ്രീ. പി.ജെ. മാത്യുസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ചങ്ങനാശ്ശേരി-തുരുത്തി** മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 7 ന് വനിതാദിനാചരണവും മേഖലയിലെ മുതിർന്ന ചാസ് പ്രവർത്തകരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി ഫൊറോനാ വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ സുമ ഷൈൻ ഉദ്ഘാടനം നിർവഹിച്ചു. ചാസിന്റെ മുൻകാല പ്രവർത്തകർക്ക് വൈസ് ചെയർമാൻ മെമന്റോ നല്കി ആദരിച്ചു.

### കേരകർഷക സെമിനാർ

**പച്ച ചെക്കിടിക്കാട്** യൂണിറ്റിൽ മാർച്ച് 10 ന് കേരകർഷകർക്കുവേണ്ടി ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പോളി തോമസ് ഉദ്ഘാടനം നിർവഹിച്ചു.
എടത്വാ കൃഷി ഓഫീസർ ശ്രീ. സന്തോഷ് കുമാർ, റിട്ട. അസി. അഗ്രിക്കൾച്ചർ ഓഫീസർ ശ്രീ. വേണുഗോപാൽ എന്നിവർ ക്ലാസ് നയിച്ചു. ചമ്പക്കുളം റിട്ട. അസി. അഗ്രിക്കൾച്ചർ ഡയറക്ടർ ശ്രീമതി ഗിരിജ, സെന്റ് അലോഷ്യസ് റിട്ട. പ്രൊഫസർ ശ്രീ. ജോർജ് ജോസഫ് എന്നിവർ പ്രസംഗിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

### നേത്ര ചികിത്സാ ക്യാമ്പ്

പായിപ്പാട് യൂണിറ്റ് ലയൺസ് ക്ലബ് പൈക ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മാർച്ച് 12 ന് നേത്രചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. 192 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി. സൗജന്യമായി മരുന്ന് വിതരണം ചെയ്തു.

## സംഘാംഗങ്ങളെ ആദരിക്കൽ

ചാസ് കൂരോപ്പട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സൂര്യാ' സ്വാശ്രയ സംഘത്തിലെ 60 വയസ് തികഞ്ഞ 9 അംഗങ്ങളെ മാർച്ച് 15 ന് മെമന്റോ നല്കി ആദരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സ്കറിയ സ്രാമ്പിക്കൽ, സെക്രട്ടറി ശ്രീ. ആന്റണി തുപ്പലഞ്ഞി, മഹിളാസമാജം പ്രസിഡന്റ് ശ്രീ. മേരി ജോസഫ് എന്നിവർ പങ്കെടുത്തു.

## PSC ട്രെയിനിംഗ്

**നാലുകോടി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 19 ന് PSC പരീക്ഷയുടെ ടെയിനിംഗ് ആരംഭിച്ചു. യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. ജോമോൻ കാക്കനാട് അദ്ധ്യക്ഷതവഹിച്ചു. 30 യുവജനങ്ങൾ പരിശീലനത്തിൽ പങ്കെടുക്കുന്നു.

## സംഘവാർഷികം

**മാടപ്പള്ളി** യൂണിറ്റിൽ പ്രവർത്തിക്കുന്ന **അഭയ സ്വാശ്രയസംഘത്തിന്റെ** വാർഷികം മാർച്ച് 21 ന് മാടപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് എബ്രഹാം ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് ചീരംവേലിൽ മുഖ്യപ്രഭാഷണം നടത്തി.

## പച്ചക്കറി വിത്ത് വിതരണം

**ചെത്തിപ്പുഴ** യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് പച്ചക്കറി വിത്ത് വിതരണം ചെയ്തു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ജൈവവള നിർമ്മാണരീതികൾ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. പോൾ താമരശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു.

## തയ്യൽ പരിശീലനം: സർട്ടിഫിക്കറ്റ് വിതരണം

**മരിയാപുരം** യൂണിറ്റിൽ കഴിഞ്ഞ നാലുമാസമായി നടത്തിവന്ന തയ്യൽ പരിശീലനം മാർച്ച് 9 ന് സമാപിച്ചു. തയ്യലിനോടൊപ്പം കുട, ബിഗ്ഷോപ്പർ, ഡോർമാറ്റ് എന്നിവ നിർമ്മിക്കുന്നതിനും പരിശീലനം നല്കി. പരിശീലനം പൂർത്തിയാക്കിയ 45 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പുതുക്കരി** യൂണിറ്റിൽ മാർച്ച് 14 ന് 50 വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**അതിരമ്പുഴ ലിസ്യു** യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 20 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് കൊടിയൻ ഉദ്ഘാടനം നിർവഹിച്ചു. 25 വനിതകൾ പങ്കെടുത്തുവരുന്നു.

**കൈനടി** യൂണിറ്റിൽ മാർച്ച് 21 ന് തയ്യൽ പരിശീലനം ആരംഭിച്ചു. റവ. ഫാ. ദീപു നാൽപ്പതാകളം ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി കുഞ്ഞുമോൾ പരിശീലനത്തിന് നേതൃത്വം നൽകുന്നു. 40 വനിതകൾ 4 മാസം നീണ്ടു നില്ക്കുന്ന പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

# ബൈബിൾ പഠനക്കളരി

"അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പകരുന്നു; എളിയവർക്ക് അത് അറിവു പകരുന്നു." (സങ്കീ. 119 - 130).

ദൈവവചനം ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ്.... മനുഷ്യർക്ക് രക്ഷയുടെ മാർഗ്ഗമാണ്.... ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന ശിലയാണ്... ദൈവവചനം സംരക്ഷിക്കുന്നവളും വ്യാഖ്യാനിക്കുന്നവളും സഭയാണ്... സഭയുടെ മടിയിലിരുന്ന് വചനം കറകൂടാതെ പഠിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനും വചനത്തിന് സാക്ഷ്യം നൽകുന്ന ജീവിതം നയിക്കുവാനും സഭാമക്കളെ സഹായിക്കുന്നതിന് ഒരു സുവർണ്ണാവസരം!

പ്രശസ്ത ബൈബിൾ പണ്ഡിതനും സീറോ മലബാർ സഭയുടെ മല്പാനുമായ **വെരി. റവ. ഡോ. മാത്യു വെള്ളാനിക്കൽ** അച്ചൻ നയിക്കുന്ന ബൈബിൾ പഠനക്കളരി...

| | | |
|---|---|---|
| സമയം | : | **എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 a.m. മുതൽ 4 p.m. വരെ (ഏപ്രിൽ 2 - ാം ശനിയാഴ്ച ആരംഭിക്കുന്നു)** |
| സ്ഥലം | : | **മാങ്ങാനം, സ്പിരിച്ച്വാലിറ്റി സെന്റർ** |
| ഫീസ് | : | **₹1000** |
| വിഷയം | : | **വി. യോഹന്നാന്റെ സുവിശേഷം, ലേഖനങ്ങൾ, വെളിപാട്** |
| വിശദവിവരങ്ങൾക്ക് | : | **04812 - 578192; 9544413690** |

**എത്തിച്ചേരേണ്ട വഴി**

കെ.കെ. റോഡ് → കളത്തിൽപടി → MOC വഴി സ്പിരിച്ച്വാലിറ്റി സെന്റർ

ചങ്ങനാശ്ശേരി → തെങ്ങണ → പുതുപ്പള്ളി → മന്ദിരം → MOC വഴി സ്പിരിച്ച്വാലിറ്റി സെന്റർ

N.B: ക്രമമായി സംബന്ധിക്കുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

## തിരുവല്ലയുടെ കാരുണ്യം 26 ലക്ഷം

തിരുവല്ല നഗരസഭയിലെ വടക്കൻമേഖലയിലെ 12 വാർഡുകൾ ചേർന്ന് മുത്തൂർ മോഹന വിലാസത്തിൽ എം.ഡി. എജിക്കുമാർ, മുത്തൂർ ഷാജനജുബ്ബാർ എന്നീ വൃക്കരോഗിക്കൾക്കായി 25 ലക്ഷം രൂപ സമാഹരിച്ചു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി 20 ലക്ഷം രൂപ സമാഹരിക്കുവാൻ ലക്ഷ്യം വച്ചുവെങ്കിൽ ലഭിച്ചത് 26 ലക്ഷം രൂപയാണ്. 1000-ൽ പരം സന്നദ്ധപ്രവർത്തകരും ചങ്ങനാശേരി പ്രത്യാശ പ്രവർത്തകരും സംയുക്തമായി ഭവനങ്ങൾ കയറിയിറങ്ങി. ഇതിനോടകം 75 പഞ്ചായത്തുകളിലായി 105 വൃക്ക-കരകൾ-ഹൃദ്രോഗികളെ രക്ഷിക്കുവാൻ 16 കോടി രൂപ സമാഹരിച്ചു നൽകി .

## പുതുപ്പള്ളിയുടെ കാരുണ്യം 27 ലക്ഷം

കരൾരോഗം മൂലം ജീവിതം പ്രതിസന്ധിയിലായ എ.ജി. കുമാറിന്റെ ജീവൻ നിലനിർത്തുവാൻ പുതുപ്പള്ളി കൈകോർത്തു. പഞ്ചായത്തിലെ 10 വാർഡുകളിൽ നിന്നും 20 ലക്ഷം രൂപ സമാഹരിക്കുക എന്ന ലക്ഷം അഞ്ചു മണിക്കൂർ കൊണ്ട് 27 ലക്ഷമായി ഉയർത്തുവാൻ സാധിച്ചത് പുതുപ്പള്ളിയുടെ കാരുണ്യം ഒന്നുകൊണ്ടു മാത്രമാണ്. 1500-ൽ ആളുകൾ മാർച്ച് 12-ാം തീയതി ഞായറാഴ്ച രാവിലെ 11 മണി മുതൽ വൈകുന്നേരം 4 മണി വരെ ഭവനങ്ങൾ കയറിയിറങ്ങി പണം സമാഹരിച്ചു.

## താലൂക്ക് ജനറൽ ആശുപത്രിയിൽ ദിവസവും അന്നദാനം

താലൂക്ക് ജനറൽ ആശുപത്രിയിലെ നിർദ്ധനരോഗികൾക്കായി ഡിസംബർ 19-ന് ചാരിറ്റി വേൾഡും 90.8 റേഡിയോ മീഡിയ വില്ലേജും ചേർന്ന് സൗജന്യ ഉച്ചഭക്ഷണം നൽകിവരുന്നു. ഒന്നിച്ചു വിളമ്പാം ഒരുമയുടെ അന്നംഎന്ന ആദർശവാക്യവുമായിട്ടാണ് പദ്ധതിക്ക് തുടക്കമിട്ടത്. അന്നദാനത്തിൽ എല്ലാവരുടേയും സഹകരണം ലഭിക്കുന്നു. ദിവസവും 200 പേർക്ക് ഉച്ചഭക്ഷണം നൽകുന്നു.

## ആരോഗ്യരക്ഷാ മൊബൈൽ ലാബ് - കരിമ്പനക്കുളം

രോഗമില്ലാത്ത തലമുറ എന്നതിലുപരിയായി രോഗ നിയന്ത്രിത തലമുറയെന്ന ലക്ഷ്യത്തോടെ ഇടവകകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ആരോഗ്യരക്ഷാ ബോധവൽക്കരണവും ടെസ്റ്റും ഫെബ്രുവരി 12-ാം തീയതി കരിമ്പനക്കുളം എസ് .എച്ച്. ഇടവകയിൽ നടത്തപ്പെട്ടു. മൊബൈൽ ലാബ് രാവിലെ 6 മണിക്ക് തന്നെ ഇടവകയിൽ എത്തി ലാബ് ടെസ്റ്റ് ആരംഭിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഡോ. ജോർജ് പടനിലം ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നയിച്ചു. 200 ഓളം

ആളുകൾ പ്രസ്തുത ക്ലാസിൽ സംബന്ധിച്ചു.

## കാരുണ്യസ്പർശം

രോഗം മൂലം കുടുംബങ്ങൾ ഇല്ലാതാകുന്ന അവസ്ഥ കാരുണ്യമുള്ള മനുഷ്യർക്ക് കണ്ടു നിൽക്കുവാൻ സാധിക്കുകയില്ല. ഈ അവസ്ഥയിൽ രോഗികൾക്ക് കാരുണ്യസ്പർശമാകുവാൻ ചാരിറ്റിവേൾഡ് മുന്നിട്ടിറങ്ങി ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ രോഗികൾക്കായി 1000 രൂപ വീതം 25 പേർക്ക് ഡിസംബർ മാസം 25000 രൂപ വിതരണം ചെയ്തു.

## കരുതൽ

വൃക്ക രോഗികൾക്ക് ഒരു മാസത്തേക്കുള്ള ഡയാലിസിസ് നടത്തുന്നതിന് ആവശ്യമായ ഡയലൈസർ അടങ്ങുന്ന 1400 രൂപ വില വരുന്ന കിറ്റുകൾ 100 പേർക്ക് വിതരണം ചെയ്തു.

## വിവാഹ സഹായം

ഒരു നിർദ്ധന കുടുംബത്തിലെ പെൺകുട്ടിക്ക് വിവാഹ സഹായം നൽകി.

## വിഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ സംരംഭം

ഭിന്നശേഷിക്കരുടെ സ്വയം തൊഴിലിന്റെ ഭാഗമായി നിറച്ചതും നിറക്കാത്തതുമായ ഗ്രോബാഗുകൾ നൽകിവരുന്നു. ജൈവ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ സംരംഭം നടത്തുന്നത് .

## റെയിൻബോ ക്ലബ്

ഭിന്നശേഷിയുള്ള കുട്ടികളുടെ ഏഴു കുടുംബങ്ങൾ ഒന്നിച്ചു ചേർന്നുള്ള സംഗമവേദിയാണ് റെയിൻബോ ക്ലബ് ഈ മാസം കൊടിനാട്ടുകുന്ന് ജോൺ ബേബിയുടെ വീട്ടിൽ വച്ച് നടന്നു. കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾ നേടിയെടുത്ത് ഇവരെ സംരക്ഷിക്കാൻ ജിമ്മിപടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ് കൂടുതൽ ശ്രദ്ധ നൽകുന്നു. ◤

ബഹു. സന്യാസിനികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്:

ചങ്ങനാശേരി അതിരൂപതയിലെ സന്യാസിനികൾക്കായി നടത്തപ്പെടുന്ന പ്രത്യേക തുടർപരിശീലനപരിപാടിയായ എക്ലേസിയായുടെ അടുത്ത രണ്ടു ക്യാമ്പുകളുടെ സമയത്തിലും സ്ഥലത്തിലും വന്നിരിക്കുന്ന മാറ്റം ശ്രദ്ധിക്കുക.

2017 മെയ് 10, 11, 12 : കാർമ്മൽധ്യാനകേന്ദ്രം, ചെത്തിപ്പുഴ

2017 ജൂൺ 30, ജൂലൈ 1, 2 : സെഹിയോൻധ്യാനകേന്ദ്രം, കുന്നന്താനം

തുടർന്നുള്ള പരിപാടികൾമുൻനിശ്ചയപ്രകാരംനടക്കുന്നതായിരിക്കും. ഇതുവരെ ആരും പങ്കെടുക്കാത്ത സന്യാസിനിസമൂഹങ്ങളിലെ സുപ്പീരിയേഴ്സ് പ്രത്യേകം ശ്രദ്ധിക്കുക. ഇതുമായി ബന്ധപ്പെട്ടകാര്യങ്ങൾക്ക് ബഹു: തോമസ് പാടിയത്തച്ചനെ ബന്ധപ്പെടുക.

(email: tpadiyath@gmail.com, mobile: 9446201820).

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"സഭാത്മക പ്രസ്ഥാനങ്ങളും നവസമൂഹങ്ങളും തിരുസഭയുടെയും സമകാലീന സമൂഹത്തിന്റെയുംമേലുള്ള പരിശുദ്ധാത്മാവിന്റെ കോരിച്ചൊരിയലാണ്. പ്രിയ സുഹൃത്തുക്കളെ, നമ്മുടെ അപ്പസ്തോലിക ശുശ്രൂഷയിൽ ഇനിയും ധാരാളം സഹകരണം, ക്രിസ്തുവിന് വാതിലുകൾ തുറന്ന് കിട്ടുന്നതിലേക്ക്, നിങ്ങളിൽ നിന്ന് ഉണ്ടാകട്ടെ". (ബനഡിക്ട് 16-ാം മാർപാപ്പ, 13-ാം അന്തർദ്ദേശീയ കത്തോലിക്കാ കരിസ്മാറ്റിക് സംഘടനകൾക്ക് നൽകിയ പ്രഭാഷണത്തിൽ നിന്ന്).

**ലോക കരിസ്മാറ്റിക് മലയാളി സംഗമം:**

ഓഗസ്റ്റ് 12 മുതൽ 15 വരെ തീയതികളിൽ ഇരിഞ്ഞാലക്കുട ആളൂർ ലൂമൻ യൂത്ത് സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. 14-ാം തീയതി വൈദികർക്ക് വേണ്ടിയുള്ള പ്രത്യേക ശുശ്രൂഷകൾക്കായി മാറ്റിവച്ചിരിക്കുന്നു.

**ഒയ്ക്കോസ് - 2017**

ദമ്പതികൾക്കും കുടുംബങ്ങൾക്കുമായി ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി (Lord's couples ministry)യുടെ ആഭിമുഖ്യത്തിൽ കോട്ടയം ക്രിസ്റ്റീനിൽ വച്ച് ഏപ്രിൽ 20, 21, 22 തീയതികളിൽ.

**സിക്കിം ചങ്ങനാശേരിയുടെ ദത്ത് സംസ്ഥാനം**:

സിക്കിം സംസ്ഥാനത്തിന്റെ സുവിശേഷവത്കരണത്തിന് വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമുള്ള അവസരം ചങ്ങനാശേരിക്ക് ലഭിച്ചിരിക്കുന്നു.

**ജൂബിലി കൺവൻഷൻ**:

ജൂബിലി സന്ദേശവുമായി ടീമംഗങ്ങൾ ഇടവകകളിലേക്ക് കടന്ന് ചെല്ലുകയും താഴെ പറയുന്ന ഇടവകകളിൽ കരിസ്മാറ്റിക് സായാഹ്നങ്ങളും അർദ്ധദിന കൺവൻഷനുകളും സംഘടിപ്പിക്കുകയും ചെയ്തു. നിർലോപം സഹകരണവും മാർഗ്ഗനിർദ്ദേശവും നൽകിയ വികാരിയച്ചൻമാർക്ക് നന്ദി പറയുന്നു.

1. സെന്റ് ജയിംസ് ഇടവക, കരിക്കാട്ടൂർ, മണിമല
2. സെന്റ് ബേസിൽ ഇടവക, മണിമല
3. ഹോളി മജൈ ഫൊറോനാ പള്ളി, മണിമല
4. സേക്രട്ട് ഹാർട്ട് ഇടവക, കരിമ്പനക്കുളം
5. സെന്റ് മേരീസ് ഇടവക, മുണ്ടുപാലം

**ഏപ്രിൽ, മെയ് മാസങ്ങളിലെ പരിപാടികൾ**

1. സെന്റ് മേരീസ് ഇടവക, കൂത്രപ്പള്ളി: കരിസ്മാറ്റിക് കൺവൻഷൻ, മാർച്ച് 31-ാം തീയതി രാവിലെ 9.30 മുതൽ

2. ഹോളി മെയ്ജൈ ഫൊറോനാ പള്ളി, മണിമല; ഏപ്രിൽ 2-ാം തീയതി മാതാപിതാക്കന്മാർക്ക് വേണ്ടിയുള്ള ഏകദിന കൺവൻഷൻ, ഏപ്രിൽ 8, 9, 10 തീയതികളിൽ ക്രിസ്റ്റീൻ മിഷൻ ധ്യാനം (കുട്ടികൾക്കുവേണ്ടി).
3. സെന്റ് മേരീസ് ഇടവക വള്ളഞ്ചിറ: ഏപ്രിൽ 6-ാം തീയതി 6:00 pm മുതൽ 12:00 pm വരെ സായാഹ്ന കൺവൻഷൻ
4. സെന്റ് മേരീസ് പള്ളി, മുണ്ടുപാലം: ഏപ്രിൽ 3-4 തീയതികളിൽ ക്രിസ്റ്റീൻ മിഷൻ ധ്യാനം (കുട്ടികൾക്കുവേണ്ടി).
5. ഫാത്തിമാ ഗിരി പള്ളി പാലക്കൽതകിടി: ഏപ്രിൽ ഏഴാം തീയതി 6:00 pm മുതൽ സായാഹ്ന കൺവൻഷൻ
6. സെന്റ് സെബാസ്റ്റ്യൻസ് ഇടവക, തുരുത്തിക്കാട്: ഏപ്രിൽ 8-ാം തീയതി 6:00 pm മുതൽ സായാഹ്ന കൺവൻഷൻ
7. സെന്റ് ജോസഫ് പള്ളി, ളായിക്കാട്, ഏപ്രിൽ 9-ാം തീയതി 5:00 pm മുതൽ സായാഹ്ന കൺവൻഷൻ
8. ലൂർദ്ദ് മാതാ ഇടവക; പായിപ്പാട്: ഏപ്രിൽ 11-ാം തീയതി 9:00 am മുതൽ 3:00 pm വരെ
9. സെന്റ് ജോസഫ് ഇടവക; കുന്നന്താനം; 21-ാം തീയതി ഏപ്രിൽ രാവിലെ 9:00 am മുതൽ

## സബ്സോണൽ സർവീസ് ടീമുകളുടെ പുനഃസംഘടനാ തീയതികൾ

| | |
|---|---|
| കുന്നന്താനം സബ്സോൺ | - ഏപ്രിൽ 28 |
| മണിമല സബ്സോൺ | - മെയ് 2 |
| നെടുങ്കുന്നം സബ്സോൺ | - മെയ് 9 |
| കുറുമ്പനാടം സബ്സോൺ | - മെയ് 16 |
| ചെത്തിപ്പുഴ സബ്സോൺ | - മെയ് 23 |
| കുട്ടനാട് സബ്സോൺ | - മെയ് 26 |

**ജെയിംസ് എൻ.ജെ. നടുവിലേപറമ്പിൽ**
കോ-ഓർഡിനേറ്റർ

**ഫാ. മാത്യു താന്നിയത്ത്**
ഡയറക്ടർ

# ദലിത് കത്തോലിക്കാ മഹാജനസഭ

## ഉദ്യോഗസ്ഥ കൂട്ടായ്മ വാർഷികവും ഡയറക്ടർ ഫാ. ബെന്നി കുഴിയടിയുടെ യാത്രയയപ്പും, പുതിയ ഡയറക്ടർ ഫാദർ ജസ്റ്റിൻ കായംകുളത്തുശ്ശേരിക്കു സ്വീകരണവും

അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ കൂട്ടായ്മയും കഴിഞ്ഞ 9 വർഷക്കാലമായി അതിരൂപത ഡയറക്ടറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച റവ. ഫാ. ബെന്നി കുഴിയടിക്ക് യാത്രയയപ്പും പുതിയതായി ചാർജ്ജെടുത്ത ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിക്കു സ്വീകരണവും 2017 ഫെബ്രുവരി 19 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടന്നു.

സാമുദായിക പുരോഗതിയിൽ ഉദ്യോഗസ്ഥന്മാരുടെ പങ്ക് എന്ന വിഷയത്തിൽ ശ്രീ. ജോൺ പീറ്റർ ക്ലാസ്സ് നയിച്ചു. തുടർന്ന് ട്രഷറി സൂപ്രണ്ടന്റ് ശ്രീ. സജി ജോസഫ്, കോട്ടയം എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ ശ്രീ. ജോൺസൺ മാത്യു, ശ്രീ. ജോമോൻ എം.സി. എന്നിവർ മോഡറേറ്ററന്മാരായി ചർച്ച നടത്തി. 3 മണിക്ക് ആരംഭിച്ച പൊതു സമ്മേളനം ഡെപ്യൂട്ടി കളക്ടർ കോട്ടയം ശ്രീ. വി.ഡി. ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ റവ. ഡോ. ജെയിംസ് പാലയ്ക്കൽ അനുഗ്രഹപ്രഭാഷണവും ഫാ. ബെന്നി കുഴിയടിയിൽ, സി.സി. കുഞ്ഞുകൊച്ച്, റ്റോമി മംഗലത്ത് എന്നിവർ ആശംസയർപ്പിച്ചു. തുടർന്ന് ഉദ്യോഗസ്ഥ ഫോറം രൂപീകരിച്ചു. ജോൺസൺ മാത്യു, സിജോ പി. ജേക്കബ്, ബാബു ജോസഫ് തൈക്കാട്, ജോമോൻ എം.സി., ജോൺ പീറ്റർ, സജിനി ബി., സോഫിയാമ്മ സേവ്യർ, മിനി റോയി, ജോൺ മാത്യു, ഡേവിഡ് പി. സ്വാഗതവും, എൽസമ്മ ജെയിംസ് കൃതജ്ഞതയും പറഞ്ഞു. എൽസമ്മ ജെയിംസ്, ഡേവിഡ് പി. എന്നിവരാണു ഉദ്യോഗസ്ഥഫോറത്തിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടവർ.

## പുതിയ ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രഥമ എക്സിക്യൂട്ടീവ്

പുതിയതായി ചാർജ്ജെടുത്ത ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ സാന്നിദ്ധ്യത്തിൽ 13-03-2017 ൽ ഉച്ചകഴിഞ്ഞു 2 മണിക്ക് പ്രഥമ എക്സിക്യൂട്ടീവ് പാസ്റ്ററൽ സെന്ററിൽ നടന്നു. ഡയറക്ടർ ആമുഖ പ്രസംഗം നടത്തി. തുടർന്നുനടന്ന ചർച്ചയിൽ വിദ്യാജ്യോതിയുടെ ഫണ്ടു ശേഖരണത്തിനായി എല്ലാ ഫൊറോനാകളിലെയും യൂണിറ്റുകളിൽ ഭവനസന്ദർശനം നടത്തി. ഫണ്ടുശേഖരിക്കണമെന്നും അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പുളിങ്കുന്ന്, എടത്വാ, ചമ്പക്കുളം എന്നീ ഫൊറോനകളിൽ സന്ദർശനം നടത്തുകയും വേണമെന്ന തീരുമാനുണ്ടായി. ഉദ്യോഗസ്ഥരായവരുടെ അഡ്രസ്സുകൾ ശേഖരിച്ചു. കത്ത് അയയ്ക്കണമെന്നും തീരുമാനിച്ചു.

## ഉദ്യോഗസ്ഥ ഫോറത്തിന്റെ എക്സിക്യൂട്ടീവ്

ഏപ്രിൽ 8-ാം തീയതി ശനിയാഴ്ച 2 മണിക്ക് പ്രഥമ എക്സിക്യൂട്ടീവ് DCMS അതിരൂപതാ ഓഫീസിൽ കൂടുന്നു.

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

"ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും, പ്രഘോഷിക്കുവാനും വിലപിക്കുന്നവർക്കു സമാശ്വാസം നൽകുവാനും എന്നെ അയച്ചിരിക്കുന്നു" (ഏശയ്യാ 61 -2). അതിലൂടെ നാം പരസ്പരം സ്നേഹിക്കുവാനും വചനത്തിലൂടെ കർത്താവു നമ്മെ ഉദ്ബോധിപ്പിക്കുന്നു. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും, അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ. 14-23).

കരുണയുടെ അസാധാരണ ജൂബിലിവർഷം സമാപിച്ചുവെങ്കിലും, വിൻസെൻഷ്യൻ ചൈതന്യത്തിന്റെ അടിസ്ഥാനം സ്നേഹവും കരുണയുമാണെന്നു മനസ്സിലാക്കി, അതിലൂടെ നമുക്ക് ഈ നോമ്പുകാലത്തെ പ്രവർത്തനങ്ങൾക്ക് മികവേകാം. ഇവിടെ സങ്കീർത്തകൻ 126-3ൽ പറഞ്ഞിരിക്കുന്നതുപോലെ "കർത്താവു ഞങ്ങൾക്കുവേണ്ടി വൻകാര്യങ്ങൾ ചെയ്യുന്നതിന് കൂടുതൽ ഊന്നൽ നൽകാം. "കർത്താവ് പീഡിതരായ എല്ലാവർക്കും നീതിയും ന്യായവും പാലിച്ചുകൊടുക്കുന്നു" (സങ്കീ.103-6). നാം നമ്മുടെ കരുണയും കരുതലും സ്നേഹവും പ്രകടിപ്പിക്കുമ്പോൾ യഥാർത്ഥ വിൻസെൻഷ്യൻ പ്രവർത്തകരായിത്തീരുന്നു.

### പ്രസിഡന്റ് ജനറലിന്റെ സന്ദർശനം

മാർച്ച് 8 ന് എറണാകുളത്ത് എത്തിയ അന്തർദ്ദേശീയ പ്രസിഡന്റ് ജനറൽ റീനാ റ്റോയ് സമുചിതമായ ഒരു സ്വീകരണം കേരളത്തിലെ 31 (മുപ്പത്തിയൊന്ന്) സി.സികളും ചേർന്ന് നൽകുകയുണ്ടായി. ദേശീയ കൗൺസിലന്റെ നിർദ്ദേശപ്രകാരം വളരെ കുറച്ച് അംഗങ്ങളേ മാത്രമേ നമുക്ക് പങ്കെടുപ്പിക്കുവാൻ സാധിച്ചുള്ളൂ. അതിനുവേണ്ടി സഹകരിച്ച എല്ലാ ഭാരവാഹികളേയും, അംഗങ്ങളേയും ഏറെ സ്നേഹത്തോടെയും നന്ദിയോടെയും ഓർക്കുന്നു.

### ഇമെയിൽ

ചങ്ങനാശേരി സി.സി. ക്ക് തനതായ ഒരു ഇമെയിൽ ഐഡി രൂപീകരിച്ച വിവരം അറിഞ്ഞിരിക്കുമല്ലോ? എല്ലാവർക്കും പെട്ടെന്ന് ഓർക്കുകയും മനസിലാക്കുകയും ചെയ്യാൻ പറ്റുന്ന ഒന്നാണ് നമ്മുടെ ഇമെയിൽ.

Email Id: changanacherrycc@gmail.com ഫോണിൽക്കൂടി ബന്ധപ്പെടുന്നതിനു പകരം ഇമെയിലിൽകൂടിയും ഇനിയും ബന്ധപ്പെടാം.

### സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് ഏപ്രിൽ 8ന് ശനിയാഴ്ച പതിവുസമയത്ത് ആരം

ഭിക്കുന്നതാണ്. വാർഷിക റിപ്പോർട്ട്, കണക്ക്, കൗൺസിൽ വീതാംശം, ബുള്ളറ്റിൻ, ഡയറി, ഓസാനാം ഇവയുടെ തുകയും നാഷണൽ കൗൺസിൽ വീതാംശവും ഒപ്പം കൊണ്ടുവരുന്ന കാര്യം മറക്കരുത്.

**സി.സി. വാർഷികം**

ഈ വർഷത്തെ നമ്മുടെ വാർഷികം മെയ് 14നു ഞായറാഴ്ച പാറേൽ മരിയൻ സെന്റർ പാരീഷ് ഹാളിൽ നടക്കുന്നതാണ്. തദവസരത്തിൽ എല്ലാവരുടേയും സഹകണം പ്രതീക്ഷിക്കുകയാണ്. വാർഷികം കൊണ്ടുദ്ദേശിക്കുന്നത് ഒരു വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളുടെ ഒരു വിലയിരുത്തലാണല്ലോ. ഏവരുടേയും സാന്നിദ്ധ്യത്തിലൂടെ പരസ്പരം പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, പോരായ്മകൾ ഉണ്ടെങ്കിൽ തിരുത്തുവാനുള്ള ഒരു വേദിയായി കണക്കാക്കി എല്ലാവരും സഹകരിച്ച് വാർഷികം ഒരു വൻവിജയമാക്കിത്തീർക്കണമെന്ന് അപേക്ഷിക്കുന്നു. ഉച്ചഭക്ഷണത്തോടുകൂടി അവസാനിപ്പിക്കത്തക്ക രീതിയിൽ വി. കുർബാനയോടുകൂടിയാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

**ദേശീയ വാർഷികം**

പതിവുപോലെ സെപ്റ്റംബർ മാസത്തിലാണ് ദേശീയ വാർഷികം നടക്കുന്നത്. തന്നിമിത്തം ജൂൺ 30ന് മുമ്പ് കോൺഫ്രൻസ്, എ.സി., സി.സി. ഇവയുടെ വാർഷികം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ വാർഷികത്തിന് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവരങ്ങൾ കാലേകൂട്ടിത്തന്നെ ലഭിക്കേണ്ടതുണ്ടല്ലോ?

പുതിയ ശോഭനമായ ഒരു പ്രവർത്തനവർഷം എല്ലാവർക്കും ആശംസിക്കുകയും ഒപ്പം ഉയിർപ്പിന്റെ മംഗളങ്ങൾ നേരുകയും ചെയ്തുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ മാർച്ചുമാസ സമ്മേളനം 12-03-2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റ് ബ്രദർ ബേബി മാത്യു മതിച്ചിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് ഫാ. ജോജോ പുതുവേലിൽ മീറ്റിംഗിന്റെ ആരംഭത്തിൽ തന്നെ അവിടെ സന്നിഹിതനായിരുന്നു. മരിയൻ പ്രസീദിയ ഭാരവാഹികളെ അഭിസംബോധന ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിയതിനു ശേഷം തന്റെ ഏറ്റം പ്രധാനമായ മറ്റൊരു ഔദ്യോഗിക കാര്യനിർവ്വഹണത്തിനായി പോകാനായി അവരോടു വിടപറയുകയും ചെയ്തു.

വൈസ് പ്രസിഡന്റ് സി. എത്സമ്മ തോമസ് കോട്ടപ്പുറം ഹാജർ രേഖപ്പെടുത്തുകയും, എല്ലാവരേയും പരി. ദൈവമാതാവിന്റെ നാമത്തിൽ സ്വാഗതം ചെയ്യുകയും ചെയ്തു.

സംഘടനയുടെ വാർഷിക ചടങ്ങുകളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് ആച്ചിയെസ്സ് അഥവാ സൈനിക പ്രകടനം. അതിനായി കമ്മീസിയത്തോടു ചേർക്കപ്പെട്ട പ്രസീദിയങ്ങളിൽ നിന്നുള്ള പ്രവർത്തകാംഗങ്ങളും, സഹായകാംഗങ്ങളും ഒത്തുകൂടി പരി. അമ്മയുടെ സന്നിധിയിൽ പ്രതിജ്ഞ നടത്തി, തങ്ങളെത്തന്നെ പുനഃപ്രതിഷ്ഠിക്കുന്നു. ഇപ്രാവശ്യം മാർച്ച് 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാറേൽ പള്ളിയിൽ നടത്തുവാൻ നിശ്ചയിച്ചു. ഈ വിവരം പ്രസീദിയ ഭാരവാഹികൾക്ക് നോട്ടീസിൽകൂടി മരിയൻ സൈനികരിൽ എത്തിക്കുന്നതിനുള്ള ഏർപ്പാടു ചെയ്തു.

അടുത്തതായി "തിരുഹൃദയത്തിന്റെ വാഴ്ച ഭവനങ്ങളിൽ," എന്ന വിഷയത്തെ ആസ്പദമാക്കി, പാറേൽ കർമ്മലമാതാവിന്റെ പ്രസീദിയത്തിലെ സി. കുഞ്ഞൂഞ്ഞമ്മ, മൂലയിൽ ചർച്ച നയിക്കുകയും, മറ്റ് അംഗങ്ങൾ അതിൽ പങ്കുചേരുകയുണ്ടായി.

അടുത്ത കമ്മീസിയും മീറ്റിംഗ് 09-04-2017 ഞായറാഴ്ച 2.30 p.m. ന് പാറേൽ ലീജിയൻ ഹാളിൽ വച്ച് - പ്രധാന അജണ്ട കമ്മീസിയം പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്.

പ്രവർത്തനം നിന്നുപോയ ളായിക്കാട് സെന്റ് ജോസഫ് ഇടവകയിലെ പ്രസീദിയം പുനർജ്ജീവിപ്പിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. പുതുപ്പള്ളി, പൂമറ്റം ആശ്രമദൈവാലയത്തോടനുബന്ധിച്ച് ഒരു പുതിയ പ്രസീദിയം ആരംഭിക്കുന്നതിനും ശ്രമം ആരംഭിച്ചിട്ടുണ്ട്.

ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ഇടവക വികാരി ബഹുമാനപ്പെട്ട പ്ലാത്താനത്തച്ചന്റെ ശ്രമഫലമായി ഒരു പ്രസീദിയം 85 ഓളം പ്രതിവാര സമ്മേളനങ്ങൾ പിന്നിട്ട് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ആ പ്രസീദിയം ചില വൈഷമ്യങ്ങൾ നേരിടുന്നതിനാൽ, ആ പ്രസീദിയത്തിൽ സന്ദർശനം നടത്തി ആവശ്യമായ

നിർദ്ദേശം നൽകണമെന്ന് കമ്മീസിയത്തിൽ അറിയിച്ചതിനാൽ, കമ്മീസിയത്തിൽ നിന്നു അവരെ സന്ദർശിക്കുന്ന വിവരം അവരെ അറിയിച്ചിട്ടുണ്ട്.

കാലത്തിന്റെ ചുവരെഴുത്ത് മരിയൻ സൈനികരായ നാം ഓരോ സഭാസ്നേഹിയും തിരിച്ചറിയണം. ഓരോ മരിയൻ സൈനികനും തങ്ങളുടെ ഇടവകയിൽ കൂടുതലായി ഒരു പ്രസീദിയം കൂടി ആരംഭിക്കാനും, പ്രസീദിയം ഒന്നുപോലും ഇല്ലാത്ത അടുത്തുള്ള ഇടവകയിൽ നമ്മുടെ ബന്ധുക്കളോ, സുഹൃത്തുക്കൾവഴിയോ ഒരു പ്രസീദിയം ആരംഭിക്കാനുള്ള പരിശ്രമവും നമ്മുടെ കടമയായികാണണം. അങ്ങനെ പരി. ദൈവമാതാവിന്റെ പരിരക്ഷ നമ്മുടെ അടുത്ത തലമുറയ്ക്ക് ഉറപ്പാക്കുകയാണ് നമ്മൾ ചെയ്യുന്നത്.

തെസ്സരയിലെ അവസാന ജപത്തിനുശേഷം, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുള്ള പ്രാർത്ഥനയ്ക്കുശേഷം സൈനികർ പരസ്പരം സ്തുതി ചൊല്ലി, മീറ്റിംഗ് 4.30 നോടുകൂടി സമംഗളം പര്യവസാനിച്ചു.

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**ബ്ര. ബേബി മാത്യു മതിച്ചിപ്പറമ്പിൽ**
പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ
(Secular Franciscan Order - SFO)

"സമാധാനം-സൗഭാഗ്യം"

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ അവർണ്ണനീയമായ പീഡകളെപ്പറ്റി കൂടുതലായി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട് പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും പരിഹാരപ്രവർത്തികളുടെയും കാലഘട്ടമായ അമ്പതു നോമ്പിലൂടെ കടന്നുപൊയ്ക്കൊണ്ട് ആദിമസഭയുടെ സദ്വാർത്തയുടെ കേന്ദ്രബിന്ദുവായ ഈശോയുടെ പുനരുത്ഥാനം ആഘോഷിക്കുവാൻ നമുക്കു പരിശ്രമിക്കാം. ഇന്ന്, ഇപ്പോൾ "എന്റെ മുൻപിൽ എന്റെ പാപങ്ങൾക്കുള്ള ശിക്ഷയായി കുരിശിൽ തൂങ്ങിക്കിടന്നു പീഡകളനുഭവിക്കുന്ന ഈശോ എന്നാണ് വി. ഫ്രാൻസിസ് അസീസ്സി ദിവ്യനാഥനെപ്പറ്റി വിചാരിച്ചിരുന്നത്. ഉത്ഥാനം വഴി പാപത്തെയും മരണത്തെയും വിജയിച്ച മിശിഹായിലൂടെ കൈവന്ന രക്ഷയിലും പുതുജീവനിലും സഭ ആഹ്ലാദിക്കുന്ന കാലമാണല്ലോ ഉയിർപ്പുകാലം. മാമ്മോദീസായിലൂടെ പാപത്തിനു മരിച്ച് മിശിഹായിൽ നവജീവൻ പ്രാപിച്ചവരാണ് നാമെന്ന് അനുസ്മരിച്ചുകൊണ്ട് കൗദാശികജീവിതത്തിലും, ജീവിതസാക്ഷ്യത്തിലും വളർന്നുവരുവാൻ നമുക്കു പരിശ്രമിക്കാം. സമാഗതമാകുന്ന പെസഹായുടെയും ഉത്ഥാന തിരുനാളിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

## 6-ാമത് നോമ്പുകാല പീഡാനുഭവ പദയാത്ര

SFO ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 1-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ നിന്നും എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിലേക്ക് 6-ാമത് നോമ്പുകാല പീഡാനുഭവ പദയാത്ര നടത്തി. പദയാത്ര മുട്ടാർ പള്ളി വികാരി റവ.ഫാ. എബ്രഹാം തയ്യിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ജപമാല, കുരിശിന്റെ വഴി, കരുണകൊന്ത എന്നീ പ്രാർത്ഥനകൾ ചൊല്ലി എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽ എത്തിച്ചേർന്നപ്പോൾ അസി. വികാരി റവ. ഫാ. ജോർജ് ചക്കുങ്കൽ, റവ. ഫാ. ജോമോൻ ആശാംപറമ്പിൽ എന്നിവർ ചേർന്ന് ഒപ്പീസ് പ്രാർത്ഥന ചൊല്ലി. അസി. വികാരിയച്ചൻ പദയാത്രയെ സ്വാഗതം ചെയ്തു സംസാരിച്ചു. തുടർന്ന് റവ. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായ ദിവ്യകാരുണ്യ ആരാധനയർപ്പിച്ചതിനു ശേഷം SFO അതിരൂപത ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ.ഫാ. ജോമോൻ ആശാംപറമ്പിലിന്റെ മുഖ്യകാർമ്മികത്വത്തിൽ വി.കുർബാനയും അതെത്തുടർന്ന് നേർച്ച കഞ്ഞിവിതരണവും നടത്തി. പദയാത്രക്ക് SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ, വൈസ് പ്രസിഡന്റ് പ്രമോദ് പി.

ജോസഫ്, സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, റീജണൽ പ്രസിഡണ്ടുമാരായ പ്രൊഫ. മാത്യു ജോർജ്ജ് വെള്ളാപ്പള്ളിപ്പുരയ്ക്കൽ, ആന്റണി ചാക്കോ കൊങ്ങംപള്ളിൽ, കെ.എം. ചാക്കോ കന്നയിൽ, തോമസുകുട്ടി ഇട്ടിയംപറമ്പിൽ, പി.റ്റി. തോമസ് പുന്നശ്ശേരി, ടോമി നരിക്കുഴി, റ്റി.റ്റി. ഫ്രാൻസിസ് തട്ടുപുരയ്ക്കൽ, വി.സി. അലക്സ് വലിയപറമ്പിൽ എന്നിവർ നേതൃത്വം നൽകി. പദയാത്ര ദൈവാനുഗ്രഹപ്രദമാക്കാൻ പരിശ്രമിച്ച മുട്ടാർ, എടത്വാ ഭ്രാതൃത്വഭാരവാഹികൾക്കും, അംഗങ്ങൾക്കും അതിരൂപതയിലെ മുഴുവൻ SFO അംഗങ്ങൾക്കും ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും SFO അതിരൂപത കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു.

## തീർത്ഥാടനം

SFO വാഴപ്പള്ളി ഗെത്സെമനി ആശ്രമ ഭ്രാതൃത്വത്തിന്റെ നേതൃത്വത്തിൽ അരുവിത്തറ വല്യച്ചൻ മലയിലേക്ക് തീർത്ഥാടനം നടത്തി. 25.03.2017 ശനിയാഴ്ച രാവിലെ 7.00 മണിക്ക് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ നിന്ന് പുറപ്പെട്ട് മാന്നാനം വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കബറിടം, ചേർപ്പുങ്കൽ വി. അൽഫോൻസാമ്മയുടെ കബറിടം എന്നിവ സന്ദർശിച്ചതിനു ശേഷം ഉച്ചയ്ക്ക് 12.30ന് വി. അൽഫോൻസാമ്മ ചാപ്പലിൽ ബഹു. ജോമോൻ ആശാംപറമ്പിൽ അച്ചന്റെ കാർമ്മികത്വത്തിൽ വി.കുർബാനയ്ക്കുശേഷം രാമപുരത്തെ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടം സന്ദർശിച്ചു. തുടർന്ന് അരുവിത്തറ വല്യച്ചൻമലയിൽ കുരിശിന്റെ വഴി എത്തിച്ച് കയറി. അവിടെനിന്നും ചെങ്ങളം വി. അന്തോനീസിന്റെ പ്രസിദ്ധ ദൈവാലയം സന്ദർശിച്ച് മടങ്ങി. നോമ്പുകാല തീർത്ഥാടനം നോമ്പിന്റെ വിശുദ്ധിയിൽ ജീവിതം തുടരുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## നിര്യാതരായി

എടത്വാ സെന്റ് ജോർജ് ഭ്രാതൃത്വത്തിലെ സീനിയർ അംഗമായ കൈപ്പടാശ്ശേരിൽ ത്രേസ്യാമ്മ വർക്കി (93), പച്ച–ചെക്കിടിക്കാട് ലൂർദ്ദുമാതാ ഭ്രാതൃത്വാംഗം ചെത്തിക്കളം മേരിക്കുട്ടി ജോസഫ് (81) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ!

ഉത്ഥിതനായ ഈശോയുടെ അനുഗ്രഹം നിങ്ങളിൽ വർഷിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap.**
SFO അതിരൂപതാ Spiritual Assistant

## അമ്പതു നോമ്പിന്റെ വിശുദ്ധി

അമ്പതു നോമ്പിന്റെ ആത്മീയചൈതന്യത്തിലേക്ക് വിശ്വാസികളെ നയിക്കുവാൻ സഹായകമായ ഓഡിയോവിഷ്വൽ പ്രോഗ്രാം വിവിധ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തുവാൻ സഹകരിക്കുന്ന എല്ലാ ബഹു. വൈദികരെയും നന്ദിപൂർവ്വം ഓർക്കുന്നു. അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ പ്രഭാഷണം ഉൾപ്പെടെയുള്ള നിരവധി ദൃശ്യങ്ങളാണ് ഈ വർഷം ഓഡിയോവിഷ്വൽ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3 മണിക്കൂർ സമയദൈർഘ്യമുള്ള ഈ സായാഹ്ന കൺവൻഷൻ ഒരു ആത്മീയശുശ്രൂഷ തന്നെയാണ്. അടുത്ത വർഷം വ്യത്യസ്ത ശൈലിയിൽ തയ്യാറാക്കുന്ന ഓഡിയോവിഷ്വൽ പാക്കേജ് ഇടവകകൾക്ക് മുൻകൂട്ടി ബുക്ക്ചെയ്യാവുന്നതാണ്.

## അമ്പതു നോമ്പിന്റെ വിശുദ്ധി വിവിധസ്ഥലങ്ങളിൽ

മാർച്ച് 09 : SD പ്രൊവിൻഷ്യൽ ഹൗസ്, ചെത്തിപ്പുഴ
മാർച്ച് 10 : സെന്റ്മേരിസ് ഫൊറോന പള്ളി, പുളിങ്കുന്ന്
മാർച്ച് 11 : കൊടിനാട്ട്കുന്ന് പള്ളി
മാർച്ച് 12 : ആറുമാനൂർ പള്ളി
മാർച്ച് 19 : ഹോളിമാഗി ഫൊറോന പള്ളി,മണിമല
മാർച്ച് 24 : രാമങ്കരി പള്ളി
മാർച്ച് 25 : ഫാത്തിമാപുരം പള്ളി
മാർച്ച് 26 : കിടങ്ങറ പള്ളി
മാർച്ച് 30 : മേഴ്സിഹോം, ചെത്തിപ്പുഴ
മാർച്ച് 31 : തോട്ടയ്ക്കാട് പള്ളി
ഏപ്രിൽ 01 : കാവാലം ലിസ്യു പള്ളി
ഏപ്രിൽ 02 : പൊങ്ങ പള്ളി
ഏപ്രിൽ 06 : ചെങ്ങന്നൂർ മേരിമാതാ പള്ളി
ഏപ്രിൽ 07 : മുട്ടാർ പഴയ പള്ളി
ഏപ്രിൽ 08 : തുരുത്തി ഫൊറോന പള്ളി
ഏപ്രിൽ 10 : ചീരംചിറ പള്ളി

- **മാധ്യമ പ്രേഷിതത്വം : ഡിപ്ലോമാ കോഴ്സ്**

**ഏപ്രിൽ 17 മുതൽ 29 വരെ**

മീഡിയാവില്ലേജ് കാമ്പസിൽ ഏപ്രിൽ 17 മുതൽ 29 വരെ കേരളത്തിലെ വിവിധ രൂപതകളിലും, സന്യാസ സഭകളിലും മാധ്യമവിഭാഗം കൈകാര്യം ചെയ്യുന്നവർക്കായി പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സ് സംഘടിപ്പി

ക്കുന്നു. വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കുമാത്രം പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക. 9544120698, 9446194320.

- **പുതിയ ഓഡിയോവിഷ്വൽ പാക്കേജുകൾ**

ഇടവകയിലെ വിവിധ ഗ്രൂപ്പുകൾക്കായി 2017 ജൂൺ മാസം മുതൽ ആരംഭിക്കുന്ന ഓഡിയോവിഷ്വൽ പരിപാടികൾ മുൻകൂട്ടി ബുക്ക്ചെയ്യാവുന്നതാണ്. വിശദ വിവരങ്ങളടങ്ങിയ ബ്രോഷറുകൾ ഇടവകകളിലേക്ക് അയച്ചിട്ടുള്ളതാണ്.

**ബുക്കിംഗിന് : 9544120698, 9446194320, 9400285923**

- **അവധിക്കാലത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കോഴ്സുകൾ**

Computer, Internet, Social Media, M.S Office, DTP, Page Maker, Spoken English, Photography, Videography, Audio Editing, Video Editing, Graphic Design, Web Design, Illustrator, After Effects, Coral Draw, Animation എന്നീവിഷയങ്ങളിൽ ഏപ്രിൽ ആദ്യവാരം മുതൽ മീഡിയാവില്ലേജ് ക്യാമ്പസ്സിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ആന്റണി എത്തയ്ക്കാട്ട്**

എക്സിക്യൂട്ടീവ് ഡയറക്ടർ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# സുവിശേഷപ്രഘോഷണവും അടയാളങ്ങളും

## (തിരുവചനഭാഗം: മർക്കോ 5,1–6,13)

മൂന്ന് അത്ഭുതങ്ങളും (5,1–43) അതേത്തുടർന്ന് ഈശോയ്ക്ക് സ്വന്തം നാട്ടിൽനിന്നു ലഭിച്ച തിരസ്ക്കരണവും (6,1–6) തന്റെ സുവിശേഷപ്രഘോഷണ ദൗത്യവുമായി ഈശോ ശിഷ്യരെ യാത്രയാക്കുന്നതു(6,7–13)മാണ് ഈ തിരുവ ചനഭാഗം അവതരിപ്പിക്കുന്നത്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ അവശ്യഘടകമായിരുന്നു അത്ഭുതങ്ങൾ. അതേ സുവിശേഷപ്രഘോഷണദൗ ത്യവുമായിട്ടാണ് ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ യാത്രയാക്കിയത്. ഈശോയുടെ പന്ത്രണ്ടു ശിഷ്യന്മാരുടെ ശുശ്രൂഷയുടെ തുടർച്ചയാണല്ലോ സഭ യിലെ പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് പുരോഹിതശുശ്രൂഷയുടെ സ്വഭാ വവും പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകരമാ ണ്.

### 1. പുരോഹിതശുശ്രൂഷയും സുവിശേഷപ്രഘോഷണവും

*"അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തുവിളിച്ച് രണ്ടുപേരെ വീതം അയ യ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടു ത്തു.ശിഷ്യന്മാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി" (6,7.12–13).*

ഈശോയുടെ മെസിയാനികദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോ ഷണമായിരുന്നു: "ഈശോ ദൈവത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,14–15). തന്റെ സുവിശേഷപ്രഘോഷണദൗത്യവുമായിട്ടാണ് ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ ഉത്ഥാനശേഷം പറഞ്ഞയയ്ക്കുന്നതും: "നിങ്ങൾ ലോക മെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (16,15). തന്റെ സുവിശേഷപ്രഘോഷണദൗത്യവുമായി ഈശോ അയച്ച പന്ത്രണ്ടു ശ്ലീഹ ന്മാരുടെ ശുശ്രൂഷയുടെ പിൻതുടർച്ചയാണ് സഭയിലെ പൗരോഹിത്യശുശ്രൂഷ. അതുകൊണ്ടുതന്നെ സഭയിലെ പൗരോഹിത്യശുശ്രൂഷ, അടിസ്ഥാനപരമായി സുവിശേഷപ്രഘോഷണശുശ്രൂഷയാണെന്നു പറയാം. പുതിയനിയമപൗരോഹി

ത്യത്തെപ്പറ്റി പ്രത്യക്ഷമായി പുതിയനിയമത്തിൽ ഒരു പ്രാവശ്യം മാത്രമേ പരാമർശിക്കുന്നുള്ളു. അതിപ്രകാരമാണ്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമാ 15,16). അതുകൊണ്ട് സഭയിലെ പുരോഹിതശുശ്രൂഷ -പ്രബോധനശുശ്രൂഷയും അജപാലനശുശ്രൂഷയും വിശുദ്ധീകരണശുശ്രൂഷയുമെല്ലാം- സുവിശേഷപ്രഘോഷണശുശ്രൂഷയാണെന്നു പറയാം.

ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ അവശ്യഭാഗമാണ് അത്ഭുതങ്ങൾ. അവയെ 'അടയാളങ്ങൾ' എന്നാണ് ഈശോ വിശേഷിപ്പിക്കുക. അവ ശിഷ്യരുടെ സുവിശേഷപ്രഘോഷണത്തിന്റെയും അവശ്യഘടകമായിരിക്കുമെന്ന് ഈശോ വ്യക്തമാക്കുന്നുണ്ട് (മർക്കോ 16,15-18). നാലുതരത്തിലുള്ള അത്ഭുതങ്ങളാണ് ഈശോയുടെ സുവിശേഷപ്രഘോഷണത്തിൽ നാം കാണുന്നത്: പിശാചുബാധയൊഴിക്കൽ, രോഗശാന്തി, മരിച്ചവരെ ഉയിർപ്പിക്കൽ, പ്രകൃതിയത്ഭുതങ്ങൾ. ഈ നാലുതരത്തിലുള്ള അത്ഭുതങ്ങളും ഈ സുവിശേഷസന്ദർഭത്തിൽ വിവരിക്കുന്നുമുണ്ട് (മർക്കോ 4,35-5,43). ഈശോയുടെ സുവിശേഷം സമഗ്രമായ വിമോചനത്തിന്റെ അഥവാ രക്ഷയുടെ സുവിശേഷമാണെന്ന് ഈ അടയാളങ്ങൾ വ്യക്തമാക്കുന്നു. പിശാചുബാധയൊഴിക്കൽ തിന്മയുടെ അടിമത്തത്തിൽനിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നെങ്കിൽ, രോഗശാന്തി ശാരീരിക-മാനസിക പരാധീനതകളിൽനിന്നും അവനെ രക്ഷിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്ന അത്ഭുതം മരണത്തിൽനിന്നും മനുഷ്യനെ രക്ഷിച്ച് അവനു നിത്യജീവൻ കൊടുക്കുന്നതിന്റെ അടയാളമാണെങ്കിൽ പ്രകൃതിയത്ഭുതങ്ങൾ പ്രാപഞ്ചികവിമോചനത്തിന്റെയും രക്ഷയുടെയും അടയാളമാണ്. അതുകൊണ്ട് പുരോഹിതന്റെ ശുശ്രൂഷകളിലെല്ലാം ഇപ്രകാരമുള്ള അടയാളങ്ങൾ ഉണ്ടാവണം. ഇന്ന് അടയാളങ്ങളെല്ലാം വരദാനമുള്ളവരിലൂടെമാത്രം സംഭവിക്കുന്നു എന്ന പ്രതീതിയാണുള്ളത്. അതിനു മാറ്റം സംഭവിക്കണം. പുരോഹിതശുശ്രൂഷയുടെ ഒരവശ്യഘടകമായി ഇപ്രകാരമുള്ള അടയാളങ്ങൾ മനസ്സിലാക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും വേണം.

## 2. വിശുദ്ധിയുടെ സുവിശേഷപ്രഘോഷണം

*"ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൻ പറഞ്ഞു: മഹോന്നതനായ ദൈവത്തിന്റെ പുത്രാ, ഈശോയേ, അങ്ങ് എന്റെ കാര്യത്തിൽ എന്തിന് ഇടപെടുന്നു? ദൈവത്തെക്കൊണ്ട് ആണയിട്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു: അങ്ങ് എന്നെ പീഡിപ്പിക്കരുതേ! കാരണം, അശുദ്ധാത്മാവേ, ആ മനുഷ്യനിൽനിന്നു പുറത്തുവരൂ എന്ന് ഈശോ ആജ്ഞാപിച്ചിരുന്നു" (5,7-8).*

'ലെഗിയോൻ' എന്ന പിശാചുബാധിതനു മോചനം നല്കുന്ന അത്ഭുതം ഈശോ വിശുദ്ധിയുടെ സുവിശേഷപ്രഘോഷകനാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ശവകുടീരങ്ങൾക്കിടയിൽ താമസിച്ചിരുന്നു എന്നതും പിശാചുബാധിതനെ 'അശുദ്ധാത്മാവ് ബാധിച്ച ഒരുവൻ' എന്നു വിശേഷിപ്പിക്കുന്നതും ഇതിന്റെ സൂചനയാണ്. വിജാതീയരുടെ അശുദ്ധമായ നാടും അശുദ്ധമൃഗമായ പന്നികളുമെല്ലാം അശുദ്ധിയുടെ മദ്ധ്യത്തിലേക്കുള്ള ഈശോയുടെ കടന്നുവരവിനെ സൂചിപ്പിക്കു

ന്നവയാണ്. മർക്കോസിന്റെ സുവിശേഷപ്രകാരം പരസ്യജീവിതത്തിൽ ഈശോ ആദ്യം പ്രവർത്തിച്ച അത്ഭുതം പിശാചുബാധയൊഴിക്കലായിരുന്നു. അവിടെ വിശുദ്ധിയും അശുദ്ധിയും തമ്മിലുള്ള സംഘർഷം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്: "അശുദ്ധാത്മാവു ബാധിച്ച ഒരുവൻ അവിടെ ഉണ്ടായിരുന്നു. അവൻ അലറി: നസറായനായ ഈശോയേ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം - ദൈവത്തിന്റെ പരിശുദ്ധൻ" (1,23-24). ദൈവത്തിന്റെ പരിശുദ്ധന്റെ സാന്നിദ്ധ്യം അശുദ്ധിക്കു ഭീഷണിയായി. നിത്യപുരോഹിതനായ ഈശോയുടെ പുരോഹിതാഭിഷേകം നടന്നത് പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരമാകുന്ന ദൈവാലയത്തിലാണ്. അഭിഷേകം ചെയ്യപ്പെട്ട പുരോഹിതൻ അവിടെ പ്രഖ്യാപിക്കപ്പെട്ടതും 'ദൈവത്തിന്റെ പരിശുദ്ധൻ' എന്നാണ് (ലൂക്കാ 1,35). സഭയിലെ ഓരോ പുരോഹിതനും ദൈവത്തിന്റെ പരിശുദ്ധനായിട്ടാണ് അഭിഷേകം ചെയ്യപ്പെടുന്നത്. ഇത് വിശുദ്ധിയുടെ സുവിശേഷപ്രഘോഷകനാകുന്നതിനുവേണ്ടിയാണ്. പുരോഹിതന്റെ വിശുദ്ധമായ ജീവിതം സമൂഹത്തിലെ അശുദ്ധിക്ക് ഭീഷണിയായി മാറണം.

"നിന്റെ പേരെന്താണ്?" എന്ന് ഈശോ ചോദിച്ചപ്പോൾ പിശാചുബാധിതൻ പറഞ്ഞത് "എന്റെ പേരു ലെഗിയോൻ'; ഞങ്ങൾ അനേകം പേരുണ്ട്" എന്നാണ് (5,9). ഇന്ന് 'ലെഗിയോൻ' ബാധിച്ച് അശുദ്ധാത്മാവിന്റെ ബന്ധനത്തിൽ കഴിയുന്ന പലരെയും ക്രിസ്തീയസമൂഹത്തിൽ കാണാനാവും. അഹങ്കാരം, പക, നിരാശ, ദ്രവ്യാഗ്രഹം, ജഢികാസക്തി തുടങ്ങിയ അശുദ്ധിയിൽ കഴിയുന്ന പലരും നമ്മുടെ സമൂഹത്തിലുണ്ട്. പ്രതീക്ഷകളില്ലാതെ നിരാശയിൽ മുഴുകി മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട് ജീവിക്കുന്നവരെല്ലാം, ശവകുടീരങ്ങൾക്കിടയിൽ കഴിഞ്ഞ, അശുദ്ധാത്മാവു ബാധിച്ച, മനുഷ്യനു തുല്യരാണ്. അവർ പലപ്പോഴും കൊഴിഞ്ഞ സ്വപ്നങ്ങളുടെ ശവകുടീരങ്ങൾക്കിടയിലാണ് കഴിയുന്നത്. അപ്രകാരമുള്ളവരെ അവരുടെ അശുദ്ധിയിൽനിന്നും ഒറ്റപ്പെടലിൽനിന്നും മോചിപ്പിച്ച് സഭാകൂട്ടായ്മയിലേക്കു കൊണ്ടുവരുവാനുള്ള ദൗത്യമാണ് പുരോഹിതനുള്ളത്. ഈ ദൗത്യം തന്റെ വിശുദ്ധമായ ജീവിതത്തിലൂടെയും വിശുദ്ധീകരണശുശ്രൂഷയിലൂടെയും നിർവഹിക്കുവാൻ പുരോഹിതനു കഴിയണം. അപ്രകാരം നിത്യപുരോഹിതനായ മിശിഹായോടുചേർന്ന് വിശുദ്ധിയുടെ സുവിശേഷപ്രഘോഷകരാൻ സഭയിലെ എല്ലാ പുരോഹിതരും വിളിക്കപ്പെട്ടിരിക്കുന്നു.

### 3. സുവിശേഷപ്രഘോഷണവും രോഗശാന്തിശുശ്രൂഷയും

*"അവൻ അവളോടു പറഞ്ഞു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക" (5,34).*

ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന വിവരണം ആരംഭിച്ചതിനുശേഷം രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന സംഭവം വിവരിച്ചിരിക്കുന്നു. ആ സംഭവത്തിനുശേഷം ആദ്യവിവരണത്തിന്റെ ബാക്കിയും നല്കിയിരിക്കുന്നു. ഇരു സംഭവങ്ങളും ബന്ധിപ്പിച്ചു വ്യാഖ്യാനിക്കാനുള്ള സൂചനകൾ ഇവിടെയുണ്ടാകാം. രക്തസ്രാവക്കാരി നൈയാമികമായി അശുദ്ധയും സമൂഹഭ്രഷ്ടയുമാണ്

(ലേവ്യ 15,25-30). അവളുടെ ദൈന്യതയുടെ ആഴം സുവിശേഷകൻ വരച്ചുകാട്ടുന്നുണ്ട്: "പല വൈദ്യന്മാരുടെ അടുത്തുപോയി, വളരെ കഷ്ടപ്പെടുകയും കൈവശമുള്ളതെല്ലാം ചിലവഴിക്കുകയും ചെയ്തിട്ടും അവളുടെ സ്ഥിതി മെച്ചപ്പെടുകയല്ല, കൂടുതൽ മോശമാവുകയാണു ചെയ്തത്" (5,26). എല്ലാവരുടെയും നടുവിൽവച്ച് ഈശോയുടെ മുമ്പിൽ ചെന്ന് ഉണർത്തിക്കാൻ പറ്റാത്ത രോഗമായിരുന്നതിനാലാവാം അവൾ ഈശോയുടെ പിന്നിൽ ചെന്ന് അവന്റെ വസ്ത്രത്തിൽ സ്പർശിക്കുന്നത്. മാത്രമല്ല, ജനക്കൂട്ടത്തെയും അവൾ ഭയപ്പെട്ടിട്ടുണ്ടാകണം. കാരണം, ജനക്കൂട്ടത്തിനിടെ തിക്കിത്തിരക്കി ഈശോയുടെ അടുത്ത് എത്തുമ്പോഴേക്കും അവൾ പലരെയും തന്റെ സ്പർശനംമൂലം അശുദ്ധരാക്കുകയും ചെയ്യും. അതുകൊണ്ട്, ഈശോയുടെ വസ്ത്രത്തിൽ ആരുമറിയാതെ അവൾ തൊട്ടു. പൂർണസൗഖ്യം പ്രാപിക്കുകയും ചെയ്തു. പക്ഷേ, അവളുടെ സൗഖ്യം പ്രാപിക്കലിന്റെ പ്രാധാന്യം വെളിപ്പെടുത്താൻ ഈശോ പ്രത്യേകം ശ്രദ്ധിക്കുന്നു. അവളുടെ സൗഖ്യം പ്രാപിക്കൽ വെളിപ്പെടുത്താൻ ഈശോ അവളെ നിർബന്ധിക്കുന്നു.

ഈശോ അവളോടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. "മകളേ" എന്ന് അവളെ വിളിക്കുന്നു; 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നും 'സമാധാനത്തോടെ പോവുക' എന്നും പറയുന്നു. "മകളേ" എന്നുള്ള വിളി ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തിന്റെ അടയാളമാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ അടയാളങ്ങളാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പർശനങ്ങളാണ്. അത്ഭുതങ്ങളെ വിശേഷിപ്പിക്കാൻ 'അത്ഭുതം' എന്ന വാക്കിനെക്കാൾ 'അടയാളം' എന്ന വാക്കാണ് യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്നത്. 'അടയാളങ്ങളുടെ പുസ്തകം' എന്നാണല്ലോ ഈശോയുടെ പരസ്യജീവിതം വിവരിക്കുന്ന സുവിശേഷഭാഗം അറിയപ്പെടുക. 'പിതാവിന്റെ ജോലി' എന്നാണ് ഈശോ സ്വയം തന്റെ അത്ഭുതങ്ങളെ വിശേഷിപ്പിക്കുന്നത് (യോഹ 5,19-21). പിതാവിന്റെ സ്നേഹസ്പർശനങ്ങളാണ് അത്ഭുതങ്ങളിലെല്ലാം സംഭവിക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തിലുള്ള വിശ്വാസമാണ് അത്ഭുതങ്ങൾക്കു കാരണമാകുന്നത്. 'അത്ഭുതങ്ങളിലൂടെ വിശ്വാസത്തിലേക്കു വരിക' എന്നതിനെക്കാൾ 'വിശ്വാസത്തിലൂടെ ദൈവം നല്കുന്ന രക്ഷയിലേക്കു വരിക' എന്നതാണ് അത്ഭുതങ്ങളിലൂടെയുള്ള ദൈവാനുഭവത്തിന്റെ സ്വഭാവം. 'രക്ഷ' എന്ന വാക്ക് ഇവിടെമാത്രമാണ് മർക്കോസ് തന്റെ സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് രോഗശാന്തിശുശ്രൂഷ അജപാലനശുശ്രൂഷയുടെ ഭാഗമായിത്തന്നെ കരുതണം. അതോടൊപ്പം ശരിയായ ആഭിമുഖ്യം നല്കത്തക്കവിധം അത് നിർവഹിക്കുകയും വേണം. വെറും രോഗശാന്തി ലക്ഷ്യമാക്കി വരാൻ ജനങ്ങളെ ആകർഷിക്കുന്ന ശൈലി വർജ്ജിക്കേണ്ടതാണ്. ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിലുള്ള വിശ്വാസത്തിലും സമഗ്രമായ രക്ഷാകരാനുഭവത്തിലും ജനങ്ങളെ വളർത്തുന്നവിധം രോഗശാന്തിശുശ്രൂഷ നിർവഹിക്കണം. എല്ലാ വൈദികർക്കും രോഗശാന്തിശുശ്രൂഷ നിർവഹിക്കുവാനുള്ള കൃപാവരം കൈവയ്പിലൂടെ നല്കപ്പെടുന്നുണ്ട്. ഇത് അജപാലനശുശ്രൂഷയുടെ ഭാഗമായിക്കരുതി എല്ലാവരും പ്രായോഗികമാക്കിയാൽ ഇന്ന് ഇക്കാര്യത്തിലുണ്ടാ

കുന്ന ആഭിമുഖ്യഭ്രംശം പരിഹരിക്കുവാൻ സാധിക്കും.

### 4. ജീവൻ നല്കുന്ന സുവിശേഷപ്രഘോഷണം

*"അവൻ അവളുടെ കൈയ്ക്കുപിടിച്ചുകൊണ്ട്, ബാലികേ, എഴുന്നേല്ക്കൂ എന്നർത്ഥമുള്ള തലീത്താ കും എന്നു പറഞ്ഞു. തത്ക്ഷണം ബാലിക എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു വയസ്സു പ്രായമുണ്ടായിരുന്നു. അവർ അത്യന്തം വിസ്മയിച്ചു" (5,41-42).*

മകൾ മരിച്ചുപോയി എന്ന വാർത്ത കേട്ടപ്പോൾ "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക" (5,26) എന്നു പറഞ്ഞുകൊണ്ട് സിനഗോഗധികാരിയെ ധൈര്യപ്പെടുത്തിയ ഈശോ അയാളുടെ വീട്ടിൽച്ചെന്ന് ആ മകളെ ഉയിർപ്പിക്കുന്ന അത്ഭുതമാണ് മർക്കോസ് സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തുക. മരിച്ചവരെ ഉയിർപ്പിക്കുന്ന മൂന്ന് അത്ഭുതങ്ങളാണ് ഈശോ പ്രവർത്തിച്ചിട്ടുള്ളത്. മറ്റു രണ്ട് അത്ഭുതങ്ങൾ നായിമിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നതും (ലൂക്കാ 7,11-17) ലാസറിനെ ഉയിർപ്പിക്കുന്നതു(യോഹ 11,1-44)മാണ്. മറ്റു രണ്ടത്ഭുതങ്ങൾക്കുമില്ലാത്ത ചില പ്രത്യേകതകൾ ഈ അത്ഭുതവിവരണത്തിനുണ്ട്. ഈ അത്ഭുതത്തിനു സാക്ഷ്യംവഹിക്കുവാൻ ഈശോ തന്റെ പന്ത്രണ്ടുപേരിൽ മൂന്നു ശ്ലീഹന്മാരെമാത്രം അനുവദിക്കുന്നു: പത്രോസ്, യാക്കോബ്, യോഹന്നാൻ (5,37). ഇവർ ഈശോയുടെ രൂപാന്തരീകരണാനുഭവത്തിനും (9,2) ഗത്സേമനിയനുഭവത്തിനും (14,33) സാക്ഷികളായവരാണ്. 'തലീത്താ കും' (ബാലികേ, എഴുന്നേല്ക്കുക) എന്ന് അറമായഭാഷയിൽ പറഞ്ഞാണ് അവളെ ഈശോ ഉയിർപ്പിക്കുന്നത്. അറമായഭാഷയിൽ ഈശോ പറഞ്ഞ വാക്കുകൾ ഗ്രീക്കു പുതിയനിയമത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നതും ഈ അത്ഭുതത്തിന്റെ പ്രത്യേക പ്രാധാന്യം സൂചിപ്പിക്കുന്നുണ്ട്. ബാലിക 'എഴുന്നേറ്റു' എന്നതിനുപയോഗിച്ചിരിക്കുന്ന വാക്കും 'അവർ അത്യന്തം വിസ്മയിച്ചു' എന്ന വാക്കുകളും (5,42) ഈശോയുടെ ഉത്ഥാനസന്ദർഭത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളാണ്. ഈ അത്ഭുതം ഈശോയുടെ ഉത്ഥാനത്തെയും അതിലൂടെ മനുഷ്യകുലത്തിന് അവിടുന്നു നേടിത്തന്ന പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. 'കുട്ടി ഉറങ്ങുകയാണ്' (5,39) എന്ന വാക്കുകളും ഈ അർത്ഥത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. മരണത്തെ നിത്യജീവനിലേക്ക് ഉണരുവാനുള്ള ഉറക്കമാക്കി മാറ്റിയവനാണ് ഈശോ.

'ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 11,25-26) എന്ന ഈശോയുടെ വാക്കുകളെ ഓർമ്മിപ്പിക്കുന്ന ഒരു വിവരണമാണ് മർക്കോസിന്റേത്. പുരോഹിതൻ പ്രഘോഷിക്കേണ്ട സുവിശേഷം ജീവൻ നല്കുന്ന സുവിശേഷമാണ്. നിത്യജീവനിലേക്ക് വിശ്വാസികളുടെ സമൂഹത്തെ നയിക്കുക എന്നതാണല്ലോ പുരോഹിതശുശ്രൂഷയുടെ ആത്യന്തികലക്ഷ്യം. 'ജീവൻ' ബന്ധമാണ് എന്നാണ് ഈശോ പഠിപ്പിച്ചത്. "നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" എന്നു ചോദിച്ച് തന്നെ സമീപിച്ച നിയമജ്ഞന് ഈശോ നല്കിയ മറുപടി ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കല്പനയായിരുന്നു (ലൂക്കാ 10,25

-28). അവസാനം അവിടുന്നു പറഞ്ഞു: "ഇതനുസരിച്ചു പ്രവർത്തിക്കുക; നീ ജീവിക്കും" (ലൂക്കാ 10,28). പാപത്തിന്റെ ഫലമായി മനുഷ്യനു നഷ്ടപ്പെട്ടത് ദൈവമനുഷ്യബന്ധങ്ങളായിരുന്നുവെങ്കിൽ മിശിഹായിലൂടെയുള്ള രക്ഷ മനുഷ്യന് വീണ്ടെടുത്തു നല്കിയത് ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹബന്ധമാണ്; ആ ബന്ധം ജീവിക്കുവാൻ ശക്തി നല്കുന്ന പരിശുദ്ധാരൂപിയെയാണ്. "അരൂപിയാണ് ജീവൻ നല്കുന്നത്" (യോഹ 6,63) എന്ന ഈശോയുടെ വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം മിശിഹായുടെ അരൂപിയെ നല്കി പാപം മൂലം നഷ്ടപ്പെട്ടുപോയ ദൈവമനുഷ്യബന്ധങ്ങൾ പുനസ്ഥാപിക്കുകയും ആരോഗ്യകരമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ്. അപ്രകാരം, ജീവൻ നല്കുന്ന സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം.

### 5. വിശ്വാസവും സുവിശേഷപ്രഘോഷണവും

*"അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു. അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തുവിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടുത്തു. അവൻ കല്പിച്ചു: യാത്രയ്ക്കു വടിയല്ലാതെ മറ്റൊന്നും -അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ- കരുതരുത്. ചെരിപ്പു ധരിക്കാം, രണ്ട് ഉടുപ്പുകൾ ധരിക്കരുത്; അവൻ തുടർന്നു: നിങ്ങൾ ഏതെങ്കിലും സ്ഥലത്ത് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അവിടംവിട്ടു പോരുന്നതുവരെ ആ വീട്ടിൽ താമസിക്കുവിൻ" (6,7-10).*

ഈശോയുടെ അത്ഭുതകരമായ ശക്തിയെയും ദൈവികമായ അധികാരത്തെയും ഈശോയിലുണ്ടായിരിക്കേണ്ട വിശ്വാസത്തെയും അവതരിപ്പിച്ചതിനു ശേഷം നസറത്തുകാരുടെ അവിശ്വാസത്തെയും തിരസ്ക്കരണത്തെയും പറ്റിയുള്ള വിവരണമാണ് മർക്കോസ് ചേർത്തിരിക്കുന്നത് (6,1-6). ഈശോയുടെ പ്രബോധനം ശ്രവിച്ച നസറത്തുകാരുടെ ആദ്യത്തെ പ്രതികരണം, അവിടുത്തെ അപൂർവ വിജ്ഞാനത്തെയും ശക്തമായ പ്രവർത്തനത്തെയുംപറ്റിയുള്ള ആശ്ചര്യവും പ്രശംസയുമായിരുന്നു. പക്ഷേ, തുടർന്ന് വിമർശനപരമായ ചോദ്യങ്ങളാണ് അവർ ഉന്നയിച്ചത്: ഇതെല്ലാം എവിടെനിന്ന്? വിജ്ഞാനത്തിന്റെ ഉറവിടം എവിടെയാണ്? അത്ഭുതപ്രവൃത്തികൾക്കുള്ള അധികാരവും ശക്തിയും ആരു നല്കി? അവന്റെ കുടുംബം നമ്മുടെ ഗ്രാമത്തിലെ സാധാരണ കുടുംബമല്ലേ? ഈശോയോടും കുടുംബത്തോടുമുള്ള അടുപ്പവും മുൻവിധികളും, അവിടുത്തെ യഥാർത്ഥ സ്വഭാവവും മഹിമയും കാണുന്നതിനു തടസ്സമായി. മാനുഷികമായ മുൻവിധികളും കാഴ്ചപ്പാടുകളും വിശ്വാസത്തിനു തടസ്സം സൃഷ്ടിക്കുമെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നുണ്ട്: "അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ച് അവൻ വിസ്മയിച്ചു" (6,6) എന്നാണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്. മാനുഷികമായ വിധികളെല്ലാം മാറ്റിവച്ച് വിശ്വാസത്തോടെ ഈശോയെയും, ഈശോയുടെ സുവിശേഷത്തെയും സ്വീകരിക്കാൻ തയ്യാറായെങ്കിൽമാത്രമേ യഥാർത്ഥ സുവിശേഷപ്രഘോഷകരാകുവാൻ നമുക്കു കഴിയുകയുള്ളു.

നസറത്തുകാരുടെ തിരസ്ക്കരണം അവതരിപ്പിച്ചതിനുശേഷം, താൻ വിളിച്ചു സ്വന്തമാക്കിയ പന്ത്രണ്ടുപേരെ അധികാരപൂർവം സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കുന്ന രംഗമാണ് അടുത്ത ഭാഗം (6,7-13). ഇതുവരെ ഈശോ മാത്രം അധികാരപൂർവം ചെയ്തിരുന്ന കാര്യങ്ങൾ ചെയ്യുവാനുള്ള ദൗത്യം ഈശോ അവർക്ക് ഏല്പിച്ചുകൊടുത്തു. പ്രേഷിതയാത്രയിൽ പാലിക്കേണ്ട ക്രമങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ഈശോ നല്കി. അവരുടെ ദൗത്യനിർവഹണത്തിനാവശ്യമായവയെല്ലാം, പ്രസംഗിക്കാനുള്ള സന്ദേശവും പ്രവർത്തിക്കാനുള്ള അധികാരവും നല്കിയാണ് ഈശോ അവരെ യാത്രയാക്കുന്നത്. അവ തികച്ചും മതിയാകും. മാനുഷികമായ സന്നാഹങ്ങളും സാമഗ്രികളും ബോധപൂർവം പരിത്യജിക്കണം. സുവിശേഷപ്രഘോഷണത്തിൽ ഈശോ പാലിച്ച അതേ ലാളിത്യം ശിഷ്യന്മാരും പുലർത്തണം. അവർ ആശ്രയിക്കേണ്ടത് ഒന്നാമതായി ദൈവപരിപാലനയിലും രണ്ടാമതായി അവർ ശുശ്രൂഷിക്കുന്ന ജനങ്ങളുടെ സൗഹൃദത്തിലും ആതിഥ്യത്തിലുമാണ്. ദൈവരാജ്യ സുവിശേഷപ്രഘോഷണത്തിനായി ലൗകികവ്യഗ്രതകളിൽനിന്നും പൂർണസ്വതന്ത്രരായി അവർ നീങ്ങണം. അവരുടെ സുരക്ഷിതത്വം ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കണം. ഈശോ ഏല്പിച്ച ദൗത്യത്തോടുള്ള സമ്പൂർണസമർപ്പണവും തികഞ്ഞ പ്രതിബദ്ധതയുമാണ് അവർക്കുണ്ടായിരിക്കേണ്ടത്. പുരോഹിതന്റെ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ് ഈ ഭാഗം എടുത്തുകാണിക്കുന്നത്.

### ജീവിതസൂചിക

1. എന്റെ അജപാലനശുശ്രൂഷയിൽ അടയാളങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ഇന്നത്തെ മനുഷ്യനെ അടിമപ്പെടുത്തിയിരിക്കുന്ന ലെഗിയോനിൽനിന്നും -അഹങ്കാരം, ദ്രവ്യാഗ്രഹം, ദുർമോഹം, വിദ്വേഷം തുടങ്ങിയവ- അവനെ വിമോചിപ്പിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
3. രോഗശാന്തിശുശ്രൂഷ എന്റെ പൗരോഹിത്യശുശ്രൂഷയുടെ അവശ്യഘടകമായി ഞാൻ കരുതുകയും അത് വേണ്ടവിധത്തിൽ നിർവഹിക്കുകയും ചെയ്യുന്നുണ്ടോ?
4. യഥാർത്ഥ ദൈവമനുഷ്യബന്ധങ്ങൾ കെട്ടിപ്പടുത്ത് മനുഷ്യർക്കു ജീവൻ നല്കുകയും അവരെ നിത്യജീവനിലേക്കു നയിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?
5. മാനുഷിക മുൻവിധികൾക്കതീതമായി ദൈവത്തിന്റെ ക്രമീകരണം തിരിച്ചറിഞ്ഞും ദൈവപരിപാലനയിൽ വിശ്വസിച്ചും വ്യഗ്രതകൾ ഒഴിവാക്കിയും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച്**

4 വിദേശയാത്ര കഴിഞ്ഞ് അഭിവന്ദ്യ പിതാവ് അതിരൂപതാ കേന്ദ്രത്തിൽ തിരിച്ചെത്തി. അതിരൂപതാ ബൈബിൾ കൺവൻഷന്റെ സമാപാനദിനത്തിലെ രണ്ടു സെഷനുകളിലും സന്ദേശം നൽകി.

5 പാറേൽപ്പള്ളിയിൽ നടന്ന വയോജന സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പുന്നപ്ര പറവൂർ തിരുക്കുടുംബ ദൈവാലയം കൂദാശ ചെയ്യുകയും പരി. കുർബാന അർപ്പിക്കുകയും  തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

6 കൂത്രപ്പള്ളി ഇടവകയിൽ ആലഞ്ചേരി ലിൻസ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി, കുടമാളൂർ പള്ളിയിൽ പോയി ബഹു. ജോസഫ് കരിമ്പാലിലച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് വടവാതൂർ സെമിനാരിയിൽ  പൗരസ്ത്യ വിദ്യാപീഠത്തിന്റെ പുതിയ പ്രസിഡന്റായി പാലാ രൂപതാംഗമായ ബഹു. ആൻഡ്രൂസ് മേക്കാട്ടുകുന്നേലച്ചനെ പ്രഖ്യാപിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

7 വൈശ്യംഭാഗം ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. തുടർന്ന് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

8 ചേർത്തല വളമംഗലം ഇടവകയിൽ അഭിവന്ദ്യ ജേക്കബ് മനത്തോടത്തു പിതാവിന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

9 സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ സംബന്ധിച്ചു.

10 ബൈബിൾ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

11 കുറിച്ചി മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ നടന്ന സംയുക്ത പാസ്റ്ററൽ & പ്രസ്ബിറ്ററൽ കൗൺസിൽ സുവർണ്ണജൂബിലി ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. കോട്ടയം ലൂർദ്ദ് പള്ളിയിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ച് രോഗികളായിരിക്കുന്നവരെ ഭവനത്തിലെത്തി സന്ദർശിച്ചു.

12 കോട്ടയം ലൂർദ്ദു ഫൊറോനാപ്പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

13 പുറക്കാട് ദൈവാലയത്തിൽ ബഹു. വർഗ്ഗീസ് വാണിയപ്പുരയ്ക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ എസ്.എച്ച്. സ്കൂളിന്റെ മാനേജിംഗ് ബോർഡിൽ പങ്കെടുത്തു.

14 മാമ്മൂട് DSFS മഠത്തിലെ പുതിയ ബലിപീഠം കൂദാശചെയ്തു. തുടർന്ന് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന Inter Eparchial Meet-ൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം വടവാതൂർ സെമിനാരിയിൽ നടന്ന, പൗരസ്ത്യ വിദ്യാപീഠം മുൻ പ്രസിഡന്റ് ബഹു. വിൻസെന്റ് ആലപ്പാട്ടച്ചന്റെ യാത്രയയപ്പു സമ്മേളനം ഉദ്ഘാടനം ചെയ്തു.

15 ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്ക് പ്രീസ്റ്റ് ഹോം സന്ദർശിക്കുകയും ബഹു. വൈദികരോടൊന്നിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. വൈകുന്നേരം പായിപ്പാട് ലൂർദ്ദു പള്ളിയിലെ പുതിയ അജപാലന മന്ദിരം ആശീർവദിച്ചു.

16 ചീരഞ്ചിറ ASMI ജനറലേറ്റിൽ പരി. കുർബാനയർപ്പിച്ചു. തുടർന്ന് മല്ലപ്പള്ളി സെന്റ് ഫിലോമിനാസ് യു.പി. സ്കൂളിന്റെ ശതാബ്ദി സമാപനം ഉദ്ഘാടനം ചെയ്തു. ഉച്ച കഴിഞ്ഞ് മീഡിയാ വില്ലേജിൽ നടന്ന അധ്യാപക സെമിനാറിൽ സന്ദേശം നൽകി.

17. അതിരൂപതാ കേന്ദ്രത്തിൽ നടന്ന Consultors Meeting - ൽ സംബന്ധിച്ചു. വൈകുന്നേരം നടന്ന സഞ്ജീവനി ചാരിറ്റബിൾ സൊസൈറ്റിയുടെ Managing Board ൽ പങ്കെടുത്തു.

18 സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. പിതാക്കന്മാരുടെ നാമഹേതുകത്തിരുനാളിനോടനുബന്ധിച്ച് അതിരൂപതാ ഭവനത്തിൽ നടത്തി ഉച്ചഭക്ഷണത്തിലേക്ക് എല്ലാവരേയും സ്വീകരിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം ഐക്കരച്ചിറപ്പള്ളിയുടെ ദ്വിശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു. വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടുബന്ധിച്ച് പാസ്റ്ററൽ സെന്റർ ചാപ്പലിൽ പരി. കുർബാനയർപ്പിച്ചു. പാറേൽ ഇടവക തോമ്പുന്നയിൽ മിനിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 ചെത്തിപ്പുഴ ആശ്രമത്തിലെ സർഗ്ഗക്ഷേത്രയുടെ പുതിയ മന്ദിരം ആശീർവ്വദിച്ചു.

20,21 വിജയപുരം ബിഷപ്സ് ഹൗസിൽ നടന്ന Regional Bishop's Recollection നിൽ സംബന്ധിച്ചു.

22 അതിരൂപതാ കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന KCBC വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

23 സന്ദർശകരെ സ്വീകരിച്ചു.

24 പാറേൽ JMLP സ്കൂളിന്റെ 101-ാമത് വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സന്യാസിനികൾക്കായി നടത്തപ്പെടുന്ന Ecclesia - യുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

25 രാവിലെ പാറേൽ പള്ളിയിൽ നമ്മുടെ അതിരൂപതയിലെ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനപട്ടം നൽകി. കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ, എം.ജി. യൂണിവേഴ്സിറ്റിയിലെ ഡോ. റോയി സി. മാത്യുവിന് നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്ലാസ്സിന് സമാപന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യാത്രയയപ്പ് സമ്മേളനത്തിൽ സന്ദേശം നൽകി.

വൈകുന്നേരം കുന്നന്താനം സെഹിയോനിൽ നടത്തപ്പെടുന്ന Ecclesia-യിൽ പങ്കെടുക്കുന്നതിനായി യാത്ര തിരിച്ചു.

27 B.Ed College മാനേജിംഗ് ബോർഡ് യോഗത്തിൽ പങ്കെടുത്തു.

വൈകുന്നേരം പ്രവാസി വിഭാഗത്തിലെ പ്രവർത്തകരുമായി സംസാരിച്ചു.

28 രാവിലെ കടുവാക്കുളം MCBS പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി, മാന്നാനത്ത് ബഹു. സിറിയക് കൊച്ചുപുര CMI അച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

അസംപ്ഷൻ കോളേജിൽ അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

മുട്ടാർ സ്കൂളിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നടത്തി.

ഉച്ചകഴിഞ്ഞ് പങ്ങടയിൽ പുതുകുളങ്ങര ബഹു. എബിയച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

മല്ലപ്പള്ളി കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

29 കിടങ്ങറ സ്നേഹതീരം വൃദ്ധസദനത്തിലെ പുതുതായി നിർമ്മിച്ച Dormitory വെഞ്ചരിച്ചു.

അരമനയിലെ സ്റ്റാഫിനായി നടത്തപ്പെട്ട അർദ്ധദിന ധ്യാനത്തിൽ സമാപനസന്ദേശം നൽകി.

ആശാഭവനിലെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

30 ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ SBHSS കവാടത്തിൽ നടത്തപ്പെട്ട മദ്യവിരുദ്ധ പ്രചാരണം ഉദ്ഘാടനം ചെയ്തു.

# മാർ ജോസഫ് പവ്വത്തിൽ

**മാർച്ച് 2017**

03 മാർച്ച് 3 വരെ വിയന്നയിൽ വച്ച് നടന്ന പ്രൊ- ഓറിയന്റ് മീറ്റിങ്ങിൽ പങ്കെടുത്ത് പേപ്പർ അവതരിപ്പിച്ചു.

06 ഉച്ചകഴിഞ്ഞ് കുടമാളൂർ ബഹു. കരിമ്പാലിലച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള കുർബാനയ്ക്ക് സന്ദേശം നൽകി.

11 രാവിലെ സന്ദേശനിലയത്തിൽ വച്ച് നടന്ന പാസ്റ്ററൽ- പ്രസ്ബിറ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

15 പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

16 M.L.F. ജനറലേറ്റ് സന്ദർശിച്ച് സന്ദേശം നൽകി.

21 വിജയപുരം ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ബിഷപ്സ് റിക്കളക്ഷനിൽ പങ്കെടുത്തു.

24 ഉച്ചകഴിഞ്ഞ് പാറേൽ ജെ. എം. L.P സ്കൂളിന്റെ 101-ാം വാർഷികത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

വൈകിട്ട് മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി.

25 രാവിലെ പാറേൽ പള്ളിയിൽ വച്ച് ഡീക്കൻ പട്ടം നൽകി.

സന്ദേശനിലയത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെമിനാർ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് സന്ദേശനിലയത്തിൽ ടീച്ചേഴ്സിന്റെ റിട്ടയർമെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

26 രാവിലെ കുന്നന്താനത്ത് സിസ്റ്റേഴ്സിന്റെ എക്ളേസിയാ യിൽ പങ്കെടുത്ത് ക്ലാസെടുത്തു.

27 രാവിലെ പങ്ങടയിൽ ബഹു. എബി പുതുകുളങ്ങര അച്ചന്റെ പിതാവിനായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28 രാവിലെ ചങ്ങനാശ്ശേരി പുവർ ഹോമിൽ സി.സോഫിയാ F.C.C ക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# ENGAGEMENTS

# 2017 APRIL

**Mar Joseph Perumthottam**
**Metropolitan Archbishop of Changanacherry**

1 Media persons' meeting @Kottayam Lourdes.
Pravasi Parents Meet @Athirampuzha
Pastoral Visit @Pazhavangady
2 Pastoral Visit @Pazhavangady
3 Qurbana @Minor seminary, Vocation Camp (Boys)
4 Viswasolsavam @Karimbanakulam
5 Engaged
6 Viswasolsavam @Assumption Sunday School Interdepartment meet
7 Chunkappaara Karuvallikkadu Pilgrimage
8 *Madbaha* & *Kalkurisu* blessing @ Cathedral, Visitors day
Parish Hall Blessing @Nedumudy Nazereth
9 Palm Sunday
11 Vocation Seminar (girls) @Sandesanilayam,
Confession @Parel
12 Confession @Cathedral
13 Maundy Thursday
14 Passion Friday
15 Engaged
16 Easter
17 CMC Convent - Jubilee Inauguration ceremony, @ Changanacherry
Qurbana; Sacraments of initiation @ Chennamkary
18 Presbyterium
19 SABS Sisters' - Golden Jubilee @ Vazhappally
Corporate Management Non teaching staff seminar
20 FCC Sisters Jubilee Celebration @ St Anne's
Festal Qurbana & Homily @Vithura
21 Sacraments of Initiation @Ayarkunnam,
Annual Celebration of KCBC Madhya Virudha Samithi @Bharananganam
22 SABS Vestition @Koothrappally,
*Palliqudhassa* @ Manalady
23 Episcopal Ordination of Rev. Fr. Thomas Tharayil, Auxiliary Bishop Designate @ Cathedral
24 Marriage @ Koothrappally; Sacraments of initiation @Kurumpanadom, Sneholsavam inauguraiton @Champakulam

25 Priestly Ordination of Dn Antony Paravettiyel @Cherpunkal;
Liturgy Meeting @Kakknadu

26 Liturgy Meeting @Kakknadu
Bible Convention inauguration @Allepey;

27 EPOC Programme @SBHSS; Marriage @Nedungadappally, Palliqudhassa @Kavalam Lisieux

28 Festal Message @Kurumpanadom, Qurbana @Pastoral Centre -CML camp,
AKCC Meet inauguration @Kottayam; Reception to Mar Thomas Tharayil @Trivandrum.

29 vestition to Rev. Brothers @Champakulam; Message to Civil Service Students @Assumption College;
CMC Sisters Jubilee @Carmel Mount

30 *Palliqudhasa @ Kukkad,* Hyderabad

## 2017 APRIL

## ENGAGEMENTS

**Mar Joseph Powathil**
**Archbishop Emeritus**

IN TRUTH AND CHARITY

01 am Media persons' meeting @Kottayam Lourdes.

02 am Vocation Camp @Kurichy

04 am Interview @Radio Media Village

09 am Palm Sunday @Thottakkadu, St.George

16 am Easter *Qurbana* @Parel, St.Mary's

18 am Presbyterium

21 am Kalkurisu Blessing @Manalady St. Mary's

23 am Parish Feast @Muttar New

26 am Yearly Retreat-Message @MLF Kurichy

27 pm Palliqudhassa, *Kalkurisu blessing* @Kavalam Lisieux

28 am IAS Coaching Inauguration @Assumption College
pm A.K.C.C meeting @MammanMappila Hall, Kottayam

29 pm Seminarians' Work Camp concluding meeting @Champakulam:

30 am Parish Feast @Kurumpanadom, St. Antony's